بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 5

ലക്കം 36

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 സെപ്റ്റംബർ 03/ഹി.ശം. 1399 തബൂക് 03/1442 മുഹർറം 14


## അല്ലാഹുവിന്റെ വചനം

اَلَمۡ تَرَ اِلَی الَّذِیۡنَ یُزَکُّوۡنَ اَنۡفُسَہُمۡ ؕ بَلِ اللّٰہُ یُزَکِّیۡ مَنۡ یَّشَآءُ وَلَا یُظۡلَمُوۡنَ فَتِیۡلًا ○

(النساء:50)

'സ്വയം പരിശുദ്ധരായി ചമയുന്നവരെ നീ കണ്ടില്ലേ? (അവർക്ക് അതിന് അവകാശമില്ല).പ്രത്യുത അല്ലാഹു അവനുദ്ദേശിക്കുന്നവരെ പരിശുദ്ധരാക്കുന്നു. അവരോടു തരിമ്പും അനീതി ചെയ്യപ്പെടുന്നതുമല്ല.'(4:50)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ ഉപദേശം

### സുബ്ഹി-ഇശാ നമസ്കാരങ്ങളുടെ ശ്രേഷ്ഠത

☼ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'കപടവിശ്വാസികൾക്ക് ഇശാ നമസ്കാരത്തേക്കാളും സുബ്ഹി നമസ്കാരത്തേക്കാളും ഭാരിച്ചൊരു നമസ്കാരമേയില്ല. ആ രണ്ട് നമസ്കാരത്തിലുമടങ്ങിയ പുണ്യം അവർ ഗ്രഹിച്ചിരുന്നെങ്കിൽ മുട്ടുകുത്തി നടന്നിട്ടാണെങ്കിലും അവരതിൽ ഹാജരാകുമായിരുന്നു. ഞാൻ മനസ്സിൽ വിചാരിച്ചു. നമസ്കാരത്തിന് ഇഖാമത്തിന്റെ തക്ബീർ കൊടുക്കാൻ മുഅദ്ദിനോടു പറയുക. പിന്നീട് ഞാൻ ഒരാളോടു നമസ്കരിപ്പിക്കാൻ പറയുക. പിന്നീട് ഞാൻ ചൂട്ടെടുക്കുകയും നമസ്കാരത്തിന് ഇതുവരെ പുറപ്പെട്ടിട്ടില്ലാത്തവരുടെ വീടുകൾക്ക് തീവെക്കുകയും ചെയ്യുക." (സ്വഹീഹ് ബുഖാരി, ബാബുൽ ഫള്ലിൽ യിശാഇ ഫിൽജമാഅത്തി)

☼ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങളിൽ ഒരാൾ മുസ്വല്ലയിൽ ഇരിക്കുവോളം മലക്കുകൾ അയാളുടെ കാരുണ്യത്തിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നതാണ്; വുളുവിൽ ആയിരിക്കണമെന്നുമാത്രം. മലക്കുകൾ പറയും, അല്ലാഹുവേ, അയാൾക്ക് മാപ്പു കൊടുത്താലും. അല്ലാഹുവേ അയാളിൽ കരുണചൊരിഞ്ഞാലും. നിങ്ങളിൽ ഒരാൾ നമസ്കാരത്തിൽതന്നെയാകുമ്പോൾ നമസ്കാരം കാരണത്താൽ അയാൾ അവിടെ ഇരിക്കുന്നു. നമസ്കാരമല്ലാതെ മറ്റൊന്നും അയാളെ കുടുംബത്തിലേക്ക് പോകുന്നതിൽ നിന്ന് തടഞ്ഞില്ല.' (സ്വഹീഹ് ബുഖാരി, ബാബു മൻ ജലസ ഫിൽമസ്ജിദി യൻതളിറുൽ സ്വലാത്തി വഫള്ലിൽമസാജിദ്)

**മനുഷ്യന്റെ ഖൽബും ഹജ്റ അസ്വദുപോലെയാണ്.**
**അവന്റെ ഖൽബ് ബയ്ത്തുല്ലായുമായി സാമ്യം ഉൾക്കൊള്ളുന്നു.**
**മക്ക മുഅ്ള്മ ബിംബങ്ങളിൽനിന്ന് മുക്തമായത് നമ്മുടെ നബി(സ)തിരുമേനി പതിനായിരം വിശുദ്ധന്മാരായ സംഘത്തോടൊപ്പം അവിടെ ചെന്നപ്പോഴാണ്.**
**അല്ലാഹുവിനെ കൂടാതെയുള്ള അന്യദൈവങ്ങളെ പരാജയപ്പെടുത്തുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും അതുപോലെതന്നെ (ആത്മീയ) ആക്രമണം നടത്തുക എന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഇക്കാര്യം ഹൃദയസാന്നിധ്യത്തോടെ ഓർമിച്ചുകൊള്ളുക. ബയ്ത്തുല്ലായിൽ ഹജ്റ് അസ്വദ് കിടക്കുന്നതുപോലെയാണ അഖൽബ് നെഞ്ചിൽ കിടക്കുന്നത്. അവിശ്വാസികൾ ബിംബം വെച്ചിരുന്ന ഒരു കാലം ബയ്ത്തുല്ലായിൽ വന്നിട്ടുണ്ടായിരുന്നു. ബയ്ത്തുല്ലായിൽ ഇക്കാലം വരാതിരിക്കാൻ സാധ്യതയുണ്ടായിരുന്നെങ്കിലും അതു വന്നു. അല്ലാഹു അതിനെ ഒരു ഉദാഹരണമെന്നനിലയിൽവച്ചു. മനുഷ്യന്റെ ഖൽബും ഹജ്റ അസ്വദു പോലെയാണ്. അവന്റെ ഖൽബ് ബയ്ത്തുല്ലായുമായി സാമ്യം ഉൾക്കൊള്ളുന്നു. അല്ലാഹുവിനെ കൂടാതെയുള്ള ചിന്താഗതികൾ, ആ കഅ്ബയിൽ വെക്കപ്പെട്ട ബിംബമാണ്. മക്ക മുഅ്ള്മ ബിംബങ്ങളിൽനിന്ന് മുക്തമായത് നമ്മുടെ നബി(സ)തിരുമേനി പതിനായിരം വിശുദ്ധന്മാരായ സംഘത്തോടൊപ്പം അവിടെ ചെല്ലുകയും മക്ക വിജയം ഉണ്ടാകുകയും ചെയ്തപ്പോഴാണ്. ആ പതിനായിരം സ്വഹാബിമാരെ മുൻ വേദഗ്രന്ഥങ്ങളിൽ മലക്കുകൾ എന്ന് എഴുതിയിരിക്കുന്നു. യഥാർഥത്തിൽ അവരുടെ മഹിമാവിലാസം മലക്കുകളെപ്പോലെതന്നെയായിരുന്നു. മാനുഷികമായ കഴിവുകളും ഒരുതരത്തിൽ മലക്കുകളുടെതന്നെ സ്ഥാനമുൾക്കൊള്ളുന്നു. മലക്കുകളുടെ തേജോവിലാസം **യഫ്അലൂന മാ യുഅ്മറൂൻ** എന്നതാണ് (16:51). ഇതേപോലെ മനുഷ്യകഴിവുകളുടെ പ്രത്യേകതയാണ്, ഏതൊരു കല്പന അതിന് നല്കപ്പെട്ടാലും അത് നടപ്പിൽവരുത്തുന്നു എന്നത്. അപ്രകാരംതന്നെ എല്ലാ കഴിവുകളും അവയവങ്ങളും മനുഷ്യകല്പനയ്ക്ക് വിധേയമാണ്. അതിനാൽ അല്ലാഹുവിനെ കൂടാതെയുള്ള അന്യദൈവങ്ങളെ പരാജയപ്പെടുത്തുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും അതുപോലെതന്നെ (ആത്മീയ) ആക്രമണംനടത്തുക എന്നതാണ്. ഈ സൈന്യം ആത്മീയശുദ്ധീകരണത്തിലൂടെയാണ് തയ്യാറാക്കപ്പെടുന്നത്. മനസ്സിനെ ശുദ്ധീകരിക്കുന്നവർക്കാണ് വിജയം നല്കപ്പെടുന്നത്. വിശുദ്ധഖുർആൻ പറയുന്നു: **ഖദ് അഫ്ലഹ മൻ സക്കാഹാ** (91:10). ഹദീഥിൽ വന്നിരിക്കുന്നു, ഖൽബിന്റെ സംസ്കരണം നടന്നാൽ മുഴുവൻ ശരീരത്തിന്റേയും സംസ്കരണം നടക്കുന്നതാണ്. കണ്ണ്, ചെവി, കൈ, കാല്, നാവ് തുടങ്ങിയ എത്രത്തോളം അവയവങ്ങളുണ്ടോ അവയെല്ലാം യഥാർഥത്തിൽ ഖൽബിന്റെ ഫത്വ മുഖേനയാണ് പ്രവൃത്തിക്കുന്നതെന്നത് എത്ര സത്യമായ കാര്യമാണ്. ഒരു വിചാരമുണ്ടാകുന്നു, അത് ഏതു അവയവത്തെ സംബന്ധിച്ചാണോ ഉടനെ ആ അവയവം നടപ്പിൽ വരുത്തുവാൻ തയ്യാറാകുന്നു." (മൽഫൂദാത്ത്, വാള്യം 1, പേജ് 172, ഖാദിയാൻ 2018)

## ഏതെങ്കിലും മുസ്ലിമിന് ഖബ്റിന്മേൽ സുജൂദ് ചെയ്യാൻ കഴിയുമോ? എന്ന കാര്യത്തിൽ എപ്പോഴും എനിക്ക് അത്ഭുതം തോന്നാറുണ്ട്,

"**വഇദ് അഖദ്നാ മീഥാഖ ബനീ ഇസ്റാഈല ലാതഅ്ബുദൂന ഇല്ലല്ലാഹ്** എന്ന 2-ാം അധ്യായം 84-ാം വചനത്തിലെഴുതിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

'ഇങ്ങനെ കല്പനകളുണ്ടായിട്ടും യഹൂദികൾ അവ വകവെച്ചില്ല. സ്വന്തക്കാരോടും അന്യരോടുമുള്ള അവരുടെ പെരുമാറ്റം മോശപ്പെട്ടുവരികയായിരുന്നു. എത്രത്തോളമെന്നാൽ അവരിൽ ചിലർ ഹദ്റത്ത് ഉബയ്റിനെ ദൈവപുത്രൻ എന്ന് പറയാൻ തുടങ്ങി. യമനിന്റെ ഭാഗത്തു താമസിച്ചിരുന്ന യുഹൂദികളുടെ 'സ്വദൂഖികക്ഷി' ഈ അന്യാരാധനയിൽ അകപ്പെട്ടുകഴിഞ്ഞിരുന്നു. ചിലർ തങ്ങളുടെ ഉലമാഇന്റെ എല്ലാ ഓരോ കല്പനയേയും ദൈവിക വെളിപാടെന്ന നിലയിൽ വിശ്വസിക്കുകയും തങ്ങളുടെ മതഗ്രന്ഥങ്ങളിലെ കല്പനകളെ പിൻപുറം തള്ളിക്കളയുകയും ചെയ്തിരുന്നു. അനാഥരോടും മിസ്കീൻമാരോടുമുള്ള അവരുടെ പെരുമാറ്റം അങ്ങേയറ്റം മോശമായിരുന്നു. മനുഷ്യകുലത്തോടുള്ള സഹതാപം അവരുടെ ഉള്ളിൽ പേരിനുപോലും ഉണ്ടായിരുന്നില്ല. ആരാധനകളിൽ അലസതയും സക്കാത്ത് കൊടുക്കുന്നതിൽ കർത്തവ്യ വൈമുഖ്യം കാണിക്കുകയും ചെയ്തിരുന്നു; ഇക്കാലത്തെ മുസ്ലീമീങ്ങൾ ചെയ്യുന്നതുപോലെ. അവർ ഒരു ഭാഗത്ത് തങ്ങളെ മുസ്ലിം എന്നു പറയുകയും മറുഭാഗത്ത് യഹൂദികളെ സംബന്ധിച്ച് അല്ലാഹു പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും അവരിൽ കാണുകയും ചെയ്യുന്നു. യഹൂദികളിൽനിന്ന് അല്ലാഹുവിനെക്കൂടാതെ ഒന്നിനേയും ആരാധിക്കുകയില്ലെന്ന് ഉടമ്പടി വാങ്ങിയിരുന്നു. പക്ഷേ, മുസ്ലിമീങ്ങളുടെമേൽ അല്ലാഹു എത്ര മാത്രം അനുഗ്രഹം ചെയ്തുവെന്നാൽ, ഇസ്ലാമിന്റെ അടിത്തറതന്നെ അവൻ ലാഇലാഹ ഇല്ലല്ലായിൽ വെച്ചു. അതായത് അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ സർവശക്തനാണ്. അവന് എല്ലാ ജോലിയും സ്വയം ചെയ്യാൻ കഴിയും. അവന് ആരുടേയും സഹായം ഒരിക്കലും ആവശ്യമില്ല. എന്നാൽ, ഇങ്ങനെയൊക്കെയായിട്ടും, ഇസ്ലാമിന്റെ അടിത്തറ ലാഇലാഹ ഇല്ലല്ലായിൽ വെച്ചിട്ടും ഇന്ന് മുസ്ലിമീങ്ങളിൽ എത്രമാത്രം അന്യാരാധന കാണുന്നുവെന്നാൽ, മറ്റു ജനതകളിൽ ഇവരെ അപേക്ഷിച്ച് അത് വളരെ കുറവാണ്. മുസ്ലിമീങ്ങൾ ഒരുവിധ മറയുമില്ലാതെ ദൈവത്തിന്റെ മുമ്പിൽ സുജൂദ് ചെയ്യുന്നതുപോലെ ഖബ്റുകളിന്മേൽ സുജൂദ് ചെയ്യുന്നു. അതിൽ അല്പംപോലും

(ശേഷം പേജ് 12ൽ)

### ഈ ലക്കത്തിൽ


ഖുത്വ്ബ ജുമുഅ 2020 ജൂലായ് 24 (സമ്പൂർണ തർജമ)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُولُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഉ**

ആത്മാക്കളും ശരീരങ്ങളും സ്വയംഭൂവും പണ്ടുപണ്ടേയുള്ളതുമാണെന്നാണ് ആര്യസമാജക്കാരുടെ വിശ്വാസം. അല്ലാഹു അവയുടെ സ്രഷ്ടാവല്ലത്രെ! അല്ലാഹുവിന്റെ ജോലി, ആത്മാക്കളേയും ശരീരങ്ങളേയും കൂട്ടിയോജിപ്പിക്കുക എന്നതു മാത്രമാണ്! ഈ വിശ്വാസം അല്ലാഹുവിന്റെ ഏകത്വത്തിനും അവന്റെ അന്തസ്സിനും അവന്റെ മഹത്ത്വത്തിനും അവൻ ആദ്യന്തരഹിതനാണെന്നതിനും അതുല്യനാണെന്നതിനുമെതിരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വിശ്വാസത്തെ പൂർണ ആവേശത്തോടും പൂർണശക്തിയോടും പൂർണമായ തെളിവുകളോടും കൂടി നിരർഥമാണെന്ന് സ്ഥാപിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു ആത്മാക്കളുടേയും ശരീരങ്ങളുടേയും സ്രഷ്ടാവല്ലെങ്കിൽ അവൻ അതിന്റെ ഉടമയും ആകുകയില്ല. അല്ലാഹു ആത്മാക്കളേയും ശരീരങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ജോലി മാത്രമാണ് ചെയ്യുന്നതെങ്കിൽ അവന്റെ നില കേവലം കല്ലാശാരിയുടേതാണ്; അതിനെക്കാളുപരി ഒന്നുമില്ല. ഇനി ആത്മാക്കളും ശരീരങ്ങളും സ്വയംഭൂവാണെങ്കിൽ അവയും ദൈവത്തെപോലെയായിത്തീർന്നു; അവനും സ്വയംഭൂവാണ്. അല്ലാഹു ആത്മാക്കളുടേയും ശരീരങ്ങളുടേയും സ്രഷ്ടാവല്ലെങ്കിൽ അവന് ആത്മാക്കളുടേയും ശരീരങ്ങളുടേയും വിശേഷഗുണങ്ങളെക്കുറിച്ചും പൂർണമായ അറിവുണ്ടാകുകയില്ല. കാരണം സ്രഷ്ടാവിന് താൻ ഉണ്ടാക്കിയിട്ടുള്ള വസ്തുവിന്റെ പ്രത്യേകതകളേയും വിശേഷങ്ങളേയും കുറിച്ച് പൂർണമായ അറിവുണ്ടാകുന്നു; പക്ഷേ, സ്രഷ്ടാവല്ലാത്തവർക്ക് അതുണ്ടാകുകയില്ല. അല്ലാഹു ആത്മാക്കളുടേയും ശരീരങ്ങളുടേയും സ്രഷ്ടാവല്ലെങ്കിൽപ്പിന്നെ ആത്മാക്കളുടേയും ശരീരങ്ങളുടേയും മേലുള്ള അവന്റെ കൈയേറ്റവും അന്യായവും അനീതിയുമാണ്. ഇങ്ങനെ വരുമ്പോൾ ആര്യസമാജക്കാരുടെ പരമേശ്വരന്റെ ഉദാഹരണം ബലാൽക്കാരമായി രാജ്യത്തെ കീഴടക്കിയ ഒരു രാജാവിനെപോലെയായിരിക്കും. ഇനി അല്ലാഹു ആത്മാക്കളുടേയും ശരീരങ്ങളുടേയും സ്രഷ്ടാവും ഉടമയുമല്ലെങ്കിൽ എന്തു ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ അവയെ ആയിരക്കണക്കിന് ലക്ഷക്കണക്കിന് പുനർജന്മാത്മക്കളുടെ ശിക്ഷ നല്കുന്നത്? അല്ലാഹു എന്തുകൊണ്ട് അവന് അനശ്വരമായ മോക്ഷം നല്കുന്നില്ല? അതിനു കാരണമിതാണ്; ആര്യസമാജക്കാരുടെ പരമേശ്വരൻ ആത്മാക്കൾക്ക് അനശ്വരമായ മോക്ഷം നല്കിയാൽ എല്ലാ ആത്മാക്കളും മോക്ഷം പ്രാപിക്കുന്ന ഒരു സമയം വരും. ഇപ്രകാരം പരമേശ്വരന്റെ കൈയിൽ ഒരു ആത്മാവുപോലും അവശേഷിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ആര്യസമാജക്കാർ പറഞ്ഞിട്ടുള്ളതുപോലെ പരമേശ്വരന് ഒരു ആത്മാവിനേയും സൃഷ്ടിക്കാൻ കഴിവില്ല. ഇപ്രകാരം സകല ആത്മാക്കളും മോക്ഷം പ്രാപിച്ചാൽ അവൻ പാപ്പരായിത്തീരും. അവന്റെ പരമേശ്വര ഭരണം അവസാനിക്കുന്നതായിരിക്കും. അതുകൊണ്ടാണ് ആര്യസമാജക്കാരുടെ പരമേശ്വരൻ ഇങ്ങനെ തന്ത്രം പ്രയോഗിക്കുന്നത്. അവൻ ആത്മാക്കളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുമ്പോൾ, എല്ലാ ഓരോ ആത്മാവിന്റേയും ഏതെങ്കിലുമൊരു പാപം ഒളിപ്പിച്ചു തന്റെയടുത്തു സൂക്ഷിച്ചു വെക്കുന്നു. പിന്നീട് ആ പാപത്തിന്റെ ഫലമായി അവൻ അവനെ സ്വർഗത്തിൽനിന്നെടുത്ത് വീണ്ടും ലോകത്തിൽ അയക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ആക്ഷേപങ്ങളുടെമേൽ മാസ്റ്റർ മുരളീധർ സാഹിബ് എഴുതി: 'അതിനുള്ള മറുപടി ഇതാണ്. അത്തരം കാര്യങ്ങൾ ജനങ്ങൾ പറയാറുണ്ട്. അവർക്ക് ആത്മാവിന്റെ അവസ്ഥയെക്കുറിച്ചോ ശരീരത്തിന്റെ അവസ്ഥയെക്കുറിച്ചോ അതെന്താണെന്ന് അറിയുകയില്ല.' (സുറമ ചശ്മയെ ആര്യ, റൂഹാനീ ഖസാഇൻ, വാള്യം 2, പേജ് 162) അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: 'വാഹ്!! എത്ര നല്ല മറുപടി. മാസ്റ്റർ സാഹിബ് ഏതെങ്കിലും കോടതിയിലെ ജഡ്ജിയായിരുന്നെങ്കിൽ വളരെ ശോഭയാർന്ന വിധി എഴുതുമായിരുന്നു.' (Ibid പേജ് 162)

അവിടന്ന് പറഞ്ഞു:"അജ്ഞരായവരേ! ഗ്രഹിക്കാൻ കഴിവില്ലാത്തവരേ! ദൈവത്തിന്റെ പൂർണവും തികവുറ്റതുമായ ശ്രേഷ്ഠത ഏതു കാര്യത്തിലാണ്? തന്റെ ശക്തിപ്രഭാവംകൊണ്ട് ഒന്നും ചെയ്യാൻ കഴിയാത്തതിലാണോ? അവന്റെ ദൈവത്വം മറ്റുള്ളവരുടെ സഹായത്താൽ നടക്കുന്നതിലാണോ? അല്ലെങ്കിൽ അവൻ എല്ലാം ചെയ്യുന്നതിലാണോ? അവന്റെ ദൈവത്വം അവന്റെതന്നെ അറ്റമില്ലാത്ത കഴിവുകളിൽ നടക്കുന്നതിലാണോ? തനിച്ചിരുന്ന് അല്പം ചിന്തിക്കുക." (Ibid പേജ് 163)

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹു സ്രഷ്ടാവും ഉടമസ്ഥനും സർവശക്തനുമാണെന്നതിനെ സംബന്ധിച്ച് സാഹതീയവും പ്രൗഢഗംഭീരവുമായ ഒരു പ്രസംഗം ചെയ്തു. അങ്ങനെ ആത്മാക്കൾ നശിച്ചുപോകുന്നതും സൃഷ്ടിയാണെന്നുമുള്ളതും സ്ഥാപിച്ചു. ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുപോലെ മാസ്റ്റർ മുരളീധർ സാഹിബിന് സംവാദത്തിൽ മുഴുവൻ അടിസ്ഥാനരഹിതവും നിരർഥവുമായ ആക്ഷേപം ഉന്നയിക്കുകയല്ലാതെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ജ്ഞാനപരവും വിജ്ഞാനപരവുമായ ഒരു കാര്യവും സംസാരിച്ചതുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആക്ഷേപങ്ങൾക്ക് മറുപടിയും പറഞ്ഞില്ല. അതായത് തന്റെ മതത്തിന്റേയും വിശ്വാസത്തിന്റേയും മേലുണ്ടാകുന്ന ആക്ഷേപങ്ങളെ അല്പംപോലും പ്രതിരോധിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനനിർഭരമായ പ്രസംഗത്തിനെതിരിൽ അയാൾ അടിസ്ഥാനരഹിതമായ ആക്ഷേപം ഉന്നയിച്ച് ജീവൻ രക്ഷിക്കുകയാണ് ചെയ്തത്. അദ്ദേഹം എഴുതി:

'മിർസാ സാഹിബിന്റേയും ഇസ്‌ലാംമതക്കാരുടേയും വിശ്വാസം, ഖുർആനിൽ വന്നിട്ടുള്ളത് ഇങ്ങനെയാണ്. നബി(സ)തിരുമേനിയോടു ആളുകൾ ചോദിച്ചു. ആത്മാവ് എന്താണ്? അപ്പോൾ അദ്ദേഹത്തിന് ഒന്നും പറയാൻ കഴിഞ്ഞില്ല. ആ സമയത്ത് ആയത്തിറങ്ങി. മുഹമ്മദേ! പറയുക ആത്മാവ് എന്റെ നാഥന്റെ ആജ്ഞാനുസരണമുള്ളതാണ്. അതുകൊണ്ട് മുസ്‌ലിമീങ്ങൾ എന്തായിരിക്കും മനസ്സിലാക്കിയിട്ടുണ്ടാകുക? ദൈവം അവന്റെ മാർഗദർശിയിലും ആത്മാവിന്റെ അവസ്ഥ പ്രകടിപ്പിച്ചില്ല. ദൈവത്തിന്റെ മറുപടിയും എത്ര മനോഹരമാണ്! അതായത് ആത്മാവ് എന്റെ നാഥന്റെ ആജ്ഞാനുസരണമുള്ളതാണത്രെ! അപ്പോൾ മറ്റു വസ്തുക്കൾ ആജ്ഞാനുസരണമുള്ളതല്ലേ?(Ibid പേജ് 171)

ലാലാ സാഹിബ് സൂചിപ്പിച്ച ആയത്ത് ഇതാണ്. *വയസ്അലൂനക്ക അനിർറൂഹി. ഖുലിർറൂഹു മിൻ അംരി റബ്ബീ വമാ ഊത്തീത്തും മിനൽഇൽമി ഇല്ലാ ഖലീലാ*(17:86) അല്ലാഹു നബി(സ) തിരുമേനിയോടു പറയുന്നു. 'അവർ നിന്നോട് ആത്മാവിനെ സംബന്ധിച്ച് ചോദിക്കുന്നു. നീ (അവരോട്) പറയുക, (അതായത്) ആത്മാവ് എന്റെ നാഥന്റെ ആജ്ഞാനുസരണം(ഉണ്ടായിട്ടുള്ളതാണ്). നിങ്ങൾക്ക്(അതിനെ സംബന്ധിച്ച്) അറിവിൽനിന്ന് കുറച്ചു(ഭാഗം) മാത്രമെ നല്കപ്പെട്ടിട്ടുള്ളു.' ഇതിൽ അറിവ് കുറഞ്ഞവർ എന്ന സംബോധന കുഫ്ഫാർ (അവിശ്വാസി) ആണ്. നബി(സ) തിരുമേനി അല്ല. മാസ്റ്റർ മുരളീധർ സാഹിബിന്റെ ഈ ആക്ഷേപത്തിനുള്ള മറുപടിയിൽ ഹ്ദറത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

ഈ നേരത്ത് മാസ്റ്റർ സാഹിബിന്റെ വിശേഷബുദ്ധിയും തിടുക്കവും സങ്കല്പിക്കുമ്പോൾ എനിക്ക് ഒരു കഥ ഓർമവരുന്നു. ജനമധ്യത്തിൽ ഇറങ്ങാതെ എപ്പോഴും ഒളിഞ്ഞിരിക്കുന്ന ഒരാൾ ഏതോ ഒരു നഗരത്തിൽ വസിച്ചിരുന്നു. അയാളുടെ നിശബ്ദമായ ജീവിതത്തിൽ ആളുകൾ സംശയത്തിലായി, ഇയാൾ ഏതെങ്കിലും ഒരു പണ്ഡിതനോ ബുദ്ധിമാനോ ആയിരിക്കുമെന്ന് വിചാരിച്ച് വലിയൊരു സംഘം അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജരാകാൻ തുടങ്ങി. ഒരു ദിവസം അയാൾ ചിന്തിച്ചു, എനിക്ക് എന്റെ ബുദ്ധിവൈഭവം പ്രകടിപ്പിക്കുന്നതിന് എന്തെങ്കിലും സംസാരിക്കണം. അങ്ങനെ അയാൾ രണ്ടുമൂന്ന് കാര്യം പറഞ്ഞപ്പോൾത്തന്നെ എല്ലാവരും മനസ്സിലാക്കി, ഈ നഗരത്തിൽ വേറെ ഏതെങ്കിലും അജ്ഞരുണ്ടെങ്കിൽ ഇയാളെക്കാൾ ഒരിക്കലും ഉയർന്നവരായിരിക്കുകയില്ല. അപ്പോൾ അയാളുടെ ചുറ്റും നിന്നവർ ഓടിപ്പോയി. ആ സംഘം മുഴുവൻ വിഘടിച്ചുപോയി. അയാൾ തനിച്ചിരുന്ന് ഒരുപാട് ദുഃഖിച്ചു. വളരെ വിഷമത്തോടെ ഒരു രാത്രി കഴിച്ചുകൂട്ടി; നേരം വെളുത്തുടനെ ആ നഗരത്തിൽനിന്ന് എവിടേക്കോ പോയ്ക്കളഞ്ഞു, പോകുമ്പോൾ ഒരു ഭിത്തിയിൽ എഴുതി. 'ഞാൻ ആദ്യമേതന്നെ എന്റെ രൂപം കണ്ണാടിയിൽ നോക്കിയിരുന്നെങ്കിൽ, അജ്ഞതകൊണ്ട് എന്റെ മറ നീക്കുമായിരുന്നില്ല.' (Ibid പേജ് 175).

(ശേഷം പേജ് 10ൽ)

## അല്ലാഹുവിന്റെ വചനം

*"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് ആ ബദ്‌വികൾ പറയുന്നു. പറയുക, നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ, ഞങ്ങൾ മുസ്‌ലിമായിരിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങളുടെ ഹൃദയങ്ങളിൽ ഇതേവരെ സത്യവിശ്വാസം കടന്നിട്ടില്ല. നിങ്ങൾ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുന്നതായാൽ നിങ്ങളുടെ കർമങ്ങളിൽനിന്നൊന്നും അവൻ നിങ്ങൾക്ക് കുറച്ചു കളയുകയില്ല. തീർച്ചയായും അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു."(49:15)*

ത്വാലിബെ ദുആ
K.Muhammad Shareef &Family, Ahmadiyya Jama-ath Vaniyambalam, Kerala

## ഖുത്ബ ജുമുഅ

നബി(സ)തിരുമേനി ഹദ്‌റത്ത് സഅ്ദിനോടു ഉഹുദ് യുദ്ധാവസരത്തിൽ പറഞ്ഞു:'എന്റെ മാതാപിതാക്കൾ നിങ്ങൾക്കു വേണ്ടി ബലിയാണ്. താങ്കൾ നിരന്തരം അമ്പെയ്തു കൊണ്ടിരിക്കുക. കരുത്തനായ യുവാവേ! അമ്പെയ്തുകൊണ്ടേ പോകുക.

ഇസ്‌ലാമിന്റെ ആരംഭകാലത്ത് വിശ്വസിക്കുകയും മക്ക കാലഘട്ടത്തിൽ ബുദ്ധിമുട്ടുകൾ സഹിക്കുകയും നബി(സ)തിരുമേനിയ്ക്ക് കാവൽനില്ക്കാൻ സൗഭാഗ്യം ലഭിക്കുകയും ഇസ്‌ലാം മതത്തിന്റേയും ഖിലാഫത്തിന്റേയും അഭിമാനം ഉൾക്കൊള്ളുകയും ദുആകൾ സ്വീകരിപ്പെടുകയും ചെയ്ത ഇസ്‌ലാമിന്റെ കുതിരപ്പടയാളിയും ഇറാഖിനെ കീഴടക്കിയയാളും നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനുമായ ബദ്‌രീ സ്വഹാബി ഹദ്‌റത്ത് സഅ്ദ് ബിൻ അബീ വഖാസിന്റെ(റ)സംഭവ ബഹുലമായ ജീവിതചരിത്ര വിവരണം.

പാക്കിസ്താനിലെ നാളിർ തഅ്ലീമുൽഖുർആൻ വഖ്ഫെ ആർളിയായ മുഹമ്മദ് അക്‌റം സാഹിബിന്റെ ഭാര്യ ബുശ്റാ അക്‌റം സാഹിബ, ഇഖ്ബാൽ അഹ്മദ് നാസിർ പീർക്കോട്ടി സാഹിബ്, മുഹമ്മദ് ഇബ്റാഹീം സാഹിബിന്റെ ഭാര്യ ഗുലാം ഫാതിമ ഫഹ്മീദ സാഹിബ, മുഹമ്മദ് അഹ്മദ് അൻവർ സാഹിബ്, സലീം ഹസൻ അൽജാബി സാഹിബ് ഓഫ് സിറിയ തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 ജൂലായ് 24/1399 വഫാ 24**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്‌റത്ത് സഅ്ദിനെക്കുറിച്ചായിരുന്നു പറഞ്ഞു വന്നത്. ഹദ്‌റത്ത് സഅ്ദ്, ബദ്ർ ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിലും ഹുദയ്ബിയ, ഖയ്ബർ, മക്കാവിജയം തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബിമാരിൽ പ്രഗത്ഭരായ അമ്പെയ്ത്തുകാരിൽപ്പെട്ട ആളായിരുന്നു അദ്ദേഹം.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 105, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്, ലബ്നാൻ1990)

ഹദ്‌റത്ത് സ്അദിനെക്കുറിച്ച് ഒരു നിവേദനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനി ചെയ്ത യുദ്ധങ്ങളിലൊന്നിൽ ഒരു നേരത്ത് നബി(സ)തിരുമേനിയോടൊപ്പം ഹദ്‌റത്ത് ത്വൽഹായും ഹദ്‌റത്ത് സഅ്ദുമല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. (സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ബാബു ഫളാഇലു ത്വൽഹയും സുബയ്റും ഹദീഥ് നമ്പർ 2415)

ഹദ്‌റത്ത് സഅ്ദ് നിവേദനം. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യമായി അമ്പെയ്ത്തു നടത്തിയവൻ ഞാനാണ്. നബി(സ)തിരുമേനിയുടെ കൂടെ ഞങ്ങൾ യുദ്ധത്തിന് പുറപ്പെടാറുണ്ട്. മരത്തിന്റെ ഇലകൾ മാത്രമാണ് ഭക്ഷണമായി ഞങ്ങൾക്കുണ്ടായിരുന്നത്. തൽഫലമായി ഞങ്ങൾ കാഷ്ഠിക്കുന്നത് ആടോ ഒട്ടകമോ കാഷ്ഠിക്കുന്നതിന് തുല്യമായിരുന്നു. അതിന് ഒട്ടിപ്പിടിക്കൽ ഉണ്ടായിരുന്നില്ല.' മറ്റൊരു നിവേദനത്തിലുണ്ട്, അവിടന്ന് വിവരിക്കുന്നു, 'ആ നാളുകളിൽ ഞങ്ങളുടെ ഭക്ഷണം ബബൂൾ (ഒരു തരത്തിലുള്ള മുള്ളുള്ള മരം) ആയിരുന്നു. അതിന്റെ വള്ളിയായിരുന്നു. (സ്വഹീഹ് ബുഖാരി, കിതാബുഫളാഇലു അസ്ഹാബ് നബിയ്യി(സ), ബാബു മനാഖിബു സഅ്ദ് ബിൻ അബീവഖാസ്, ഹദീഥ് 3728) (ജാമിഉത്തിർമുദി, അബ്വാബുസ്സുഹ്ദ്, ബാബു മാജാഅ ഫീ മയീശഅത്തി അസ്ഹാബിന്നബിയ്യി(സ) ഹദീഥ് 2366)

അല്ലാഹുവിന്റെ മാർഗത്തിൽ ആദ്യമായി അസ്ത്രം പ്രയോഗിക്കുകയും രക്തമൊഴുക്കുകയും ചെയ്ത വ്യക്തിയായിരുന്നു ഹദ്‌റത്ത് സഅ്ദ്(റ). ഈ സംഭവം നടന്നത് ഹദ്‌റത്ത് ഉബയ്ദാ ബിൻ ഹാരിഥിന്റെ നേതൃത്വത്തിലുള്ള യുദ്ധത്തിലായിരുന്നു.(സുനൻ ഇബ്നുമാജ, കിതാബു അൽസിന, ബാബു ഫള്‌ലു സഅ്ദ് ബിൻ അബീവഖാസ്, ഹദീഥ് നമ്പർ 131)(അൽഇസ്തീആബ് ഫീ മഅ്രിഫത്തി അൽഅസ്ഹാബ് ഭാഗം 2. പേജ് 607, ദാറുൽജീൽ ബെയ്റൂത്ത്)(ഉസുദുൽഗാബ ഫീ മഅ്രിഫ്ത്തിസ്സ്വഹാബ, ഭാഗം 2, പേജ് 453, സഅ്ദ് ബിൻ മാലിക്, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്, ലബ്നാൻ 2003)

ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്. ഹിജ്റ 2 റബീഉൽ അവ്വൽ മാസത്തിൽ ഒരു യുദ്ധ നടപടിയുണ്ടായി. അതിനെ സരിയ്യത്ത് ഹദ്‌റത്ത് ഉബയ്ദ ബിൻ ഹാരിഥ് എന്നാണ് പറയുന്നത്. അതിനെക്കുറിച്ച് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നുണ്ട്. ഈ സംഭവം മുഴുവനും മുമ്പെയും വിവരിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്നാലും ഇവിടെ ഇവരെ ഉദ്ധരിച്ച് വിവരിക്കുകയാണ്.

"റബീഉൽ അവ്വൽ മാസത്തിന്റെ തുടക്കത്തിൽ നബി(സ) തിരുമേനി തന്റെ ഒരു അടുത്ത ബന്ധുവായ ഉബയ്ദ ബിൻ ഹാരിഥ് മുത്ത്വലബീയുടെ നേതൃത്വത്തിൽ 60 അശ്വഭടന്മാർ അല്ലെങ്കിൽ ഒട്ടക ഭടന്മാർ അടങ്ങുന്ന മുഹാജിരീംകളുടെ ഒരു സംഘത്തെ യാത്രയാക്കി. മക്കയിലെ ഖുറയ്ശികളുടെ ആക്രമണങ്ങളെ ചെറുക്കുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. അങ്ങനെ ഉബയ്ദ ബിൻ ഹാരിഥും അദ്ദേഹത്തിന്റെ കൂട്ടാളികളും കുറച്ചു യാത്ര ചെയ്ത് ഥനിയ്യത്തുൽമർറ (ഇത് മക്കയുടെയും മദീനയുടെയും ഇടയ്ക്കുള്ള ഒരു സ്ഥലത്തിന്റെ പേരാണ്. നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റ പോകുമ്പോൾ ഇതിലൂടെയാണ് പോയത്). എന്തായാലും ഇവർ ആ സ്ഥലത്തിനടുത്തെത്തിയപ്പോൾ അപ്രതീക്ഷിതമായി കണ്ടത് ഖുറയ്ശികളിലെ 200 ആയുധധാരികളായ യുവാക്കൾ ഇക്‌രിമ ബിൻ അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ താവളമടിച്ചിരിക്കുന്നതാണ്. ഇരുകക്ഷികളും മുഖാമുഖമായി; പരസ്പരം കുറച്ചുനേരം അമ്പെയ്ത്തും നടന്നു. പക്ഷേ, പിന്നീട് മുശ്‌രിക്കീംകളുടെ സംഘം മുസ്‌ലിമീങ്ങളുടെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന സൈന്യമുണ്ടെന്ന് കരുതി പോരാട്ടത്തിൽനിന്ന് പിന്തിരിയുകയാണ് ചെയ്തത്. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്നതുമില്ല. എങ്കിലും മുശ്‌രിക്കീങ്ങളുടെ സൈന്യത്തിൽനിന്ന് രണ്ടുപേർ ഹദ്‌റത്ത് മിഖ്ദാദ് ബിൻ അംറും ഹദ്‌റത്ത് ഉത്ബ ബിൻ ഗസ്‌വാനും, ഇക്‌രിമ ബിൻ അബൂജഹ്‌ലിന്റെ നേതൃത്വത്തിൽനിന്ന് സ്വയം ഓടി മുസ്‌ലിമീങ്ങളുടെ സംഘത്തിൽ ചേർന്നു. എഴുതിയിരിക്കുന്നു, അവസരം കിട്ടിയാൽ മുസ്‌ലിമീങ്ങളുടെ കൂട്ടത്തിൽ ചേരാമെന്ന ഉദ്ദേശ്യത്തോടെയാണ് അവർ ഖുറയ്ശികളുടെ കൂടെ പുറപ്പെട്ടത്. കാരണം അവർ മനസ്സുകൊണ്ട് മുസ്‌ലിമീങ്ങളായിരുന്നു. എന്നാൽ, തങ്ങളുടെ ദൗർബല്യം കാരണത്താൽ ഖുറയ്ശികളെ ഭയന്ന് ഹിജ്റത്ത് ചെയ്യാൻ അവർക്ക് കഴിയുമായിരുന്നില്ല. (മുഅ്ജമുൽ ബുൽദാൻ, വാല്യം 2, പേജ് 99-100, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്, (സീറത്തു ഖാത്തമുന്നബിയ്യീനിൽനിന്നെടുത്തത്. പേജ് 328)

ഹിജ്റ 2 ജമാദുൽ അവ്വൽ മാസത്തിൽ നബി(സ)തിരുമേനി, ഹദ്‌റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ)നെ എട്ട് മുഹാജിറുകളടങ്ങുന്ന ഒരു സംഘത്തിന്റെ നേതാവാക്കിക്കൊണ്ട് ഖുറയ്ശികളുടെ വിവരങ്ങളറിയുന്നതിന് 'ഖർറാർ' എന്ന പ്രദേശത്തേക്കയച്ചിരുന്നു ഖർറാറും ഹിജാസിലെ ജുഹ്ഫായുടെ അടുത്തുള്ള ഒരു പ്രദേശമാണ്. എന്തായാലും ഇവർ അവിടെ പോയെങ്കിലും ശത്രുക്കളെ കണ്ടുമുട്ടിയില്ല.(മുഅ്ജമുൽ ബുൽദാൻ, വാല്യം 2. പേജ് 400, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്) സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 329-330 ൽ നിന്നെടുത്തത്)

പിന്നീട് ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ നേതൃത്വത്തിൽ നടന്ന സൈനിക നീക്കത്തെ കുറിച്ചാണ് പറയുന്നത്. അത് ഹിജ്റ 2 ജമാദുൽ ആഖർ മാസത്തിലായിരുന്നു. ഇതിൽ ഹദ്‌റത്ത്

സഅ്ദും പങ്കെടുത്തിരുന്നു. ഇതിനെ കുറിച്ചും മുമ്പേയൊരിക്കൽ ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. ഇവിടേയും സീറത്തു ഖാത്തമുന്നബിയ്യീൻ ഉദ്ധരിച്ച് ഹ്രസ്വമായി വിവരിക്കുകയാണ്.

ഖുറയ്ശികളുടെ അനക്കമടക്കങ്ങൾ കൂടുതൽ അടുത്തുനിന്ന് വീക്ഷിച്ച് കാര്യങ്ങൾ മനസ്സിലാക്കുക എന്നതായിരുന്നു നബി(സ)തിരുമേനിയുടെ ഉദ്ദേശ്യം; അവരെ സംബന്ധിച്ചുള്ള എല്ലാതരത്തിലുള്ള അവശ്യമായ അറിവുകളും കൃത്യസമയത്ത് ലഭ്യമാകുകയും മദീന പെട്ടെന്നുള്ള എല്ലാത്തരും ആക്രമണങ്ങളിൽനിന്നും സുരക്ഷിതമായിരിക്കുകയും ചെയ്യുക. ഈ ഉദ്ദേശ്യത്തോടുകൂടി നബി(സ)തിരുമേനി 8 മുഹാജിരീന്റെ ഒരു സംഘം തയ്യാറാക്കുകയും പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ഖുറയ്ശിലെ വിവിധ ഗോത്രങ്ങളിൽപെട്ട ആളുകളെ അതിൽ വെക്കുകയും ചെയ്തു. ഖുറയ്ശികളുടെ ഗൂഢപദ്ധതികളുടെ വിവരം എളുപ്പത്തിൽ കരസ്ഥമാക്കാനാണ് ഇങ്ങനെ ചെയ്തത്. ആ പാർട്ടിയുടെ നേതാവായി നബി(സ)തിരുമേനി തന്റെ പിതൃസഹോദരിപുത്രനായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ നിശ്ചയിക്കുകയും ചെയ്തു. നബി(സ)തിരുമേനി ഈ സംഘത്തെ യാത്രയാക്കിക്കൊണ്ട് ഈ സരിയ്യത്തിന്റെ അമീറിനോട് എന്തിന് നിങ്ങളെ അയക്കുന്നുവെന്നോ എവിടേക്ക് അയക്കുന്നുവെന്നോ പറഞ്ഞില്ല. പോകുമ്പോൾ സീൽ ചെയ്ത ഒരു കത്ത് അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തു. കവറിലിട്ട് ഒട്ടിച്ച ഒരു കത്ത്. എന്നിട്ടു പറഞ്ഞു. ഈ കത്തിൽ നിങ്ങൾക്കുള്ള നിർദ്ദേശങ്ങളുണ്ട്. നിങ്ങൾ മദീനയിൽനിന്ന് 2 ദിവസത്തെ യാത്ര കഴിഞ്ഞാൽ ഈ കത്ത് തുറന്നുനോക്കി ഇതിലെ നിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക. എന്തായാലും രണ്ട് ദിവസത്തെ യാത്രയ്ക്കുശേഷം നബി(സ)തിരുമേനിയുടെ നിർദേശമെന്താണെന്ന് അറിയാൻ അവർ ആ കത്ത് പൊട്ടിച്ചുനോക്കി. അതിൽ ഇങ്ങനെ എഴുതിയിരുന്നു: നിങ്ങൾ മക്കയുടേയും ത്വഇഫിന്റേയും ഇടയിലുള്ള നഖ്ല താഴ്വരയിൽ പോകുക. അവിടെചെന്ന് ഖുറയ്ശികളുടെ അവസ്ഥകളുടെ വിവരം എടുക്കുക. എന്നിട്ട് ഞങ്ങളെ അറിയിക്കുക. കത്തിന്റെ താഴെ അവിടന്ന് ഇങ്ങനെയും എഴുതിയിരുന്നു, ഈ ദൗത്യം അറിഞ്ഞതിനുശേഷം താങ്കളുടെ കൂട്ടാളികളിലാരെങ്കിലും ഈ സംഘത്തിലിരിക്കുന്നതിൽനിന്ന് വിമുഖത കാണിക്കുകയും തിരിച്ചുവരാനാഗ്രഹിക്കുകയും ചെയ്താൽ അവരെ തിരിച്ചുവരാൻ അനുവദിക്കുക. നബി(സ)തിരുമേനിയുടെ നിർദ്ദേശം പ്രകാരം അബ്ദുല്ലാഹ്(റ) തന്റെ കൂട്ടാളികൾക്ക് അനുവാദം നല്കിയെങ്കിലും എല്ലാവരും ഒറ്റശബ്ദത്തിൽ പറഞ്ഞു, ഞങ്ങൾ സന്തോഷത്തോടെ ഈ സേവനത്തിന് തയ്യാറാണ്. ആരും മടങ്ങിപ്പോകുകയില്ല. അതിനുശേഷം ഈ ജമാഅത്ത് നഖ്ല താഴ്വരയിലേക്ക് യാത്രയായി.

വഴിയിൽ സഅ്ദ് ബിൻ അബീ വഖാസിന്റേയും ഉത്ബ ബിൻ ഗസ്വാന്റേയും ഒട്ടകങ്ങൾ എവിടെയോ കളഞ്ഞുപോയി. അവർ അതിനെ അന്വേഷിച്ച് തങ്ങളുടെ കൂട്ടാളികളിൽനിന്ന് വേർപ്പെട്ടുപോകുകയും ചെയ്തു. തിരഞ്ഞിട്ടൊന്നും അവരെ കണ്ടെത്തിയില്ല. എട്ടു പേരടങ്ങുന്ന ഈ സംഘം ഇപ്പോൾ ആറു പേരായി കുറഞ്ഞു. അവർ നടന്നുകൊണ്ടിരുന്നു. ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഒരു യൂറോപ്യൻ എഴുത്തുകാരനായ മിസ്റ്റർ മാർഗോലീസിനെ കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം തന്റെ നിവേദനമനുസരിച്ച് സംശയങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസിനേയും അദ്ദേഹത്തിന്റെ കൂട്ടുകാരേയും സംബന്ധിച്ച് എഴുതുന്നു: 'സഅ്ദ് ബിൻ അബീവഖാസ്വും ഉത്ബയും മനഃപൂർവ്വം തങ്ങളുടെ ഒട്ടകത്തെ വിട്ടയക്കുകയും ഈ തന്ത്രത്തിലൂടെ പിന്നിൽമാറി നില്ക്കുകയും ചെയ്തു!' ഇസ്‌ലാമിനുവേണ്ടി ജീവാർപ്പണം ചെയ്ത ഈ മഹാന്മാർ അവരുടെ ജീവിതത്തിന്റെ ഓരോരോ സംഭവവും അവരുടെ ധീരതയ്ക്കും ജീവാർപണത്തിനും സാക്ഷിയാണ്, അവരിൽ ഒരാൾ ബിഅ്റ് മഊനത്ത് യുദ്ധത്തിൽ സത്യനിഷേധികളുടെ കൈയിൽ ശഹീദാകുകയും രണ്ടാമത്തെയാൾ നിരവധി ഭയാനകമായ യുദ്ധങ്ങളിൽ വ്യക്തമായി പങ്കെടുത്ത് അവസാനം ഇറാഖിനെ കീഴടക്കിയ ആളുമാണ്. അവരെ ഇത്തരത്തിൽ സംശയിക്കുകയും–അതും സ്വന്തം മെനഞ്ഞെടുത്ത ചിന്താഗതികളുടെ അടിസ്ഥാനത്തിൽ സംശയിക്കുക എന്നത് മിസ്റ്റർ മാർഗോലീസിനെ സംബന്ധിച്ചിടത്തോളം അത്ഭുതമല്ല, മാർഗോലീസ് സാഹിബ് തന്റെ ഗ്രന്ഥത്തിൽ വാദിക്കുന്നത് താൻ ഈ ഗ്രന്ഥം എല്ലാവിധ പക്ഷപാതിത്വത്തിൽനിന്ന് പരിശുദ്ധനായി എഴുതിയെന്നാണ്.

എന്തായാലും മുസ്‌ലിമീങ്ങളുടെ ഒരു ചെറിയ സംഘം നഖ്‌ലയിൽ എത്തുകയും വിവരങ്ങൾ ശേഖരിക്കുന്ന ജോലിയിൽ മുഴുകുകയും ചെയ്തു. അവരിൽ ചിലർ രഹസ്യങ്ങൾ അറിയുന്നതിന് തന്റെ തലമുടി വടിച്ചു; വഴിയാത്രക്കാരും മറ്റും ഇവർ ഉംറ ചെയ്യാൻ വന്നവരാണെന്ന് ധരിച്ച് ഒന്നും സംശയിക്കാതിരിക്കാൻ. പക്ഷേ, അവർ അവിടെ എത്തി അധികം കഴിഞ്ഞില്ല, പെട്ടെന്നാണ് ഖുറയ്ശികളുടെ ഒരു ചെറിയ കച്ചവട സംഘം അവിടെ എത്തിയത്. അവർ ത്വാഇഫിൽനിന്ന് മക്കയിലേക്ക് പോകുകയായിരുന്നു. രണ്ട് സംഘവും നേർക്കുനേരെയായി. അവസ്ഥകൾ എങ്ങനെയായെന്നാൽ, ആഗ്രഹിച്ചില്ലെങ്കിലും മുസ്‌ലിമീങ്ങൾ അവസാനം –തങ്ങളുടെ ഇഷ്ടത്തിനു വിരുദ്ധമായി– ഈ തീരുമാനമെടുത്തു. നബി(സ)തിരുമേനിയുടെ കല്പനയും ഇതുതന്നെയായിരുന്നു. പക്ഷേ, അവസ്ഥകൾ കാരണത്താൽ കച്ചവട സംഘത്തിന്റെമേൽ ആക്രമണം നടത്താനും ഒന്നുകിൽ അവരെ തടവുകാരാക്കാനും, അല്ലെങ്കിൽ വധിക്കാനും അവർ തീരുമാനിച്ചു. അങ്ങനെ അവർ അല്ലാഹുവിന്റെ പേരെടുത്തു ആക്രമണം നടത്തി. ഇതിന്റെ ഫലമായി സത്യനിഷേധികളിലെ ഒരാൾ വധിക്കപ്പെട്ടു. രണ്ടുപേർ തടവിലാകുകയും ചെയ്തു. പക്ഷേ, ദൗർഭാഗ്യവശാൽ നാലാമത്തെയാൾ ഓടി രക്ഷപ്പെട്ടു. മുസ്‌ലിമീങ്ങൾക്ക് അയാളെ പിടിക്കാൻ കഴിഞ്ഞില്ല. ഇപ്രകാരം അവരുടെ ഈ പദ്ധതി വിജയകരമായിനിന്നു. അതിനുശേഷം മുസ്‌ലിമീങ്ങൾ കച്ചവടസംഘത്തിന്റെ സാധനങ്ങൾ പിടിച്ചെടുത്തു. തടവുകാരേയും ഗനീമത്ത് മുതലുംകൊണ്ട് വേഗം വേഗം മദീനയിലേക്ക് തിരിച്ചുവന്നു. പക്ഷേ, കച്ചവടസംഘത്തിനുമേൽ സ്വഹാബത്ത് ആക്രമണം നടത്തിയെന്നറിഞ്ഞപ്പോൾ നബി(സ)തിരുമേനി വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു. *മാ അമർത്തുക്കും ബിഖിത്താലിൻ ഫിശ്ശഹ്‌രിൽ ഹറാമി.* ഞാൻ നിങ്ങളോടു ഹറാം നഗരത്തിൽ യുദ്ധം ചെയ്യാതിരിക്കണമെന്ന് പറഞ്ഞിരുന്നില്ലേ? അവിടന്ന് അവർ കൊണ്ടുവന്ന യുദ്ധമുതൽ നിരസിച്ചു. മുസ്‌ലിമീങ്ങൾ ഹറമിലെ പവിത്രത ലംഘിച്ചുവെന്നു പറഞ്ഞ് മറുഭാഗത്ത് ഖുറയ്ശികളും ബഹളമുണ്ടാക്കാൻ തുടങ്ങി. അംറ് ബിൻ ഹസറമിയായിരുന്നു വധിക്കപ്പെട്ടത്. അതുകൊണ്ട് അത് വൻബഹളത്തിന് ഇടവെച്ചു. ഇദ്ദേഹം വലിയൊരു നേതാവായിരുന്നു. എന്തായാലും അതിനിടയിൽ തടവിൽ പിടിക്കപ്പെട്ട തങ്ങളുടെ ആളുകളെ വിടുവിച്ചുകൊണ്ടുപോകുന്നതിന് സത്യനിഷേധികൾ മദീനയിലുമെത്തി. പക്ഷേ, ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്വും ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാനും തിരിച്ചുവന്നിരുന്നില്ല. നബി(സ)തിരുമേനി അവരുടെ കാര്യത്തിൽ വലിയ ആശങ്കയിലായിരുന്നു. ആശങ്ക ഇതായിരുന്നു, ഖുറയ്ശികളുടെ കൈയിൽ അവർ പെട്ടാൽ ഖുറയ്ശികൾ അവരെ ജീവനോടെ വിടുകയില്ല. അതുകൊണ്ട് നബി(സ)തിരുമേനി അവർ തിരിച്ചുവരുന്നതുവരെ തടവുകാരെ വിട്ടയക്കാൻ വിസമ്മതിച്ചു. അവരോടു പറഞ്ഞു, എന്റെ ആളുകൾ സുഖമായി മദീനയിലെത്തിക്കഴിഞ്ഞാൽ ഞാൻ നിങ്ങളുടെ ആളുകളെ വിടുന്നതായിരിക്കും. അങ്ങനെ അവരിരുവരും മടങ്ങിയെത്തി. നബി(സ)തിരുമേനി രണ്ടു തടവുകാരേയും വിട്ടയച്ചു. അവർ രണ്ടുപേരിൽ ഒരാളുടെമേൽ മദീനയിലെ ജീവിതം എങ്ങനെ സ്വാധീനിച്ചുവെന്നാൽ അയാൾ മുസ്‌ലിമായി. ബിഅ്റ മഊനയുടെ അവസരത്തിൽ ശഹീദായി. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 330–334)

ബദ്ർ യുദ്ധാവസരത്തിൽ യുദ്ധത്തിനു മുമ്പേയുള്ള അവസ്ഥകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തുഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു: നബി(സ)തിരുമേനി അതിവേഗം ബദ്റിലേക്ക് നീങ്ങാൻ തുടങ്ങി. ബദ്റിന്റെ അടുത്തെത്തിയപ്പോൾ എന്തോ വിചാരിച്ച്, –അതിന്റെ വിവരം നിവേദനങ്ങളിലില്ല– നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ തന്റെ പിന്നിലിരുത്തി ഇസ്‌ലാമിക സൈന്യത്തെക്കാൾ കുറച്ചു മുമ്പിലെത്തി. ആ നേരത്ത് നബി(സ)തിരുമേനി വഴിയിൽ ഒരു വൃദ്ധനായ ബദ്‌വിയെ കണ്ടു. അയാളുമായുള്ള സംസാരത്തിൽ ആ നേരത്ത് ഖുറയ്ശീ സൈന്യം ബദ്റിന് തൊട്ടടുത്തെത്തിയിരിക്കുന്നുവെന്ന് മനസ്സിലായി. നബി(സ) തിരുമേനി ഈ വിവരം കേട്ട് തിരിച്ചുവന്നു. ഹദ്റത്ത് അലിയേയും, ഹദ്റത്ത് സുബയ്ർ ബിൻ അവാമിനേയും ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിനേയും അവസ്ഥകൾ നിരീക്ഷിക്കാൻ മുമ്പേ അയച്ചു. ഇവർ ബദ്റിന്റെ താഴ്വരയിലെത്തിയപ്പോൾ എന്താണ് കാണുന്നത്, മക്കയിലെ കുറച്ചാളുകൾ ഒരു അരുവിയിൽനിന്ന് വെള്ളം നിറയ്ക്കുന്നു. ആ സ്വഹാബിമാർ ആ സംഘത്തിനുമേൽ ആക്രമണം നടത്തി. അവരിൽപെട്ട ഒരു ഹബ്ശി അടിമയെ പിടിച്ചു നബിയുടെ അടുത്തുകൊണ്ടുവരികയും ചെയ്തു. അവിടന്ന് വളരെ സൗമ്യമായി അയാളോടു ചോദിച്ചു. സൈന്യം ഇപ്പോൾ എവിടെയാണുള്ളത്? അയാൾ പറഞ്ഞു: ആ അടുത്തുകാണുന്ന കുന്നിന് പിന്നിലുണ്ട്. എത്ര പേർ സൈന്യത്തിലുണ്ടെന്ന് അവിടന്ന് തിരക്കി. വളരെയധികമുണ്ടെന്നും പൂർണമായും തനിക്കറിയില്ലെന്നും പറഞ്ഞു. അവിടന്ന് പറഞ്ഞു, അവർക്കുവേണ്ടി ഒരു ദിവസം എത്ര ഒട്ടകത്തെയാണ് അറുക്കുന്നത്? 'പത്തെന്ന് അയാൾ പറഞ്ഞു.' നബി(സ) സ്വഹാബത്തിനോടു പറഞ്ഞു: ഈ സൈന്യത്തിൽ ആയിരം പേരുണ്ടെന്ന് മനസ്സിലാകുന്നു; യഥാർഥത്തിൽ അവർ അത്രയും പേരുണ്ടായിരുന്നു.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്, പേജ് 355–356)

ഈ ഭാഗവും ഞാൻ വിശദമായി മുമ്പേ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ബദ്ർ യുദ്ധത്തിന്റെ അവസരത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ ധീരതയെക്കുറിച്ചുള്ള നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. അതായത് ബദ്ർ യുദ്ധവേളയിൽ കാലാളായിരുന്നിട്ടും അദ്ദേഹം കുതിരപ്പടയാളികളെപ്പോലെ ധീരമായി പോരാടുകയായിരുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 104, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1990)

ഇക്കാരണത്താൽ ഹദ്റത്ത് സഅ്ദിനെ 'ഫാരിസുൽ ഇസ്‌ലാം' എന്നു പറയപ്പെടുന്നു; അതാ

യത് ഇസ്‌ലാമിന്റെ കുതിരപ്പടയാളി.(ഉംദത്തുൽ ഖാരി, ശറഹ് സ്വഹീഹ് ബുഖാരി, വാല്യം 1, പേജ് 305, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്‌റുത്ത്, 2001)

ഉഹുദു യുദ്ധാവസരത്തിൽ ജനങ്ങൾ ചിതറിയ അവസ്ഥയിലായിരുന്നപ്പോൾ അടിപതറാതെ നബി(സ)തിരുമേനിയുടെ കൂടെ നിലയുറച്ച എണ്ണപ്പെട്ട ചില വ്യക്തികളുടെ കൂട്ടത്തിൽ സഅ്ദും ഉൾപ്പെടുന്നു.(ഖുത്ബാത്തെ ത്വാഹിർ–ഖിലാഫത്തിനു മുമ്പേയുളള ജൽസാസാലാന പ്രഭാഷണം, 1979, പേജ് 337)

ഉഹുദു യുദ്ധാവസരത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ)ന്റെ സഹോദരനായ ഉത്ബ ബിൻ അബീ വഖാസും ബഹുദൈവവിശ്വാസികളുടെ ഭാഗത്തുനിന്ന് പങ്കെടുത്തിരുന്നു. അയാൾ നബി(സ)തിരുമേനിയുടെമേൽ ആക്രമണവും നടത്തിയിരുന്നു. ഈ സംഭവം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ഒരു പ്രസംഗത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു: ‘ഉത്ബ ദുഷ്ടനായിരുന്നു. അയാൾ കഠിനമായ ആക്രമണം നടത്തി ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ അനുഗൃഹീതമായ താഴത്തെ രണ്ടുപല്ലുകൾ ശഹീദാക്കുകയും മുഖകമലത്തിന് ഗുരുതരമായി പരിക്കേല്പിക്കുകയും ചെയ്തു. ഉത്ബയുടെ സഹോദരനായ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് യുദ്ധം ചെയ്യുകയായിരുന്നു. ഉത്ബയുടെ ചെയ്തിയെക്കുറിച്ചറിഞ്ഞപ്പോൾ പ്രതികാരാവേശത്താൽ അദ്ദേഹത്തിന്റെ ഹൃദയം വെമ്പൽകൊണ്ടു. അദ്ദേഹം പറയുകയാണ്, ഞാനെന്റെ സഹോദരനെ വധിക്കുവാൻ കാണിച്ചത്ര അതിതീവ്രമമായ ആഗ്രഹം മറ്റൊരു കാര്യത്തിനുവേണ്ടിയും കാണിച്ചിട്ടുണ്ടാകില്ല. ആ അക്രമിയെ എന്റെ കൈകൊണ്ടുതന്നെ തുണ്ടം തുണ്ടമാക്കി ഹൃദയാവേശം തണുപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ രണ്ടു പ്രാവശ്യം ഞാൻ ശത്രുനിരയുടെ മർമഭാഗത്തെ ഭേദിച്ചുകൊണ്ട് അവനെ തിരഞ്ഞു. എന്നാൽ, എന്നെ കാണുമ്പോഴെല്ലാം അവൻ കുറുക്കനെപ്പോലെ പതുങ്ങി കടന്നുകളയുമായിരുന്നു. മൂന്നാമതും ഞാൻ അതുപോലെ ശത്രുസൈന്യത്തിൽ നുഴഞ്ഞുകയറാൻ ശ്രമിച്ചപ്പോൾ നബി(സ)തിരുമേനി വാത്സല്യത്തോടെ എന്നോടു പറഞ്ഞു: ‘അല്ലയോ ദൈവദാസാ! ജീവൻ ഒടുക്കാനാണോ നിന്റെ ഉദ്ദേശ്യം?’ അങ്ങനെ നബി(സ)തിരുമേനി തടഞ്ഞപ്പോൾ ഞാനെന്റെ ഉദ്ദേശ്യത്തിൽനിന്ന് പിന്മാറി.’(ഖുത്ബാത്തെ ത്വാഹിർ–ഖിലാഫത്തിനു മുമ്പേയുളള ജൽസാസാലാന പ്രഭാഷണം, 1979, പേജ് 346)

ഉഹുദ് യുദ്ധാവസരത്തിൽ നബി(സ)തിരുമേനിയുടെ അടുത്ത് സ്ഥിരചിത്തരായി നിന്നിരുന്ന സ്വഹാബിമാർ വളരെ കുറച്ചായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ)നെ കുറിച്ച് ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇങ്ങനെ എഴുതിയിരിക്കുന്നു: നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ)ന് അമ്പുകൾ സ്വയം എടുത്തുകൊടുക്കുകയും അദ്ദേഹം ആ അമ്പുകൾ തുരുതുരാ ശത്രുക്കൾക്കുനേരെ തൊടുത്തുവിടുകയുമായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിനോടു പറഞ്ഞു: ‘എന്റെ മാതാപിതാക്കൾ അങ്ങയ്ക്കു ബലിയാണ്. താങ്കൾ നിരന്തരം അമ്പെയ്തു കൊണ്ടിരിക്കുക.’ ഈ വാക്കുകൾ സഅ്ദ് തന്റെ ജീവിതാവസാനംവരെ വളരെ അഭിമാനത്തോടെ വിവരിക്കാറുണ്ടായിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്, പേജ് 495)

ഒരു നിവേദനത്തിൽ വിവരണമുണ്ട്, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) വിവരിക്കുന്നു, നബി(സ)തിരുമേനി ഉഹുദ് യുദ്ധദിവസം തന്റെ ആവനാഴിയിൽനിന്ന് അമ്പെടുത്ത് എനിക്കുതന്നു. അവിടന്ന് പറഞ്ഞു അമ്പെയ്തുകൊണ്ടേ പോകുക. എന്റെ മാതാപിതാക്കൾ നിങ്ങൾക്കു വേണ്ടി ബലിയാണ്. (സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ബാബു ഇദ് ഹമ്മത്ത് ത്വാഇഫത്താനി മിൻകും അൻ തഫ്ശലാ...ഹദീഥ് 3753)

ഹദ്റത്ത് അലി(റ)വിവരിക്കുന്നു, ഞാൻ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന് പുറമെ നബി(സ)തിരുമേനി ആർക്കെങ്കിലും വേണ്ടി തന്റെ മാതാപിതാക്കളെ ബലിയാക്കിക്കൊണ്ട് ദുആ ചെയ്യുന്നതായി കേട്ടിട്ടില്ല. നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദിനോടു ഉഹുദ് യുദ്ധത്തിന്റെ അവസരത്തിൽ എന്റെ മാതാപിതാക്കൾ നിങ്ങൾക്കുവേണ്ടി ബലിയാണ്; അമ്പെയ്തുകൊണ്ടേ പോകുക എന്നു പറഞ്ഞിരുന്നു. കരുത്തനായ യുവാവേ! അമ്പ് തൊടുത്തുകൊണ്ടേപോകുക.(ജാമിഉ തിർമുദി, കിതാബുൽമനാഖിബു, ബാബു ഫിദാക്ക് അബീ വ ഉമ്മീ ഹദീഥ് നമ്പർ 3753)

ഇവിടെ ഇതും വിവരണാർഹമായ കാര്യമാണ്. ഹദ്റത്ത് സഅ്ദിനെ കൂടാതെ ചരിത്രത്തിൽ ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിനോടും ഫിദാക്ക അബീ വ അമ്മീ എന്റെ മാതാപിതാക്കൾ നിങ്ങൾക്കുവേണ്ടി ബലിയാണെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ടെന്നുള്ള വിവരം ലഭിക്കുന്നുണ്ട്. ഇതു ബുഖാരിയിലെ നി വേദനമാണ്. (ബുഖാരി, കിതാബുൽഫളാഇൽ അസ്ഹാബുന്നബി(സ), ബാബു മനാഖിബു അസ്സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് നമ്പർ 3720)

മറ്റൊരു നിവേദനത്തിൽ ഈ സംഭവം ഇങ്ങനെ വിവരിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് സഅ്ദ്(റ) വിവരിക്കുന്നു: (ഈ അന്യാരാധകൻ, ചരിത്ര ഗ്രന്ഥങ്ങളിൽ ഇയാളുടെ പേര് ഹിബ്ബാൻ എന്നാണ് പറയപ്പെടുന്നത്) ഒരു അമ്പെയ്തു. അത് ഹദ്റത്ത് ഉമ്മു അയ്മന്റെ വസ്ത്രത്തിൽ കൊണ്ടു. അവർ യുദ്ധത്തിൽ പരിക്കേറ്റവർക്ക് വെള്ളം കൊടുക്കുകയായിരുന്നു. ഇതുകണ്ട് അയാൾ ചിരിക്കാൻ തുടങ്ങി. നബി(സ)തിരുമേനി ഒരു അമ്പെടുത്ത് ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)നു നൽകി. അത് അയാളുടെ തൊണ്ടയിൽ കൊള്ളുകയും അയാൾ പിറകിലേക്ക് മറിഞ്ഞുവീഴുകയും ചെയ്തു. വീഴ്ചയിൽ അയാളുടെ നഗ്നത വെളിവായി. അതുകണ്ട് നബി(സ)തിരുമേനി പുഞ്ചിരിച്ചു.’(അൽ ഇസ്വാബ, വാല്യം 3, പേജ് 64, സഅ്ദ് ബിൻ മാലിക്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത് 1995)

സ്വഹീഹ് മുസ്‌ലിമിൽ വിവരിക്കപ്പെട്ട ഹദീഥിനെ സംബന്ധിച്ച് അവിടുത്തെ നൂർ ഫൗണ്ടേഷൻ ഇപ്പോൾ ചെയ്തിരിക്കുന്ന തർജമയിൽ ഈ നോട്ടു എഴുതിയിട്ടുണ്ട്, ‘നബി(സ)തിരുമേനിക്ക് ഈ സന്തോഷമുണ്ടായത് അല്ലാഹു ചെയ്ത ഔദാര്യത്തിലായിരുന്നു, അദ്ദേഹം(സഅ്ദ്) ഒരു കൊടുംശത്രുവിനെ മുനപോലുമില്ലാത്ത അമ്പുകൊണ്ട് വഴിയിൽനിന്ന് നീക്കി.(സ്വഹീഹ് മുസ്‌ലിം വാല്യം 13, പേജ് 41, പ്രസിദ്ധീകരണം നൂർ ഫൗണ്ടേഷൻ).

ഉഹുദു യുദ്ധ ദിവസം ഹദ്റത്ത് സഅ്ദ്(റ) ആയിരം അമ്പെയ്തുവെന്ന് ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ്, വാല്യം 2, പേജ് 71)

ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ ഉടമ്പടി എഴുതി തയ്യാറാക്കുമ്പോൾ സാക്ഷികളായി ഒപ്പുവച്ച സ്വഹാബിമാരുടെ കൂട്ടത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ(റ)ും ഉൾപ്പെട്ടിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പേജ് 769)

മക്കാവിജയ സമയത്ത് മുഹാജിറുകളുടെ മൂന്നു പതാകകളിൽ ഒരു പതാക ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്(റ)ന്റെ പക്കലായിരുന്നു. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 105, സഅ്ദ് ബിൻ അബീ വഖാസ്(റ) ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്‌റുത്ത്, ലബ്നാൻ1990)

ഹജ്ജത്തുൽ വദായിന്റെ അവസരത്തിൽ ഹദ്റത്ത് സഅ്ദ്(റ) രോഗബാധിതനായി. അതിനെക്കുറിച്ച് ഹദ്റത്ത് സഅ്ദ്(റ)ഇപ്രകാരം വിവരിക്കുന്നു: ‘ഹജ്ജത്തുൽ വദായിന്റെ അവസരത്തിൽ ഞാൻ രോഗബാധിതനായിരിക്കുമ്പോൾ നബി(സ)തിരുമേനി എന്നെ സന്ദർശിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: എന്റെ രോഗം അങ്ങയ്ക്ക് അറിയാവുന്നതുപോലെ മൂർച്ഛിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ മുതലാളിയാണ്. എന്നാൽ, എന്നെ ഒരു പുത്രിമാത്രമാണ് അനന്തരമെടുക്കുക. എന്റെ ധനത്തിൽ മൂന്നിൽ രണ്ടുഭാഗം ഞാൻ ദാനം ചെയ്യട്ടെയോ? നബി(സ)തിരുമേനി പറഞ്ഞു: പാടില്ല. ഞാൻ ചോദിച്ചു, പകുതിയായാലോ? വേണ്ട എന്നു വീണ്ടും അവിടന്ന് പറഞ്ഞു. മൂന്നിലൊന്നു ദാനം ചെയ്തേക്കൂ! അതുതന്നെയും കൂടുതലാണ്. നിശ്ചയം നീ നിന്റെ അനന്തരാവകാശികളെ ദരിദ്രന്മാരാക്കി യാചിക്കാൻ വിടുന്നതിനെക്കാൾ ഉത്തമം അവരെ സമ്പന്നരാക്കി വിടുകയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നീ ചെലവഴിക്കുന്ന എന്തിനും നിനക്ക് പ്രതിഫലം ലഭിക്കും. നിന്റെ ഭാര്യക്കു കൊടുക്കുന്ന ആഹാരത്തിനുകൂടി നിനക്ക് പ്രതിഫലം ലഭിക്കുന്നതാണ്. ഞാൻ ചോദിച്ചു: പ്രവാചകരേ! എന്റെ സ്നേഹിതന്മാർ മക്കയിൽനിന്ന് തിരിച്ചു പോയശേഷം എനിക്കിവിടെ പിന്തി നിൽക്കേണ്ടിവരുമോ? ഇനി നീ പിന്തിനില്ക്കേണ്ടിവന്നാലും സൽക്കർമം ചെയ്യുന്ന പക്ഷം അതുവഴി നിനക്ക് ഓരോ ഉന്നത പദവിയും ലഭിക്കാതിരിക്കുകയില്ല. ഒരു പക്ഷേ, നീ പിൽക്കാലത്ത് ജീവിച്ചിട്ട് നിന്നെക്കൊണ്ട് ചിലർക്ക് ഉപകാരവും മറ്റു ചിലർക്ക് ഉപദ്രവവും അനുഭവിക്കേണ്ടി വന്നേക്കാം. (സ്വഹീഹ് ബുഖാരി, കിതാബുൽ ഫറാഇള്, ബാബു മീറാഥുൽബനാത്ത് ഹദീഥ് നമ്പർ 6733)

മറ്റൊരു നിവേദനത്തിലുണ്ട്, അതിനുശേഷം നബി(സ)ദുആ ചെയ്തു, അല്ലാഹുവേ! എന്റെ അനുയായികൾക്ക് അവരുടെ ഹിജ്റ നീ പൂർത്തിയാക്കിക്കൊടുക്കേണമേ! അവരെ അവരുടെ പഴയ നിലപാടിലേക്ക് തിരിച്ചു വിടരുതേ!(സ്വഹീഹ് ബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1295)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് സഅ്ദ് വിവരിക്കുന്നു. ഞാൻ രോഗിയായപ്പോൾ നബി(സ)തിരുമേനി എന്നെ കാണാൻ വന്നു. നീ വസിയ്യത്ത് ചെയ്തോ എന്ന് ചോദിച്ചു. ചെയ്തുവെന്ന് ഞാൻ പറഞ്ഞു. എത്രയാണെന്ന് അവിടന്ന് ചോദിച്ചു. എന്റെ എല്ലാ സ്വത്തും അല്ലാഹുവിന്റെ മാർഗത്തിൽ! നീ നിന്റെ മക്കൾക്കുവേണ്ടി എന്താണ് നീക്കിവച്ചതെന്ന് അവിടന്ന് ചോദിച്ചു. അവർ മുതലാളിമാരാണെന്ന് ഞാൻ പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: പത്തിലൊന്ന് വസിയ്യത്ത് ചെയ്യുക. ഹദ്റത്ത് സഅ്ദ് പറയുന്നു: ഞാൻ പറഞ്ഞതുപോലെതന്നെ പറഞ്ഞുകൊണ്ടിരുന്നു. സഅ്ദ് കൂടുതൽ ധനം സ്വദഖ ചെയ്യാനാഗ്രഹിക്കുന്നു. നബി(സ)തിരുമേനി കുറയ്ക്കാൻ പറഞ്ഞുകൊണ്ടിരുന്നു. നബി(സ)തിരുമേനി പറഞ്ഞു, മൂന്നിലൊരു ഭാഗം വസിയ്യത്ത് ചെയ്യുക. അതും കൂടുതൽത്തന്നെയാണ്.(സുനനൻ നസാഇ, കിതാബുൽവസായാ, ഹദീഥ് 3661)

ഈ നിവേദനത്തിൽനിന്ന് കർമശാസ്ത്ര(ഫിക്ഹ്)പണ്ഡിതന്മാർ, മൂന്നിലൊന്നിൽ കൂടുതൽ വസിയ്യത്ത് ചെയ്യുവാൻ പാടുള്ളതല്ല എന്ന നിഗമനത്തിലെത്തുന്നുണ്ട്.(ജാമിഉത്തിർമുദി, അബ്‌വാബുൽ വസായാ, ഹദീഥ് നമ്പർ 2116)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതുസംബന്ധമായി പറയുന്നു; സ്വന്തം ചെലവുകൾക്കുള്ള

ത് മാറ്റിവച്ച് ബാക്കിയുള്ളതെല്ലാം വിതരണം ചെയ്യുവാൻ ഇസ്‌ലാമിക കല്പനയില്ല എന്നതിന് ഹദീഥുകളുടെ പിൻബലവുമുണ്ട്. അതുകൊണ്ടുതന്നെ നബി(സ)തിരുമേനി പറയുന്നു: *യജീഉ അഹദുക്കും ബിമാലിഹീ കുല്ലിഹീ യത്തസ്വദ്ദഖു ബിഹീ വ യജ്‌ലിസു യത്തകഫ്ഫഫുന്നാസ ഇന്നമസ്സ്വദഖത്തു അൻ ള്വഹ്‌രി ഗിനൻ* നിങ്ങളിൽ ചിലർ മുഴുവൻ ധനവും സ്വദഖ നൽകാൻവേണ്ടി കൊണ്ടുവരുന്നു. പിന്നീട് ജനങ്ങളുടെ മുമ്പിൽ യാചിക്കുകയും ചെയ്യുന്നു. സ്വദഖ, അധികമുള്ള ധനത്തിൽനിന്നു മാത്രം നൽകേണ്ട ഒന്നാണ്. ഇപ്രകാരംതന്നെ പറയുന്നു: *ഇൻ തദർ വറഥത്തക്ക അഗ്നിയാഅ ഖയ്‌റുൻ മിൻ അൻ തദറഹും ആലത്തൻ യത്തകഫ്ഫഫൂനന്നാസ* നീ നിന്റെ അനന്തരാവകാശികളെ ദരിദ്രരായി ഉപേക്ഷിക്കുകയും അവർ ജനങ്ങളുടെ മുമ്പിൽ കൈനീട്ടുകയും ചെയ്യുന്നതിനേക്കാൾ എത്രയോ ഉത്തമമാണ് നീ അവർക്കു വേണ്ടി സ്വത്ത് ഉപേക്ഷിച്ചു പോകുന്നത്. ഇപ്രകാരംതന്നെ ഹദീഥിൽ വന്നിരിക്കുന്നു, ഹദ്‌റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) മൂന്നിൽ രണ്ടു വിതരണം ചെയ്യാൻ അനുവാദം ചോദിച്ചു. എന്നാൽ, അവിടന്ന് അദ്ദേഹത്തെ തടഞ്ഞു. പിന്നീട് അദ്ദേഹം പകുതി വിതരണം ചെയ്യാൻ അനുവാദം ചോദിച്ചു. അവിടന്ന് അദ്ദേഹത്തെ തടഞ്ഞു. പിന്നീട് അദ്ദേഹം മൂന്നിലൊരുഭാഗം വിതരണം ചെയ്യാൻ അനുവാദം ചോദിച്ചു. അതിന് നബി(സ)തിരുമേനി അനുവാദം നല്കി. എന്നാൽ, അതിനോടൊപ്പം പറഞ്ഞു: ഈ മൂന്നിലൊന്ന് വസ്വിയ്യത്തും കൂടുതലാണ്. മൂന്നിൽ രണ്ടും കൂടുതലാണ്. (അഥ്‌ഥുലുഥു വ ഥ്‌ഥുലുഥു കഥീർ).....ചുരുക്കത്തിൽ, ആവശ്യം കഴിച്ചുള്ള മിച്ചം വരുന്ന ധനം മുഴുവനും വിതരണം ചെയ്യുക എന്നതാണ് ഇസ്‌ലാമിന്റെ കല്പന എന്ന ചിന്താഗതി ഇസ്‌ലാമിക കല്പനകൾക്കും സ്വഹാബാക്കളുടെ കർമങ്ങൾക്കും തികച്ചും വിരുദ്ധമാണ്. എന്തെന്നാൽ സ്വഹാബാക്കളിൽ ചിലരുടെ മരണശേഷം ലക്ഷക്കണക്കിന് രൂപയുടെ സ്വത്ത് അവരുടെ അനന്തരാവകാശികളിൽ വിതരണം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്.'(തഫ്സീറെ കബീർ, വാല്യം 2, പേജ് 494)

ഹദ്‌റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) വിവരിക്കുന്നു; ഞാൻ മക്കയിൽവച്ച് രോഗബാധിതനായപ്പോൾ എന്നെ കാണാൻ നബി(സ)തിരുമേനി വന്നു. അവിടന്ന് എന്റെ നെഞ്ചിൽ കൈവച്ചു. ഞാൻ അവിടത്തെ കൈയുടെ തണുപ്പ് മനസ്സിൽ അനുഭവിച്ചു. നബി(സ)തിരുമേനി കൈവച്ചുകൊണ്ട് എന്നോടു പറഞ്ഞു: താങ്കൾക്ക് ഹൃദയത്തിന്റെ ബുദ്ധിമുട്ടുണ്ട്. താങ്കൾ ഹാരിഥ് ബിൻ കലദായുടെ അടുത്തുപോകുക. അദ്ദേഹം ബനൂ ഥഖീഫിന്റെ സഹോദരനാണ്. അദ്ദേഹം വൈദ്യനാണ്. മദീനയിലെ ഏഴ് 'അജൂഹ ഈത്തപ്പഴം' അതിന്റെ കുരുവിനോടൊപ്പം പൊടിക്കുകയും മരുന്ന് എന്ന നിലയിൽ താങ്കളെ കുടിപ്പിക്കുകയും ചെയ്യാൻ അദ്ദേഹത്തോടു പറയുക.(അത്ത്വബഖാത്തുൽകുബ്റാ, ഭാഗം 3, പേജ് 108, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്‌നാൻ1990)

ഒരു നിവേദനത്തിൽ വരുന്നു, ഹദ്‌റത്ത് സഅ്ദിനെ പരിചരിക്കുന്നതിന് നബി(സ)തിരുമേനി ഒരാളെ മക്കയിൽ ഏർപ്പാടു ചെയ്തിരുന്നു. സഅ്ദ് മക്കയിൽവച്ച് മരണപ്പെടുകയാണെങ്കിൽ അദ്ദേഹത്തെ മക്കയിൽ ഒരിക്കലും ഖബറടക്കരുതെന്നും മദീനയിൽ കൊണ്ടുവന്ന് ഖബറടക്കണമെന്നും അയാൾക്ക് കല്പന നൽകുകയും ചെയ്തിരുന്നു. (ത്വബഖാത്ത് ഇബ്നു സഅ്ദ് ഭാഗം 3, പേജ് 108, സഅ്ദ് ബിൻ അബീ വഖാസ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്‌നാൻ, 1990).

ഹദ്‌റത്ത് സഅ്ദിന്റെ വേട്ടയാടലിനെ സംബന്ധിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: നബി(സ)തിരുമേനി സ്വയം വേട്ടയ്ക്കുപോകാറുണ്ടായിരുന്നില്ല. എന്നാൽ, അവിടന്ന് വേട്ടയാടിക്കാറുണ്ടായിരുന്നുവെന്ന് ഹദീഥുകളിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. അങ്ങനെ ഒരു യുദ്ധത്തിൽ അവിടന്ന് സഅ്ദ് ബിൻ അബീ വഖാസ്(റ)നെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു: നോക്കൂ, ദാ മാനാണ് പോകുന്നത്. അതിനെ അമ്പെയ്യുക. അദ്ദേഹം അമ്പെയ്യാൻ ഒരുങ്ങുമ്പോൾ അവിടന്ന് വളരെ സ്നേഹത്തോടെ തന്റെ കീഴ്ത്താടി അദ്ദേഹത്തിന്റെ ചുമലിൽ വച്ചു. അവിടന്ന് പറഞ്ഞു, അല്ലാഹുവേ! അദ്ദേഹത്തിന്റെ ഉന്നം പിഴപ്പിക്കേണമേ."(തഫ്സീറെ കബീർ വാല്യം 5, പേജ് 124)

ഹദ്‌റത്ത് സഅ്ദിന് അല്ലാഹു ഈ സൗഭാഗ്യവും നല്കിയിരുന്നു. ഇറാഖ് വിജയിച്ചത് അദ്ദേഹത്തിന്റെ കൈയാലാണ്. ഖൻദഖ് യുദ്ധത്തിന്റെ അവസരത്തിൽ ഒരിക്കൽ സ്വഹാബത്ത് നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി. കിടങ്ങു കുഴിക്കുന്നിടത്ത് ഒരു പാറ വന്നിരിക്കുന്നു. അത് പൊട്ടുന്നില്ല. നബി(സ)തിരുമേനി അവിടേക്കു പോയി. ആ പാറയുടെമേൽ പിക്കാസുകൊണ്ടു മൂന്നു വെട്ടുവെട്ടി. ഓരോ പ്രാവശ്യവും പാറ കുറേശെ പൊട്ടി. നബി(സ)തിരുമേനി ഉറക്കെ അല്ലാഹു അക്ബർ എന്നു പറഞ്ഞു. നബി(സ)യെ പിൻപറ്റി സ്വഹാബത്തും തക്ബീർ വിളിച്ചു. ഒരു വെട്ടുവെട്ടുന്ന അവസരത്തിൽ അവിടന്ന്(സ) പറഞ്ഞു, മദാഇനിലെ വെള്ളക്കൊട്ടാരങ്ങൾ വീഴുന്നതായി എനിക്കു കാണിക്കപ്പെട്ടു. നബി(സ)തിരുമേനി കണ്ടത് ഹദ്‌റത്ത് സഅ്ദിന്റെ കൈയാൽ പുലർന്നു.(രോശൻ സിത്താരെ വാല്യം 2, പേജ് 79)

അറേബ്യൻ ചുറ്റുപാടിൽ രണ്ടു വൻ ശക്തികളാണുണ്ടായിരുന്നത്. ഒന്നു കിസ്റായുടേതും. ഒന്ന് ഖയ്സ്വറിന്റേതും. ഇറാഖിന്റെ വലിയ ഭാഗം കിസ്റായുടെ കീഴിലായിരുന്നു. മദ്‌യനിലായിരുന്നു അവരുടെ രാജകൊട്ടാരങ്ങൾ. മദാഇൻ, ഖാദ്സിയ, തഹാവൻദ്, ജലൂലാഅ്ന്റെ പ്രസിദ്ധമായ യുദ്ധങ്ങൾ നടന്നത് ഹദ്‌റത്ത് സഅ്ദ് ബിൻ വഖാസിന്റെ നേതൃത്വത്തിലായിരുന്നു.

മദാഇനെ കുറിച്ചുള്ള വിവരണം ഇങ്ങനെയാണ്. ഇറാഖിൽ ബഗ്ദാദിൽനിന്ന് കുറച്ചു ദൂരത്ത് തെക്കുഭാഗത്ത് ദജല നദിയുടെ തീരത്താണിത്. ഇവിടെ ഒന്നിനുപിറകെ ഒന്നായി പല നഗരങ്ങളുമുണ്ടായി. അതുകൊണ്ട് അറബികൾ അതിനെ മദാഇൻ അതായത് പല നഗരങ്ങളുടേയും കൂട്ടം എന്ന് പറയാൻ തുടങ്ങി.

ഖാദ്സിയായും ഇറാഖിലെ ഒരു പട്ടണമാണ്. ഇവിടെ മുസ്‌ലിമീങ്ങളും ഫരിസികളും തമ്മിൽ പ്രസിദ്ധമായ യുദ്ധമുണ്ടായി. അതിനാണ് ഖാദ്സിയ യുദ്ധം എന്നു പറയുന്നത്. ഇപ്പോഴുള്ള ഖാദ്സിയ നഗരം കൂഫയിൽനിന്ന് 60 മൈൽ ദൂരത്താണ്.

തഹാവൻദ്: ഇത് ഇപ്പോഴത്തെ ഇറാനിലെ ഒരു നഗരമാണ്. അത് ഇറാനിലെ സംസ്ഥാനമായ ഹമദാനിൽ, അതിന്റെ തലസ്ഥാനമായ ഹമദാനിൽനിന്ന് 70 കിലോ മീറ്റർ തെക്കായി സ്ഥിതി ചെയ്യുന്നു.

ജലൂലാഅ് ഇപ്പോഴത്തെ ഇറാഖിലെ നഗരമാണ്. അത് ദജ്‌ലത്തുൽ അയ്മൻ നദീ തീരത്ത് സ്ഥിതി ചെയ്യുന്നു. ഇവിടെയാണ് മുസ്‌ലിമീങ്ങളും ഫാർസികളും തമ്മിൽ യുദ്ധമുണ്ടായത്. ഈ നഗരം ഇറാനികളുടെ ശവശരീരങ്ങൾ കൊണ്ട് നിറഞ്ഞിരുന്നതിനാലാണ് ഇതിന് ജലൂലാഅ് എന്നു പേര് വീണത്.

ഇറാഖിൽ ഹദ്‌റത്ത് അബൂബക്കറിന്റെ കാലഘട്ടത്തിൽ ഹദ്‌റത്ത് മുഥ്ഥാനീ ബിൻ ഹാരിഥ, ഇറാനികൾ ആവർത്തിച്ചാവർത്തിച്ച് ബുദ്ധിമുട്ടിച്ച കാരണത്താൽ അതിർത്തിയിൽ ആക്രമണം നടത്താൻ അനുവാദം ചോദിച്ചു. ഹദ്‌റത്ത് അബൂബക്കർ(റ) അദ്ദേഹത്തിന് അനുവാദം നല്കി. ഹദ്‌റത്ത് ഖാലിദ് ബിൻ വലീദ്(റ)നെ ഒരു വൻ സൈന്യവുമായി അദ്ദേഹത്തെ സഹായിക്കാൻ അയക്കുകയും ചെയ്തു. ശാം ദേശത്തുനിന്ന് ഹദ്‌റത്ത് അബൂഉബയ്ദ(റ) ദർബാറെ ഖിലാഫത്തിനോടു സൈന്യ സഹായം ആവശ്യപ്പെട്ടപ്പോൾ ഹദ്‌റത്ത് ഖാലിദിനെ ഹദ്‌റത്ത് അബൂബക്കർ(റ) അദ്ദേഹത്തെ സഹായിക്കാൻ അയച്ചിരുന്നു. ഹദ്‌റത്ത് ഖാലിദ് ബിൻ വലീദ്(റ) ഇറാഖിൽ ഹദ്‌റത്ത് മുഥ്ഥാനീ ബിൻ ഹാരിഥയെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചു. പക്ഷേ, ഹദ്‌റത്ത് ഖാലിദ് ഇറാഖിൽനിന്ന് പോയപ്പോൾത്തന്നെ ഈ നടപടി തണുത്തുപോയി. ഹദ്‌റത്ത് ഉമർ(റ) ഖലീഫയായതോടെ അവിടന്ന് അടിമുടി ഇറാഖിലെ യുദ്ധനടപടിയിലേക്ക് ശ്രദ്ധ ചെലുത്തി. ഹദ്‌റത്ത് മുഥ്ഥാനീ ബുവയ്ബിലും മറ്റു യുദ്ധങ്ങളിലും ശത്രുക്കളെ ഒന്നിനുപിറകെ ഒന്നായി പരാജയപ്പെടുത്തി ഇറാഖിന്റെ വലിയൊരുഭാഗം പിടിച്ചെടുത്തിരുന്നു. അക്കാലത്ത് ഇറാഖ് പ്രദേശം കിസ്റായുടെ കീഴിലായിരുന്നു. ഇറാനികൾക്ക് മുസ്‌ലിമീങ്ങളുടെ യുദ്ധശക്തി മനസ്സിലാകുകയും മുസ്‌ലിമീങ്ങളുടെ നിരന്തരമുള്ള വിജയം അവരുടെ കണ്ണുറക്കുകയും ചെയ്തപ്പോൾ അവർ അവരുടെ റാണിയായിരുന്ന പൗറാൺദുഖ്ത്ത് ന് പകരം കിസ്റാ കുടുംബത്തിന്റെ യഥാർഥ അവകാശിയായ യസ്ദ്ജർദിനെ രാജാവായി വാഴിച്ചു. അയാൾ സിംഹാസനത്തിൽ ഇരുന്നുടനെ ഇറാനിക ഭരണത്തിന്റെ സകല ശക്തികളേയും ഒരുമിച്ചു കൂട്ടി. രാജ്യം മുഴുവൻ മുസ്‌ലിമീങ്ങൾക്കെതിരെ പ്രകോപനപരമായ അഗ്നി ജ്വലിപ്പിച്ചു. ഈ അവസ്ഥകളിൽ ഹദ്‌റത്ത് മുഥ്ഥാനിക്ക് അറേബ്യയുടെ അതിർത്തിയിൽനിന്ന് നിർബന്ധമായും മാറേണ്ടിവന്നു. ഹദ്‌റത്ത് ഉമർ(റ) ഈ സംഭവം അറിഞ്ഞപ്പോൾ അവിടന്ന് അറേബ്യയിൽ ആവേശപൂർവം പ്രസംഗിക്കുന്നവരെ നാലു ഭാഗത്തും വ്യാപിച്ചു. കിസ്റായ്ക്കെതിരിൽ അണിനിരക്കാൻ മുസ്‌ലിമീങ്ങളോടു പറഞ്ഞു. ഇതിന്റെ ഫലമായി അറേബ്യയിൽ ഒരു ആവേശം അലതല്ലി. നാലു ഭഗത്തുനിന്നും ഇസ്‌ലാമിനുവേണ്ടി ജീവാർപ്പണം ചെയ്തവർ തങ്ങളുടെ ജീവൻ കൈവെള്ളയിൽവച്ചുകൊണ്ട്

## അല്ലാഹുവിന്റെ വചനം

***"പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യും. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു." (3:32)***

**ത്വാലിബെ ദുആ:**
**Rahman Shakeer & Family,Ahmadiyya Jama-ath Karulai, Kerala**

## അല്ലാഹുവിന്റെ വചനം

***"അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തീരുമാനിച്ചാൽ സത്യവിശ്വാസിയായ ഒരു പുരുഷനോ സ്ത്രീക്കോ തങ്ങളുടെ കാര്യത്തിൽ ഇഷ്ടാനുസരണം പ്രവർത്തിക്കാൻ പാടുള്ളതല്ല. ആരെങ്കിലും അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണക്കേടു കാണിച്ചാൽ തീർച്ചയായും അവൻ സ്പഷ്ടമായ ദുർമാർഗത്തിലകപ്പെട്ടുപോകുന്നതാണ്." (33:37)***

**ത്വാലിബെ ദുആ:**
**P.Abdul Ameer Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

ഖിലാഫത്തിന്റെ കേന്ദ്രത്തിലേക്ക് ഒഴുകി വന്നു. ഈ യുദ്ധ നടപടിയുടെ നേതൃത്വം ആർക്കു കൊടുക്കണമെന്ന് ഹദ്റത്ത് ഉമർ കൂടിയാലോചിച്ചു. പൊതുജനങ്ങളുടെ അഭിപ്രായത്താൽ ഹദ്റത്ത് ഉമർതന്നെ ഇതിന് നേതൃത്വം നല്കാൻ തയ്യാറായി. പക്ഷേ, ഹദ്റത്ത് അലിയുടേയും വലിയ സ്വഹാബിമാരുടേയും അഭിപ്രായം അതിനു തടസമായി. അവർ തടഞ്ഞു. ഈ ഉദ്ദേശ്യത്തിന് ഹദ്റത്ത് സയീദ് ബിൻ സയ്ദിന്റെ നാമം സമർപിക്കപ്പെട്ടു. ഈ ഘട്ടത്തിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) എഴുന്നേറ്റു. അദ്ദേഹം പറഞ്ഞു, അമീറുൽ മുഅ്മിനീൻ! ഈ യുദ്ധ നടപടിക്കുള്ള ശരിയായ നേതാവിനെ എനിക്കു മനസ്സിലായി. അയാൾ ആരാണെന്ന് ഹദ്റത്ത് ഉമർ(റ) ചോദിച്ചു. ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്! അതിനുശേഷം എല്ലാവരും അതിനോടു യോജിച്ചു. ഹദ്റത്ത് ഉമർ(റ)സഅ്ദിനെ സംബന്ധിച്ച് പറഞ്ഞു: *ഇന്നഹൂ റജുലുൻ ശുജാഉൻ റാമിൻ* അതായത് അദ്ദേഹം ഒരു ധീരനും നിർഭയനും ഉഗ്രനായ അമ്പെയ്ത്തുകാരനുമായിരുന്നു. ഹദ്റത്ത് മുഥ്ഥാനീ, കൂഫയുടേയും വാസിതിന്റേയും ഇടയിലുള്ള ദീഖാർ എന്നൊരു സ്ഥലത്ത് ജീവാർപണം ചെയ്യാൻ തയ്യാറായ എട്ടായിരം ധീരന്മാരോടൊപ്പം ഹദ്റത്ത് സഅ്ദിനെ കാത്തു നില്ക്കുകയായിരുന്നു. അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന് വിളി വരികയും അദ്ദേഹം വഫാത്താകുകയും ചെയ്തു. അദ്ദേഹം തന്റെ സഹോദരൻ ഹദ്റത്ത് മുഅന്നായെ സൈന്യാധിപനായി നിശ്ചയിച്ചു. ഹദ്റത്ത് മുഅന്നാ നിർദേശമനുസരിച്ച് ഹദ്റത്ത് സഅ്ദുമായി കൂടിക്കാഴ്ച നടത്തി. ഹദ്റത്ത് മുഥ്ഥാനിയുടെ സന്ദേശമെത്തിച്ചു. ഹദ്റത്ത് സഅ്ദ് തന്റെ സൈന്യത്തെ പരിശോധിച്ചു. അത് ഏകദേശം മുപ്പതിനായിരും ആളുകൾ അടങ്ങുന്നതായിരുന്നു. അദ്ദേഹം സൈന്യത്തെ ക്രമീകരിച്ചു. സൈന്യത്തിന്റെ ഇടതുഭാഗത്തേയും വലതുഭാഗത്തേയും തരംതിരിച്ച് അവരിൽ പ്രത്യേകം പ്രത്യേകം ഓഫീസർമാരെ നിയോഗിച്ചു, മുന്നോട്ടു നീങ്ങി ഖാദിസിയായെ വളഞ്ഞു. ഖാദിസിയായിലെ യുദ്ധം ഹിജ്റ 16 ന്റെ അവസാനമാണുണ്ടായത്. സത്യനിഷേധികളുടെ എണ്ണം രണ്ടു ലക്ഷത്തി എൺപതിനായിരമായിരുന്നു. അവരുടെ സൈന്യത്തിൽ 30 ആനകളുണ്ടായിരുന്നു. ഇറാനീ സൈന്യത്തിന്റെ നേതൃത്വം റുസ്തമിന്റെ കൈയിലായിരുന്നു. ഹദ്റത്ത് സഅ്ദ് സത്യനിഷേധികളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അതിനുവേണ്ടി അദ്ദേഹം ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബായെ അയച്ചു. റുസ്തം അദ്ദേഹത്തോടു പറഞ്ഞു,നിങ്ങൾ ദരിദ്രരാണ്. ദാരിദ്ര്യം ദൂരീകരിക്കാൻ വേണ്ടിയാണ് നിങ്ങളിതൊക്കെ ചെയ്യുന്നത്. ഞങ്ങൾ നിങ്ങൾക്ക് വയറുനിറയെ തരുന്നതായിരിക്കും. ഹദ്റത്ത് മുഗീറ മറുപടിയായി പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ റസൂൽ വിളിച്ചപ്പോൾ ലബ്ബൈക് പറഞ്ഞവരാണ്. ഞങ്ങൾ നിങ്ങളെ ഏകനായ ദൈവത്തിലേക്കും അവന്റെ നബി(സ)യിൽ വിശ്വസിക്കുന്നതിലേക്കും ക്ഷണിക്കുകയാണ്. നിങ്ങൾ ഇത് സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഉത്തമമായിരിക്കും. ഇല്ലെങ്കിൽ പിന്നെ യുദ്ധമാണ്. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ വിധി പറയുന്നത് വാളായിരിക്കും. ഈ മറുപടി കേട്ട് റുസ്തമിന്റെ മുഖം ചെമന്ന് തുടുത്തു. കാരണം അയാളിൽനിന്നാണ് തുടക്കമുണ്ടായത്. അയാൾ യുദ്ധം ചെയ്യാനാഗ്രഹിച്ചിരുന്നു. അവർ പറഞ്ഞു, ഞങ്ങൾ ഇപ്പോഴും യുദ്ധം ചെയ്യാനാഗ്രഹിക്കുന്നില്ല. ഞങ്ങൾ നിങ്ങളെ ഇസ്‌ലാമിന്റെ പ്രബോധനം ചെയ്യുകയാണ്. ഇനി നിങ്ങൾ യുദ്ധം ആഗ്രഹിക്കുന്നെങ്കിൽ പിന്നെ ശരിതന്നെയാണ്, വിധി വാൾ പറയുന്നതായിരിക്കും. എന്തായാലും അയാളുടെ മുഖം ചെമന്നു തുടുത്തു. അയാൾ മുശ്‌രിക്കായിരുന്നു. അയാൾ പറഞ്ഞു, സൂര്യനേയും ചന്ദ്രനേയും കൊണ്ടു സത്യം നേരം വെളുക്കുന്നതിനു മുമ്പേ, ഞങ്ങൾ യുദ്ധം തുടങ്ങുന്നതായിരിക്കും. നിങ്ങളെല്ലാവരേയും വാളിന്നിരയാക്കുന്നതായിരിക്കും. ഹദ്റത്ത് മുഗീറ പറഞ്ഞു: ലാ ഹൗല വലാ ഖുവ്വത്ത് ഇല്ലാ ബില്ലാഹ് എല്ലാ ശക്തികളുടേയും ഉറവിടവും കേന്ദ്രവും അല്ലാഹു തന്നെയാണ്. ഇതു പറഞ്ഞ് അദ്ദേഹം തന്റെ കുതിരപ്പുറത്ത് യാത്രയായി. ആദ്യമെ അദ്ദേഹത്തിന് ഇസ്‌ലാമിന്റെ സന്ദേശം നല്കാൻ ഹദ്റത്ത് സഅ്ദിന് ഉമറിന്റെ സന്ദേശം കിട്ടി. അങ്ങനെ ഹദ്റത്ത് സഅ്ദ് പ്രസിദ്ധ കവിയും അശ്വഭടനുമായ ഹദ്റത്ത് അംറ് ബിൻ മഅ്ദീ കരിബിനേയും ഹദ്റത്ത് അശ്അഥ് ബിൻ ഖയ്സ് കിൻദയേയും ഈ സംഘത്തോടൊപ്പം അയച്ചു. റുസ്തമുമായി അവർ നേർക്കുനേർ കണ്ടപ്പോൾ എവിടെ പോകുകയാണെന്ന് അയാൾ ചോദിച്ചു. നിങ്ങളുടെ ഭരണാധികാരിയെ കാണാൻ പോകുകയാണെന്ന് അവർ പറഞ്ഞു. റുസ്തമിനും അവർക്കുമിടയിൽ വിശദമായ ചർച്ച നടന്നു. സംഘത്തിലെ അംഗങ്ങൾ പറഞ്ഞു: നമ്മുടെ നബി(സ)തിരുമേനി ഞങ്ങളോടു വാഗ്ദാനം ചെയ്തിരിക്കുന്നു, ഞങ്ങൾ നിങ്ങളുടെ പ്രദേശം കീഴടക്കുമെന്ന്. അപ്പോൾ റുസ്തം മണ്ണുനിറച്ച ചാക്കു വരുത്തിച്ചു. ഞങ്ങളുടെ സ്ഥലം ഇതാ! എടുത്തുകൊള്ളുക എന്ന് പറഞ്ഞു. അത് തലയിലേറ്റിക്കൊള്ളുക. ഹദ്റത്ത് അംറ് ബിൻ മഅ്ദീ കരിബി വേഗം എഴുന്നേറ്റു. മണ്ണിന്റെ കൊട്ട തന്റെ ചെറിയ സഞ്ചിയിൽവെക്കുകയും പോകുകയും ചെയ്തു. പറഞ്ഞു: ഇത് ശകുനമാണ്. ഞങ്ങൾ വിജയിക്കുന്നതായിരിക്കും. അവരുടെ സ്ഥലം നമ്മുടെ കൈവശം വരുന്നതായിരിക്കും. പിന്നീട് ഇറാൻ രാജാവിന്റെ ദർബാറിലെത്തി. അയാളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അപ്പോൾ അയാൾ പ്രകോപിതനായി. എന്റെ ദർബാറിൽ നിന്ന് പോകാൻ അയാൾ പറഞ്ഞു. നിങ്ങൾ സന്ദേശവാഹകരല്ലായിരുന്നുവെങ്കിൽ നിങ്ങളെ ഞാൻ കൊല്ലിക്കുമായിരുന്നു. പിന്നീട് അയാൾ റുസ്തമിനോടു കല്പിച്ചു, ഒരിക്കലും വിസ്മരിക്കാനാവാത്ത പാഠം അവരെ പഠിപ്പിക്കുക. വ്യാഴാഴ്ച ദിവസം ളുഹ്റിനുശേഷം യുദ്ധകാഹളം മുഴക്കപ്പെട്ടു. ഹദ്റത്ത് സഅ്ദ് മൂന്നുവട്ടം അല്ലാഹു അക്ബറിന്റെ ധ്വനി മുഴക്കി. നാലാമത്തേതിൽ യുദ്ധം ആരംഭിക്കുകയും ചെയ്തു. ഹദ്റത്ത് സഅ്ദ് രോഗിയായിരുന്നു. യുദ്ധ മൈതാനത്തിനടുത്ത് ഉദയ്ബ് കൊട്ടാരത്തിന്റെ മുകളിലെ നിലയിലിരുന്ന് നിർദേശങ്ങൾ കൊടുക്കുകയായിരുന്നു.(രോശൻ സിത്താരെ ഗുലാം ബാരി സയ്ഫ് സാഹിബ് വാള്യം 2 പേജ് 79–82)(അറ്റ്ലസ് ഫുത്തൂഹാത്തെ ഇസ്‌ലാമിയ്യ, പേജ് 81, 100, 118, 126)(മുഅ്ജമുൽ ബുൽദാൻ, വാള്യം 4, പേജ് 333, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഹദ്റത്ത് ഉമറിന്റെ കാലത്ത് ഖുസ്റു പർവേസിന്റെ പൗത്രൻ യസ്ദ്ജർദിന്റെ സിംഹാസനാരോഹണത്തിനുശേഷം ഇറാഖിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ വളരെ വിപുലമായ രീതിയിൽ യുദ്ധത്തിനുള്ള സന്നാഹം നടക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ) അവർക്കെതിരെ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. ഹദ്റത്ത് സഅ്ദ്(റ) ഖാദിസിയായിലെ മൈതാനം തിരഞ്ഞെടുത്തു. ഹദ്റത്ത് ഉമറിന് ആ സ്ഥലത്തിന്റെ ഭൂപടം അയച്ചുകൊടുത്തു. ഹദ്റത്ത് ഉമറിന് ആ സ്ഥലം ഇഷ്ടപ്പെട്ടു. എന്നാൽ, അതിനോടൊപ്പം എഴുതി: ഇറാൻ രാജാവിനോടു യുദ്ധം ചെയ്യുന്നതിനുമുമ്പേ, ഒരു പ്രതിനിധി സംഘത്തെ ഇറാൻ രാജാവിന്റെ അടുക്കൽ അയക്കുകയും അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്യുക എന്നത് താങ്കളുടെ നിർബന്ധ കടമയാണ്. അദ്ദേഹം ഈ കല്പന കിട്ടിയപ്പോൾ യസ്ദ്ജർദുമായി കൂടിക്കാഴ്ച നടത്തുന്നതിന് ഒരു പ്രതിനിധി സംഘത്തെ അയച്ചു. ഈ പ്രതിനിധി സംഘം ഇറാൻ രാജാവിന്റെ ദർബാറിലെത്തിയപ്പോൾ ഇറാൻ രാജാവ് തന്റെ ദ്വിഭാഷിയോടു പറഞ്ഞു, എന്തിനാണ് ഇവർ വന്നതെന്ന് ഇവരോടു ചോദിക്കുക. അയാൾ ഇതു ചോദിച്ചപ്പോൾ സംഘത്തിന്റെ നേതാവ് ഹദ്റത്ത് നുഅ്മാൻ ബിൻ മുഖർറിൻ എഴുന്നേറ്റുനിന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ നിയോഗത്തെ സംബന്ധിച്ച് സ്മരിച്ചുകൊണ്ടു പറഞ്ഞു, ഇസ്‌ലാമിനെ പ്രചരിപ്പിക്കാനും ലോകത്തിലെ എല്ലാ ആളുകളേയും സത്യദീനിലേക്ക് വരാൻ ക്ഷണിക്കണമെന്നും നബി(സ)തിരുമേനി ഞങ്ങളോടു കല്പിച്ചിരിക്കുന്നു. ഈ കല്പനയനുസരിച്ച് ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ വന്നിരിക്കുകയാണ്. ഇസ്‌ലാമിൽ ചേരാൻ ഞങ്ങൾ അങ്ങയെ ക്ഷണിക്കുകയാണ്. യസ്ദ്ജർദ് ഇതുകേട്ടപ്പോൾ പൊട്ടിത്തെറിച്ചു. അയാൾ പറഞ്ഞു: നിങ്ങൾ കാട്ടാളന്മാരും ചത്തതിനെ തിന്നുന്നവരുമാണ്. വിശപ്പും പട്ടിണിയുമാണ് നിങ്ങളെ ഈ ആക്രമണത്തിന് നിർബന്ധിതരാക്കിയിരിക്കുന്നതെങ്കിൽ സമാധാനത്തോടെ ജീവിക്കാനുള്ളത്ര എല്ലാ സാധനസാമഗ്രികളും നിങ്ങൾക്ക് ഞാൻ തരാൻ തയ്യാറാണ്. വാസ്തവത്തിൽ തുടക്കമുണ്ടായത് അവരിൽനിന്നാണ്. എന്നിട്ട് മുസ്‌ലിമീങ്ങളുടെ മേൽ ആക്ഷേപം ഉന്നയിക്കുന്നു. പിന്നീടു പറഞ്ഞു, നിങ്ങൾക്ക് ധരിക്കാൻ വസ്ത്രങ്ങൾ തരുന്നതാണ്. നിങ്ങൾ ഈ സാധനങ്ങൾ വാങ്ങി നാട്ടിലേക്ക് മടങ്ങിപ്പോകുക. ഇവിടെ അതിർത്തിയിലിരുന്ന് തങ്ങളുടെ അതിർത്തികളെ സംരക്ഷിക്കുന്നവരെ ഉപേക്ഷിക്കുക. ഈ പ്രദേശത്ത് ആധിപത്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നതുപോലെ ചെയ്യാൻ എന്നെ വിടുക. നിങ്ങൾ ഞങ്ങളുമായി യുദ്ധം ചെയ്ത് നിങ്ങളുടെ ജീവൻ എന്തിനാണ് പാഴാക്കിക്കളയുന്നത്? അയാൾ സംസാരം അവസാനിപ്പിച്ചപ്പോൾ ഇസ്‌ലാമിക പ്രതിനിധി സംഘത്തിൽനിന്ന് ഹദ്റത്ത് മുഗീറ ബിൻ സുറാറ എഴുന്നേറ്റുനിന്നു. അദ്ദേഹം പറഞ്ഞു: താങ്കൾ ഞങ്ങളെ കുറിച്ച് പറഞ്ഞതെല്ലാം ശരിയാണ്. ഞങ്ങൾ തീർച്ചയായും കാട്ടാളന്മാരും ചത്തതിനെ തിന്നുന്നവരുമായിരുന്നു. പാമ്പിനേയും തേളിനേയും കുരുവികളേയും പല്ലികളെപ്പോലും തിന്നാറുണ്ടായിരുന്നു. പക്ഷേ, അല്ലാഹു ഞങ്ങളിൽ കൃപ ചൊരിഞ്ഞിരിക്കുന്നു. അവൻ ഞങ്ങളുടെ സന്മാർഗത്തിനുവേണ്ടി തന്റെ ഒരു റസൂലിനെ അയച്ചിരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തെ വിശ്വസിച്ചു. അദ്ദേഹം പറഞ്ഞതനുസരിച്ച് പ്രവൃത്തിച്ചു. ഇതിന്റെ ഫലമായി ഞങ്ങളിൽ ഒരു വിപ്ലവം ഉണ്ടായി കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ താങ്കൾ പറഞ്ഞ ദോഷങ്ങളൊന്നും ഞങ്ങളിലില്ല. ഇപ്പോൾ പ്രലോഭനങ്ങൾക്ക് വഴിപ്പെടാൻ ഞങ്ങൾ തയ്യാറല്ല. താങ്കളുമായി ഞങ്ങളുടെ യുദ്ധം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി ഇതിന്റെ വിധി യുദ്ധമൈതാനത്തായിരിക്കും പറയുക. ഭൗതികമായ സാധനസാമഗ്രികൾ കാട്ടിയുള്ള പ്രലോഭനങ്ങൾകൊണ്ട് ഞങ്ങൾ പിന്മാറുകയില്ല. യസ്ദ്ജർദ് ഇതു കേട്ടപ്പോൾ കോപാന്ധനായി. അയാൾ പരിചാരകനോടു മണ്ണ് നിറച്ച ഒരു ചാക്ക് കൊണ്ടുവരാൻ പറഞ്ഞു. അങ്ങനെ മണ്ണു നിറച്ച ചാക്കുകൊണ്ടുവന്നപ്പോൾ മുസ്‌ലിമീങ്ങളുടെ ആ സംഘത്തിന്റെ നേതാവിനെ വിളിച്ചുകൊണ്ട് പറഞ്ഞു: ‘ഈ മണ്ണു നിറച്ച ചാക്കല്ലാതെ നിങ്ങൾക്കു മറ്റൊന്നും ലഭിക്കുന്നതല്ല.’ ആ സ്വഹാബി വളരെ ഗൗരവത്തോടെ മുന്നോട്ടാഞ്ഞ് തലതാഴ്ത്തിക്കൊണ്ട് മണ്ണു നിറച്ച ആ

ചാക്ക് സ്വന്തംപുറത്തു ചുമന്നുകൊണ്ട് അതിവേഗത്തിൽ ആ കൊട്ടാരസദസ്സിൽ നിന്ന് ചാടി പുറത്തുകടന്നു. അവിടെ നിന്നുകൊണ്ട് തന്റെ കൂടെയുണ്ടായിരുന്നവരോട് ഉച്ചത്തിൽ വളിച്ചുപറഞ്ഞു; ഇറാനിലെ ചക്രവർത്തി ഇന്ന് സ്വന്തം കൈകളാൽ തന്റെ രാജ്യം നമ്മെ ഏൽപിച്ചിരിക്കുകയാണ്. ഇതും പറഞ്ഞ് കുതിരപ്പുറത്തേറി വേഗത്തിൽ പുറപ്പെട്ടു. ചക്രവർത്തി അദ്ദേഹത്തിന്റെ ഈ മുദ്രാവാക്യം വിളി കേട്ടപ്പോൾ വിറച്ചുപോയി. അയാൾ തന്റെ സദസ്യരോട് പറഞ്ഞു പോകൂ, 'വേഗം പോയി മണ്ണുനിറച്ച ആ ചാക്ക് തിരികെ കൊണ്ടുവരൂ. ഞാനെന്റെ കൈകൊണ്ടുതന്നെ സ്വന്തം രാജ്യത്തിന്റെ മണ്ണ് അദ്ദേഹത്തിനു നൽകിയതു വലിയ അപശകുനമായിരിക്കുന്നു.' എന്നാൽ, അവർ അപ്പോഴേക്കും കുതിരപ്പുറത്തേറി ഏറെ ദൂരം പിന്നിട്ടു കഴിഞ്ഞിരുന്നു. പിന്നീട് അദ്ദേഹം പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. ഏതാനും വർഷങ്ങൾക്കകം ഇറാൻ മുഴുവനും മുസ്‌ലിമീങ്ങളുടെ അധീനതയിലായി. ഈ അതിമഹത്തായ പരിവർത്തനം മുസ്‌ലിമീങ്ങളിൽ എങ്ങനെ ഉണ്ടായി? എങ്ങനെയെന്നാൽ, ഖുർആനിലെ അധ്യാപനങ്ങൾ അവരുടെ സ്വഭാവത്തിലും ശീലത്തിലും ഒരു വലിയ വിപ്ലവമുണ്ടാക്കിയിരുന്നു. അവരുടെ അധമമായ ജീവിതത്തിനു മരണം സംഭവിച്ചു. അതവരെ മഹത്തായ കൃത്യനിർവ്വഹണത്തിലേക്കും ഉന്നതമായ സൽസ്വഭാവത്തിലേക്കും എഴുന്നേല്പിച്ചു നിറുത്തിയിരുന്നു. അതിന്റെ ഫലമായി അവർ ലോകത്ത് ഇസ്‌ലാമിന്റെ പ്രചാരകരായി മാറുകയും ഇസ്‌ലാമിക അധ്യാപങ്ങളനുസരിച്ചു പ്രവർത്തിച്ചുകൊണ്ട് ജനങ്ങളെ യഥാർഥ മുസ്‌ലിമീങ്ങളാക്കിത്തീർക്കുന്നവരാകുകയും ചെയ്തു. ഒരു ഭയത്തിനും ആപത്തിനും ഒരു ശക്തിക്കും അവരെ ഭയപ്പെടുത്താനായില്ല.(തഫ്സീറെ കബീർ, വാള്യം 6, പേജ് 204-205)

ഇദ്ദേഹത്തെക്കുറിച്ചുള്ള കുറച്ചു ഭാഗം ബാക്കിയുണ്ട്. അത് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇന്ന് ഞാൻ കുറച്ച് ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അതിൽ ആദ്യത്തേത് പാക്കിസ്താനിലെ നാളിർ തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർളിയായ മുഹമ്മദ് അക്റം സാഹിബിന്റെ ഭാര്യ ബുശ്റാ അക്റം സാഹിബയുടേതാണ്. 2020 മാർച്ച് 25ന് 66-ാം വയസ്സിൽ അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇന്നത്തെ അവസ്ഥകൾ കാരണത്താൽ ആ നേരത്ത് ജനാസ നമസ്കരിപ്പിക്കാൻ കഴിഞ്ഞില്ല. പരേത ദൈവാനുഗ്രഹത്താൽ മൂസിയായിരുന്നു. അവർക്ക് രണ്ട് പുത്രന്മാരും ഒരു പുത്രിയുമുണ്ട്. ബുശ്റാ അക്റം സാഹിബ തന്റെ ഭർത്താവ് മുഹമ്മദ് അക്റം സാഹിബുമായി 15 വർഷം ലൈബീരിയായിൽ താമസിച്ചു. അക്കാലത്ത് ലൈബീരിയ സ്വദ്ർ ലജ്ന എന്ന നിലയിൽ സേവനം ചെയ്യാൻ അവർക്ക് തൗഫീഖ് കിട്ടി. ലൈബീരിയായിൽ ആഭ്യന്തരയുദ്ധം നടക്കുന്നതിന്നിടയിൽ തന്റെ ഭർത്താവിനോടും കുട്ടികളോടുമൊപ്പം 15 ദിവസംവരെ അവരെ ആർമിയുടെ ബാരക്സിൽ (barracks) കസ്റ്റഡിയിൽ വെച്ചു. മുഹമ്മദ് അക്റം ബാജ്വ സാഹിബ് എഴുതുന്നു: പരേത ഒരു വാഖ്ഫെ സിന്ദഗിയോടൊപ്പം അതായത് അക്റം സാഹിബിനോടൊപ്പം 37 വർഷം ദാമ്പത്യജീവിതം അങ്ങേയറ്റം ആത്മാർഥതയോടും ക്ഷമയോടും കൂടി നിറവേറ്റി. പ്രത്യേകിച്ചും ഈയുള്ളവൻ ലൈബീരിയായിൽ മുബല്ലിഗ് എന്ന നിലയിൽ നിയമിതനായപ്പോൾ -അവിടെ ജമാഅത്തിന്റെ അമീറുമായിരുന്നു- 23 വർഷത്തിനിടയിൽ തബ്‌ലീഗ്-തർബിയ്യത്ത് കാര്യങ്ങളിൽ സഹായിച്ചു. അതിഥികളെ സൽക്കരിച്ചു. ജമാഅത്തുപരമായ മറ്റു കാര്യങ്ങളിൽ സഹായിയായി. സ്വദ്ർ ലജ്ന ലൈബീരിയ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പരേതയ്ക്ക് തന്റെ 15 വർഷ താമസത്തന്നിടയിൽ പലവട്ടവും മലേറിയായും ടൈഫോയിഡും പിടിപ്പെട്ടു. പക്ഷേ, എന്നിട്ടും അങ്ങേയറ്റം ക്ഷമയോടുകൂടി എന്നോടൊപ്പം നിന്നു. പരേത, കുട്ടികൾക്ക് നല്ലനിലയിൽ ദീനീപരമായ മൂല്യങ്ങൾ നിലനിറുത്തി ശിക്ഷണം നല്കി. രണ്ടു കുട്ടികൾ മാശാഅല്ലാഹ് കൂറോടുകൂടി ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒരു വാഖ്ഫെ സിന്ദഗി മൻസ്വൂർ നാസിർ സാഹിബ്- ഇദ്ദേഹം അവിടെ ഹൈസ്കൂളിന്റെ പ്രിൻസിപ്പാൾ ആണെന്നാണ് തോന്നുന്നത്- എഴുതുന്നു: 'മൂന്നുവർഷം തുടർച്ചയായി ഞാൻ തനിച്ച് ലൈബീരിയായിൽ താമസിച്ചിരുന്നപ്പോൾ എന്നെ തന്റെ വീട്ടിൽ പാർപ്പിച്ച് അവർ ആതിഥ്യം നല്കി കുട്ടികളെപോലെ താമസിപ്പിച്ചു. ചെറിയ സഹോദരനെപോലെനോക്കി.' അല്ലാഹു അവരുടെ മക്കളേയും അവരുടെ ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. നന്മകൾ തുടർന്നുകൊണ്ടു പോകാൻ തൗഫീഖ് നല്കുമാറാകട്ടെ. മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ.

രണ്ടാമത്തെ ജനാസ ഇഖ്ബാൽ അഹ്മദ് നാസിർ പീർക്കോട്ടിയുടേതാണ്. അദ്ദേഹം ഖയ്ർപൂർ ജില്ലയിലെ കർവണ്ടിക്കാരനാണ്. 2020 ജൂലായ് 14ന് 82-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ മകൻ ബുർക്കിനാ ഫാസോയിൽ ജമാഅത്തിന്റെ മുബല്ലിഗാണ്. അദ്ദേഹം പറയുന്നു: ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്നേഹിതനായ മിയാൻ നൂർ മുഹമ്മദ് സാഹിബിന്റെ മകനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ മിയാൻ ഇമാമുദ്ദീൻ സാഹിബിന്റെ പൗത്രനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരായ മിയാൻ പീർമുഹമ്മദ് സാഹിബിന്റേയും ഹാഫിള് മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റേയും സഹോദരപുത്രനുമായിരുന്നു. ജമാഅത്തിന്റെ ജോലികളിൽ അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു. ദീർഘകാലംവരെ സെക്രട്ടറി മാലെന്ന നിലയിൽ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. അൻസ്വാറുല്ലാഹ് സയീമുമായിരുന്നു. ഇമാമുസ്സ്വലാത്തുമായിരുന്നു. മുറബ്ബി അത്ഫാൽ എന്ന നിലയിലും സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഒരു പാട്ടയിൽ പൈസ ഇട്ടുവെക്കാറുണ്ടായിരുന്നത് കുട്ടിക്കാലത്ത് ഞാൻ കണ്ടിരുന്നു. ഞാൻ ചോദിക്കുമ്പോൾ പറയും, 'ചന്ദയുടെ പൈസ അപ്പപ്പോൾ മാറ്റിവെക്കുകയാണ്, സമയത്ത് ചന്ദ നല്കാൻ.' വലിയ വികാരത്തോടും താൽപര്യത്തോടും തബ്‌ലീഗ് ചെയ്യാറുണ്ടായിരുന്നു. അദ്ദേഹം മുഖേന സൗഭാഗ്യരായ പലരും ജമാഅത്തിൽ പ്രവേശിച്ചിട്ടുണ്ട്. ദുആ ചെയ്യുന്നയാളും നോമ്പും നമസ്കാരങ്ങളും തഹജ്ജുദ് നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്ന ആളുമായിരുന്നു. ഇദ്ദേഹം ബുർക്കിനാ ഫാസോയിൽ തന്നെയാണുള്ളത്. ഇദ്ദേഹം പറയുന്നു: ഞാൻ വളരെ നിർബന്ധിച്ചപ്പോൾ 2016ൽ ബുർക്കിനാ ഫാസോയിൽ വന്നിരുന്നു. ആയിടയ്ക്ക് ജമാഅത്തിന്റെ എത്ര ജൽസകൾ നടന്നുവോ, ഇജ്തിമാകൾ നടന്നുവോ അവയിൽ പങ്കെടുത്തു. വളരെ ആവേശത്തോടെ അവിടെ 'നഅ്റ' വിളിച്ചു; സദസ്യരുടെ രക്തത്തിന് ചൂടേകി. മനസംതൃപ്തി കരസ്ഥമാക്കി. കാരണം പാക്കിസ്താനിൽ ദീർഘകാലമായി ജമാഅത്തിന്റെ ജൽസ നടക്കാത്ത കാരണത്താൽ അദ്ദേഹത്തിന്റെ മനസ്സിൽ ഒരു ദാഹമുണ്ടായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യ ബശീറാൻ ബീഗം സാഹിബയും മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്.

അമീർ, മിഷണറി ഇൻചാർജ് ബുർക്കിനാ ഫാസോ എഴുതുന്നു: ബുർക്കിനാ ഫാസോയിൽ വന്നപ്പോൾ അദ്ദേഹത്തിന് ഭാഷയുടെ പ്രശ്നമുണ്ടായിരുന്നു. കാരണം അവിടെ ഫ്രഞ്ചാണ് സംസാരിക്കാറുണ്ടായിരുന്നത്. പക്ഷേ, അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ ഭാഷ എല്ലാവരും മനസ്സിലാക്കിയിരുന്നു. അദ്ദേഹം ഓരോരുത്തരേയും എത്ര സ്നേഹത്തോടെ കണ്ടിരുന്നുവെന്നാൽ, ഓരോരുത്തരും അദ്ദേഹത്തിന്റെ ഇഷ്ടരായിത്തീർന്നു. അദ്ദേഹം വഫാത്തായപ്പോൾ ഇവിടുത്തെ തദ്ദേശവാസികൾ വളരെ സ്നേഹത്തോടെ അദ്ദേഹത്തെ സ്മരിച്ചു. എഴുതുന്നു: ഞങ്ങളുടെ നാഷണൽ സെക്രട്ടറി ഇശാഅത്ത് ബാപിനാ(Bapina) സാഹിബ് അദ്ദേഹത്തിന്റെ ഫോട്ടോ ഷെയർ ചെയ്തു. വഫാത്തറിഞ്ഞതിനു ശേഷം അദ്ദേഹം എഴുതി: ബുർക്കിനാഫാസോയിൽ താമസിക്കുന്നതിനിടയിൽ അദ്ദേഹത്തെ കണ്ടപ്പോൾ ഞാൻ അദ്ദേഹത്തെ യഥാർഥ മഹാനായ അഹ്മദിയായി കണ്ടു.'

അല്ലാഹു പരേതനോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കളെ അദ്ദേഹത്തിന്റെ ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ബുർക്കിനാ ഫാസോയിലുള്ള മകന് ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

മൂന്നാമത്തെ ജനാസ മുഹമ്മദ് ഇബ്റാഹീം സാഹിബിന്റെ ഭാര്യ ഗുലാം ഫാതിമ ഫഹ്മീദ സാഹിബയുടേതാണ്. കശ്മീരിലെ കോട്ലിജില്ലയിലെ ദോലിയാൻ ജട്ടാൻ വാസിയാണ്. 2020 ജൂലൈ 18ന് 72-ാം വയസ്സിൽ ദീർഘകാല രോഗബാധിതനായ ശേഷം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1944ൽ അവരുടെ പിതാവ് ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ പേര് നേക് മുഹമ്മദ് എന്നായിരുന്നു. കാലേഖാൻ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ബയ്അത്തിനു മുമ്പേ അദ്ദേഹം സ്വപ്നം കണ്ടിരുന്നു; 'ഞാൻ ഏതോ മഹാത്മാവിനെ കാണാൻ പോകുകയാണ്. ഞാൻ മഹാത്മാവിനെ കണ്ടപ്പോൾ മുന്നോട്ടാഞ്ഞ് ആശ്ലേഷിച്ചു. ആ മഹാത്മാവ് കാലേഖാൻ സാഹിബിനോടു പറഞ്ഞു, 'കാലേഖാൻ! താങ്കൾ എപ്പോഴാണ് നമ്മുടെ അടുത്തുവരിക?' കാലേഖാൻ സാഹിബ് പറഞ്ഞു, 'ഞാനിതാ വന്നിരിക്കുകയാണ്.' പറയുന്നു. ഒരാളുടെ കൈയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ഫോട്ടോ കണ്ടപ്പോൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. ഈ മഹാത്മാവിനെയാണ് താൻ സ്വപ്നത്തിൽ കണ്ടതെന്ന് പറഞ്ഞു. കത്തുമുഖേന അദ്ദേഹം ബയ്അത്ത് ചെയ്തു. അദ്ദേഹം ബയ്അത്ത് ചെയ്തതിനുശേഷം ഒപ്പം തന്റെ ബയ്അത്തും ചെയ്യാൻ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. അങ്ങനെ ഭാര്യയും ബയ്അത്ത് ചെയ്തു. ഭാര്യയും ഭർത്താവും വളരെ ആത്മാർഥരായിരുന്നു. ഇപ്രകാരംതന്നെ ഹമീദ ഫാതിമ സാഹിബ വഫാത്തായപ്പോൾ അവരുടെ മക്കളിലും അദ്ദേഹത്തിന്റെ ശിക്ഷണത്തിന്റെ സ്വാധീനമുണ്ടായി. ഇവരും അഞ്ചുനേരം നമസ്കാരവും തഹജ്ജുദ് നമസ്കാരവും നിർവഹിക്കുന്നവരായിരുന്നു. പതിവായി ഖുർആൻ പാരായണം ചെയ്യുമായിരുന്നു. അവരുടെ മക്കൾ മിക്കപ്പോഴും അവരെ രാത്രികളിൽ എഴുന്നേറ്റ് വിലപിക്കുന്നത് കണ്ടിട്ടുണ്ട്. ജുമുഅ നമസ്കാരത്തിന് മസ്ജിദിൽ വരാൻ സ്ത്രീകൾക്കനുവാദമുണ്ടായിരുന്നപ്പോൾ, ജുമുഅ നമസ്കാരത്തിന് ഒരു മണിക്കൂർ മുമ്പേ മസ്ജിദിൽ പോകുമായിരുന്നു. നഫ്‌ലുകളിലും ദുആകളിലും സമയം ചെലവഴിച്ചു. വളരെ ധീരയും സഹിഷ്ണുതയും ക്ഷമയുമുള്ളവരായിരുന്നു. അവരുടെ ഭർത്താവ് 1965ലും 1971ലും നടന്ന യുദ്ധങ്ങളിൽ രണ്ടു പ്രാവശ്യം തടവിലായി. ആദ്യതവണ അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്ന

തിനെക്കുറിച്ചു ദീർഘകാലം ഒരറിവുമുണ്ടായിരുന്നില്ല. ശഹീദായിട്ടുണ്ടാകുമെന്ന് മനസ്സിലാക്കപ്പെട്ടു. ജനാസ ഗാഇബും നമസ്കരിക്കപ്പെട്ടു. പക്ഷേ, എന്നിട്ടും അവർക്ക് ഭർത്താവ് ജീവനോടെയുണ്ടെന്ന് വിശ്വാസമുണ്ടായിരുന്നു; തീർച്ചയായും തിരിച്ചുവരും. അല്ലാഹു ഫള്ൽ ചെയ്തു. ഭർത്താവ് മോചിതനായി തിരിച്ചുവന്നു. പരേതയുടെ സന്തപ്ത കുടുംബത്തിൽ ഭർത്താവ് മുഹമ്മദ് ഇബ്റാഹീം സാഹിബിനു പുറമെ നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. മൂന്ന് പുത്രന്മാർ വാഖ്ഫെ സിന്ദഗിയാണ്. മുഹമ്മദ് ജാവേദ് സാഹിബ് സാംബിയാ(Zambia)യിലാണ്. മുബല്ലിഗ് എന്ന നിലയിൽ സേവനം ചെയ്യുന്നു. മാതാവിന്റെ വേർപാടിൽ പാക്കിസ്താനിൽ വരാൻ കഴിഞ്ഞില്ല. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അവരുടെ മക്കൾക്ക് അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത ജനാസ മുഹമ്മദ് അഹ്മദ് അൻവർ സാഹിബ് ഹൈദ്രാബാദിന്റേതാണ്. അദ്ദേഹം മെയ് 22ന് 94-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വരുന്നത് ഇദ്ദേഹത്തിന്റെ പിതാമഹൻ ശെയ്ഖ് ദാഊദ് അഹ്മദ് സാഹിബ് മുഖേനയാണ്. പ്രാരംഭകാലത്ത് ഇദ്ദേഹത്തിന്റെ പിതാവ് തന്റെ രണ്ടു ആൺമക്കളെ അതായത് മുഹമ്മദ് അഹ്മദ് സാഹിബ് അൻവറിനേയും മജീദ് അഹ്മദ് സാഹിബിനേയും വിദ്യാഭ്യാസത്തിന് ഖാദിയാനിൽ അയച്ചു. ഖാദിയാനിൽ മിനാരത്തുൽ മസീഹിലൂടെ ബാങ്കു കൊടുക്കാനുള്ള സൗഭാഗ്യവും അവർക്ക് കിട്ടി. മുഹമ്മദ് അഹ്മദ് സാഹിബ് ആരംഭകാലം മുതൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ കൂടെ താമസിച്ചു. വിഭജനത്തിനുശേഷം ഹുദൂറിന്റെകൂടെ റബ്വയിൽ വരികയും ചെയ്തു. അതിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ(റഹ്) കൂടെ ആ മഹാത്മാവിന്റെ ഡ്രൈവർ എന്ന നിലയിലും സേവനം ചെയ്തു. പിന്നീട് അദ്ദേഹം തന്റെ പഠനം പൂർത്തിയാക്കി; ഫിസിക്കൽ എഡ്യുക്കേഷനിൽ ഡിപ്ലോമ ചെയ്തു. പിന്നീട് ഉർദുവിലും ഇസ്ലാമിയാത്തിലും എം.എ ചെയ്തു. ഡി.പി. പരീക്ഷ പാസായി. തുടർന്ന് തഅ്ലീമുൽ ഇസ്ലാം കോളേജിൽ അദ്ദേഹത്തിന് ദീർഘകാലം സേവനം ചെയ്യാൻ തൗഫീഖ് കിട്ടി.

73 മുതൽ 76 വരെ മൂന്നുവർഷം വഖ്ഫ് ചെയ്ത് ഗാംബിയായിൽ പോയി. 78 മുതൽ 86 വരെ നൈജീരിയായിൽ ഗേൾസ് കോളേജിൽ ഇസ്ലാമിയാത്തിന്റെ ടീച്ചറായിരുന്നു. 1988ൽ പാക്കിസ്താനിൽനിന്ന് ജർമനിയിൽ ഹിജ്റത്ത് ചെയ്തു. 2009-ൽ അവിടെനിന്ന് യു.കെയിൽ വന്നു. പിന്നീട് ഇവിടെത്തന്നെയാണ് താമസിച്ചത്. പരേതന് നാലു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ട്. അവരെല്ലാവരും വിവാഹിതരാണ്. അദ്ദേഹം ജർമനീ ഖളാ ബോർഡിന്റെ നാഇബ് സ്വദ്റായിരുന്നു. ഒരു കാലത്ത് ജർമനീ ജമാഅത്തിന്റെ ഓഡിറ്ററുമായിരുന്നു. അദ്ദേഹത്തിന്റെ മകൾ അമത്തുൽ മജീദ് സാഹിബ പറയുന്നു: 'എന്റെ പിതാവ് ദുആകളുടെ ഒരു ഖജനാവായിരുന്നു. തന്റെ ജീവിതത്തിൽ അദ്ദേഹം കേവലം നമസ്കാരം, ഖുർആൻ, നോമ്പ്, ഖിലാഫത്ത് സേവനം തുടങ്ങിയവയെല്ലാം തന്റെ വിരിപ്പും പുതപ്പുമാക്കി. മക്കളായ ഞങ്ങൾക്കെല്ലാവർക്കും ഈ ഉപദേശമാണ് നല്കിയത്. അല്ലാഹു പരേതനോടു കാരുണ്യത്തോടും മഗ്ഫിറത്തോടുംകൂടി പെരുമാറട്ടെ.'

ഇന്നത്തെ അവസാന ജനാസ സലീം ഹസൻ അൽജാബി സാഹിബ് ഓഫ് സിറിയയുടേതാണ്. ജൂൺ 30ന് 92-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ മകൾ ലുബ്നാ അൽജാബീ സാഹിബയും അദ്ദേഹത്തിന്റെ പൗത്രി ഹിബത്തുൽ ജാബീ സാഹിബയും-ഇവർ ഡോക്ടർ ബിലാൽ ത്വാഹിർ സാഹിബിന്റെ ഭാര്യയാണ്- ഇവിടെ യു.കെയിൽ താമസിക്കുന്നു. അവർ പറയുന്നു: 'സലീം ജാബീ സാഹിബ് 1928-ൽ ഡമാസ്കസിലെ ഗ്രാമീണ പ്രദേശത്ത് ജനിച്ചു. 18-ാം വയസ്സിൽ ജാബീ സാഹിബ് ഒരു സാദാകൃഷിക്കാരനായ അഹ്മദി അബൂദഹ്ബ് മുഖേന ജമാഅത്തിനെ പരിചയപ്പെട്ടു. അപ്പോൾ ജാബീ സാഹിബ് ഇസ്തിഖാറ ചെയ്തു. സ്വപ്നത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അദ്ദേഹം കണ്ടു. സ്വപ്നത്തിൽതന്നെ ബയ്അത്തും ചെയ്തു. പിന്നീട് അബൂദഹ്ബ് സാഹിബ് അദ്ദേഹത്തിന് ഇസ്ലാമീ ഉസൂൽ കി ഫിലാ സഫി എന്ന ഗ്രന്ഥത്തിന്റെ അറബി തർജമ നല്കി. ഈ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കണ്ട് അക്കാലത്തെ അഹ്മദിയ്യാ ജമഅത്ത് ശാമിന്റെ അമീറായിരുന്ന മുനീറുൽ ഹസ്നീ സാഹിബിന്റെ അടുത്തുചെന്ന് ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ കുടുംബത്തിൽനിന്നും പിതാവിൽനിന്നും വലിയ എതിർപ്പാണ് ഉണ്ടായിരുന്നത്. പക്ഷേ, പരേതൻ ദൃഢപാദനായി നിന്നു. പിന്നീട് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കാലഘട്ടത്തിൽ പാക്കിസ്താനിൽ പോകാൻ അദ്ദേഹത്തിന് അവസരം കിട്ടി. അവിടെ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ തണലിൽ 6 വർഷം അദ്ദേഹം റബ്വയിൽ കഴിയുകയും അവിടെ മതപഠനം കരസ്ഥമാക്കുകയും ചെയ്തു. ഉർദു ഭാഷയും പഠിച്ചു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശപ്രകാരം പാക്കിസ്താനിൽത്തന്നെ അദ്ദേഹത്തിന്റെ വിവാഹം നടന്നു. ഹുദൂർ അദ്ദേഹത്തിന്റെ നിക്കാഹ് വിളംബരം ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ പാക്കിസ്താനിയായിരുന്നു. പരേതയുടെ ദൗഹിത്രി ഹിബ ജാബീ സാഹിബ എഴുതുന്നു: 'ഞങ്ങളുടെ പിതാമഹൻ ഞങ്ങളെ ഉപദേശിക്കുകയും തഅ്ലീം തർബിയ്യത്തിനുവേണ്ടി സമയം നല്കുകയും ചെയ്തിരുന്നു. ആത്മീയമായ അഭിവൃദ്ധിയിലും ഖിലാഫത്തുമായിട്ടുമുള്ള ബന്ധം തുടങ്ങിയ കാര്യത്തിലും ശക്തിചെലുത്തിയിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ കുറച്ചു വർഷം മുമ്പേ വഫാത്തായി. അദ്ദേഹത്തിന് ആറു മക്കളുണ്ടായിരുന്നു. ഒരു മകൻ ഡോക്ടർ നയീമുൽ ജാബീ സാഹിബ് കുറച്ചു വർഷം മുമ്പേ കിഡ്നാപ്പ് ചെയ്യപ്പെട്ടു. ഇതുവരെ അദ്ദേഹത്തെക്കുറിച്ച് ഒരു വിവരവുമില്ല. വസീം അൽ ജാബി സാഹിബ് പോളണ്ട് ജമാഅത്ത് അംഗമാണ്. ഇദ്ദേഹം ഹിബ ജാബിയുടെ പിതാവാണ്. ഇതുപോലെ രണ്ട് പെൺമക്കളും രണ്ട് ആൺമക്കളും സിറിയയിലാണുള്ളത്. ഹിബജാബി സാഹിബയും ഇവിടുത്തെ ജമാഅത്തിന്റെ സേവനം പ്രത്യേകിച്ചും ഗ്രന്ഥങ്ങളുടെ തർജമകളെ സംബന്ധിച്ച് നല്ല അഭിപ്രായങ്ങൾ പറഞ്ഞുതരുന്നു. ജോലി ചെയ്തുകൊണ്ടു കഴിയുന്നു. അവരുടെ ഭർത്താവ് ബിലാൽ ത്വാഹിറും തർജമ ചെയ്യുന്നു. ഇവർ അദ്ദേഹത്തെ സഹായിക്കുന്നു. അല്ലാഹു അവരുടെ ആത്മാർഥതയിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ വിജ്ഞാനവും വർദ്ധിപ്പിക്കുമാറാകട്ടെ.

അദ്ദേഹത്തിന്റെ മകൾ ലുബ്നാ അബ്ദുൽ ഖബീർ അൽഹാബി എഴുതുന്നു: ഞങ്ങളെ അനാചാരങ്ങളിൽനിന്ന് തടയുമായിരുന്നു. അല്ലാഹുവുമായി ബന്ധംവെക്കാനും തബ്ലീഗ് ചെയ്യാനും ഉപദേശിക്കുമായിരുന്നു. ദരിദ്രർക്കുവേണ്ടി ഒരുപാട് ചെലവഴിക്കുമായിരുന്നു. പരേതൻ മുഖേന ശാമിലും ലബ്നാനിലും ധാരാളമാളുകൾ ബയ്അത്ത് ചെയ്തു. അവരിൽ ക്രിസ്ത്യാനികളുമുണ്ട്.' വീണ്ടും പറയുന്നു: 'അവസാനമായി ഞങ്ങളോട് വസ്വിയ്യത്ത് ചെയ്തത്, ഖിലാഫത്തിനോടു എപ്പോഴും ചേർന്നിരിക്കണമെന്നാണ്. ഖലീഫത്തുൽ മസീഹിന്റെ ഉപദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കണം. തബ്ലീഗിൽ മടി കാണിക്കരുത്. ഏതു ജോലിയും ദുആയോടുകൂടി ചെയ്യണം. സത്യത്തിന്റെ വഴിയിൽ ഒരു അക്രമവും വകവെക്കരുത്.' ലബ്നാൻ ജമാഅത്ത് അമീർ ഉമർ അലാം സാഹിബ് എഴുതുന്നു: 'അഹ്മദിയ്യത്തിനെ പരിചയപ്പെടുന്നതിനു മുമ്പേ ഞങ്ങൾ സലീം അൽജാബി സാഹിബിന്റെ ഗ്രന്ഥങ്ങൾ വായിക്കാറുണ്ടായിരുന്നു. അതിൽ ഇമാമുസ്സമാൻ(അ)ന്റെ വെളിപെടലിലേക്കും അദ്ദേഹത്തിന്റെ അനുഗൃഹീതജമാഅത്തിലേക്കും സൂചനകളുണ്ടായിരുന്നു. ഞങ്ങൾ ഇതെല്ലാം വായിച്ചുകഴിഞ്ഞപ്പോൾ ഞങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും അവിടുത്തെ ജമാഅത്തിനേയും കുറിച്ച് പറഞ്ഞുതരികയും ബയ്അത്ത് ചെയ്യാൻ പറയുകയും ചെയ്തു. ഇത് അദ്ദേഹത്തിന്റെ ഒരു രീതിയായിരുന്നു; ഇതെല്ലായിടത്തും ശരിയായികൊള്ളണമെന്നില്ല. പക്ഷേ, എന്തായാലും അദ്ദേഹം ഈ രീതിയിലാണ് തബ്ലീഗ് ചെയ്തിരുന്നത്. ധാരാളമാളുകളെ തബ്ലീഗ് ചെയ്ത് അഹ്മദിയാക്കി.' അദ്ദേഹം പറഞ്ഞു: 'ഇനി എന്റെ ഗ്രന്ഥങ്ങൾ മാറ്റിവെച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും അവിടുത്തെ ഖലീഫമാരുടേയും ജമാഅത്തിന്റേയും ഗ്രന്ഥങ്ങൾ വായിക്കുക.' ലബ്നാനിലെ ആദ്യകാല അഹ്മദികളായ ഞങ്ങൾ പരേതൻ മുഖേനയാണ് ബയ്അത്ത് ചെയ്തതു. ഞങ്ങൾ അദ്ദേഹത്തിന്റെ ഔദാര്യം സമ്മതിക്കുന്നു. അദ്ദേഹത്തിന് നന്ദി പറയുന്നു. അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുന്നു.

സിറിയക്കാരനായ ഖസഖ് സാഹിബ്, ഇപ്പോൾ കനഡയിലാണ് താമസം. പറയുന്നു: സിറിയയിലെ ഒരു ലോക്കൽ ജമാഅത്തിന്റെ സ്വദ്റായിരുന്നു. അക്കാലത്ത് ധാരാളം പ്രാവശ്യം അൽജാബി സാഹിബുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. ഞാൻ കണ്ടിട്ടുണ്ട്, ഖിലാഫത്തിനെക്കുറിച്ച് പറയുമ്പോഴെല്ലാം അധികവും പറഞ്ഞിരുന്നത്, 'ഞാനാഗ്രഹിക്കുന്നത് ഖിലാഫത്തിന്റെ ചുവടുകളിൽ എന്റെ മരണം വരണമെന്നാണ്.'

മീർ അഞ്ചും പർവേസ് സാഹിബ് ഇവിടെ അറബി ഡസ്കിലെ ജമാഅത്തിന്റെ മുബല്ലിഗാണ്. അദ്ദേഹം പറയുന്നു: ഖിലാഫത്ത് വ്യവസ്ഥിതിയെ കുറിച്ച് എന്തെങ്കിലും എപ്പോൾ പറഞ്ഞാലും തലകുനിക്കുമായിരുന്നു. ജമാഅത്ത് വ്യവസ്ഥിതി എന്തു കല്പിച്ചാലും താനത് അനുസരിക്കുമെന്ന് പരസ്യമായി പറയുമായിരുന്നു. 2011ൽ സിറിയയിൽനിന്ന് ജൽസാ സാലാന യു.കെയിൽ വന്നിരുന്നു. ഇവിടെ കാലത്തിന്റെ ഖലീഫയുടെ കാൽപാദങ്ങളിൽ എന്റെ ജീവൻ പോകണമെന്നാണ് എന്റെ ആഗ്രഹമെന്നും തനിക്ക് ഇതിനേക്കാളുപരി ഒരു ബഹുമതിയുമില്ലെന്നും പറയുമായിരുന്നു. ജാബീ സാഹിബു മുഖേന ധാരാളമാളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. അവരിൽ അധികപേരും ഖിലാഫത്തിനോടു കൂറുള്ളവരും ആത്മാർഥരുമായ അഹ്മദികളാണ്. ധാരാളമാളുകൾ എനിക്ക് കത്തും എഴുതിയിട്ടുണ്ട്; ഞങ്ങൾ അദ്ദേഹത്തിൽനിന്ന് ഒരുപാട് പഠിച്ചുവെന്നും അദ്ദേഹം മുഖേന അഹ്മദിയ്യത്ത് സ്വീകരിച്ചുവെന്നും പറഞ്ഞ്! പിന്നീട് ജാബി സാഹിബ് പറയുമായിരുന്നു. ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ) എന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബ എങ്ങനെയുള്ളവരായിരുന്നുവെന്ന് ജനങ്ങൾ അറിയാൻ എന്റെ ഗ്രന്ഥം 'ഹയാത്തെ ഖുദ്സീ' തർജമ ചെയ്യുക എന്ന്. ജാബി സാഹിബ് ഹയാത്തെ ഖുദ്സിയുടെ തർജ

മയും ചെയ്തിരുന്നു. അറബി അദ്ദേഹത്തിന്റെ ഭാഷയായിരുന്നു. അതിനു പുറമെ ഉർദുവും അദ്ദേഹത്തിനറിയാമായിരുന്നു. നല്ലപോലെ സംസാരിക്കുമായിരുന്നു. ഫാർസിയും സംസാരിക്കുമായിരുന്നു. ഇംഗ്ലീഷും അറിയുമായിരുന്നു; കാര്യങ്ങൾ നടത്തുമായിരുന്നു.

2005ൽ ഞാൻ ഖാദിയാൻ ജൽസയിൽ പോയപ്പോൾ അവിടെ എന്നെ കണ്ടു. ഹ്രസ്വമായ കൂടിക്കാഴ്ചയായിരുന്നു. പക്ഷേ, അങ്ങേയറ്റം വിനയത്തോടെ കണ്ടു. പിന്നീട് യു.കെയിലും കണ്ടു. ജൽസയിൽ ഇവിടെ വന്നു. വളരെ വിനയത്തോടെ അദ്ദേഹം പറഞ്ഞു, 'അഹ്മദിയ്യാ ഖിലാഫത്തിൽ എനിക്ക് തികവുറ്റ വിശ്വാസമാണ്. പൂർണ അനുസരണവും പൂർണമായ നിലയിൽ വിശ്വസിക്കുകയും ചെയ്യുന്നു. എനിക്കുവേണ്ടി ദുആ ചെയ്യുക; ജമാഅത്ത് വ്യവസ്ഥിതിയോടു എപ്പോഴും ചേർന്നിരിക്കാൻ.' അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും തലമുറകൾക്കും പൂർണമായ കൂറോടുകൂടി ജമാഅത്തിനോടും ഖിലാഫത്തിനോടും ചേർന്നിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ.

ഇപ്പോൾ ജുമുഅ നമസ്കാരത്തിനുശേഷം ഞാൻ പറഞ്ഞതുപോലെ (പറഞ്ഞിട്ടില്ലെന്നാണ് തോന്നുന്നത്) ജുമുഅ നമസ്കാരത്തിനുശേഷം ഇവരുടെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

---

(പേജ് 2ൽനിന്ന്)

അവിടന്ന് പറഞ്ഞു: 'ഇപ്രകാരം മാസ്റ്റർ സാഹിബ് ചെയ്തത് ശരിയായില്ല. അറിവില്ലായ്മയുടെയും അജ്ഞതയുടെയും വിവരമില്ലായ്മയുടേയും അവസ്ഥയിൽ ആക്ഷേപിക്കാൻ വായ തുറന്നു. ലാലാ സാഹിബേ! ഞാൻ ഏതുവരെയാണ് താങ്കളുടെ തെറ്റുകൾ തിരുത്തിക്കൊണ്ടുപോകേണ്ടത്? ഇത് മുസ്‌ലിമീങ്ങളുടെ വിശ്വാസമാണെന്ന് താങ്കൾ എവിടെനിന്നാണ് കേട്ടത്? നബി(സ)തിരുമേനിക്ക് അല്ലാഹുവിൽനിന്ന് ആത്മാവിനെ സംബന്ധിച്ച് അറിവ് നല്കപ്പെട്ടിട്ടില്ലെന്നും ആ മഹാത്മാവിന് ആത്മാവിനെ കുറിച്ച് വിവരമില്ലായിരുന്നുവെന്നും താങ്കൾ വിശുദ്ധഖുർആനിൽ എവിടെ, ഏതു സ്ഥലത്താണ് കണ്ടത്? എനിക്കറിയാം സ്വന്തം അറിവുകുറഞ്ഞ ബുദ്ധിയുടെ ദുർഗതികൊണ്ട് താങ്കൾക്ക് ഈ ആയത്ത് മനസ്സിലാക്കുന്നതിൽ ചതി പറ്റിയിരിക്കുകയാണ്. വിശുദ്ധഖുർആനിൽ പ്രതിപാദിക്കപ്പെട്ട.... ഈ സുവ്യക്തമായ ഉദ്ദേശ്യം മനസ്സിലാക്കുന്നതിൽ മാസ്റ്റർ സാഹിബ് എത്ര വലിയ അബദ്ധമാണ് കാണിച്ചത്. ഈ സംബോധന അതായത് ആത്മാവിനെ കുറിച്ചുള്ള അജ്ഞതയുടെ സംബോധന, നബി(സ)തിരുമേനിയാണെന്ന്; ലാ ഹൗല വലാ ഖുവ്വ. അത്തരം ഗ്രാഹ്യത്തിനുമേൽ കല്ലുപതിക്കുമാറാകട്ടെ. അഹോ കഷ്ടം! മാസ്റ്റർ സാഹിബ് അല്പം അറബി പഠിച്ചിരുന്നെങ്കിൽ! അല്ലെങ്കിൽ കുറച്ച് 'നഹ്‌വ് സ്വർഫി'ന്റെ ഖായിദ കണ്ടിരുന്നുവെങ്കിൽ! സാഹിബേ, ഭയപ്പെടുക. കണ്ണു തുറന്ന് കാണുക. ആത്മാവിന്റെ അവസ്ഥ ചോദിക്കുന്നവർ ആരായിരുന്നു. അത് താങ്കളുടെതന്നെ സഹോദരന്മാരായിരുന്നു. അതായത് ഇസ്‌ലാംമത നിഷേധികൾ. അവർക്കാണ് ഈ മറുപടി നല്കപ്പെട്ടത്; ആത്മാവ് എന്റെ നാഥന്റെ ആജ്ഞാനുസരണമുള്ളതാണ്. നിങ്ങൾ ഈ ദൈവിക രഹസ്യങ്ങളെ അല്ലയോ സത്യനിഷേധികളേ! വിശ്വസിക്കുക. നിങ്ങൾക്കെന്തറിയാം. നിങ്ങൾക്ക് ആത്മാവിന്റെ അവസ്ഥയും അതിന്റെ ജ്ഞാനങ്ങളും അറിയുന്നതിന് നിങ്ങൾ വിശ്വസിക്കുക. (Ibid പേജ് 171–174)

ഹദ്റത്ത് മസീഹ് മൗഊദ്(അ) മാസ്റ്റർ മുരളീധർ സാഹിബിന് 100 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ട് വെല്ലുവിളിച്ചെഴുതി: വിശുദ്ധഖുർആനിൽ ആത്മാവിനെ കുറിച്ചുള്ള ജ്ഞാനം നല്കപ്പെട്ടിട്ടല്ലെന്നും നബി(സ)തിരുമേനിക്ക് റൂഹിന്റെ അവസ്ഥയെക്കുറിച്ച് വിവരമൊന്നും ഉണ്ടായിരുന്നില്ലെന്നും എന്നാൽ, വേദങ്ങളുടെ നാലു ഋഷിമാർക്കും വിവരമുണ്ടായിരുന്നുവെന്നും മാസ്റ്റർ സാഹിബ് വിചാരിക്കുന്നുവെങ്കിൽ ഇക്കാര്യത്തിന്റെ തീരുമാനം സുഗമവും എളുപ്പവുമണ്. അത് ഇതാണ്, മാസ്റ്റർ സാഹിബ് പോരാട്ടത്തിന് നമുക്ക് അനുവാദം തരിക. എന്നാൽ, നാം വിശുദ്ധഖുർആനിൽ എഴുതിയിട്ടുള്ള ആത്മാവിനെ സംബന്ധിച്ച ജ്ഞാനം മുഖേന നബി(സ)തിരുമേനിയുടെ സമ്പൂർണ ഈശ്വരീയജ്ഞാനവും ശ്രേഷ്ഠതയും വിശുദ്ധഖുർആൻകൊണ്ട് തെളിയിക്കുന്ന കാര്യങ്ങൾ ഒരു ലഘുലേഖയിൽ രൂപപ്പെടുത്തി വിശുദ്ധഖുർആന്റെ ഉദ്ധരണിയോടുകൂടി പ്രസിദ്ധീകരിക്കുന്നതാണ്. നമ്മുടെ ഭാഗത്തുനിന്ന് ഇത് അച്ചടിച്ച് പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അതിനെതിരിൽ വേദങ്ങളുടെ ശ്രുതികളോടുകൂടി ഒരു ലഘുലേഖ തയ്യാറാക്കേണ്ടത് മാസ്റ്റർ സാഹിബിന് നിർബന്ധമായിരിക്കും. അതിൽ ആത്മാവിനെ കുറിച്ച് വേദങ്ങളുടെ തത്ത്വം വിവരിക്കപ്പെട്ടിരിക്കണം; എന്തുകൊണ്ടാണ് അത് സൃഷ്ടികളല്ലാതേയും ദൈവത്തെപോലെ പണ്ടേയുള്ളതുമായി ദൈവത്തിൽനിന്ന് വേറിട്ട് നടന്നുവരുന്നത്? അതിന്റെ പ്രത്യേകതകളെന്തൊക്കെയാണ്. എന്നാൽ, സ്വസ്വഗ്രന്ഥങ്ങളിൽനിന്ന് വെളിയിൽ പോകാതിരിക്കേണ്ടതും സ്വയംകൃത ചിന്താഗതികളാകാതിരിക്കേണ്ടതും നമ്മൾ ഇരുകക്ഷികൾക്കും നിർബന്ധമായിരിക്കും. മറിച്ച് ഇൽഹാമീ ഗ്രന്ഥം എന്ന് നമ്മൾ വിശ്വസിക്കുന്ന നമ്മുടെ ഗ്രന്ഥങ്ങളിൽനിന്ന് പോരാടേണ്ടതാണ്. ഈ ആയത്തിനെ അല്ലെങ്കിൽ ശ്രുതി മനസ്സിലാക്കാൻ കഴിയുംവിധം തർജമയോടുകൂടി എഴുതുകയുംവേണം; പറഞ്ഞ കാര്യങ്ങൾ അതിൽനിന്ന് ലഭിക്കുന്നുണ്ടോ എന്ന് വായനക്കാർ അറിയുന്നതിന്! ഈ നിബന്ധനയോടെ മാസ്റ്റർ സാഹിബ് പോരാടിക്കാണിക്കുകയാണെങ്കിൽ, അല്ലെങ്കിൽ ആര്യസമാജക്കാരിൽപെട്ട മറ്റേതെങ്കിലും ശ്രേഷ്ഠ ആലിം കാണിക്കുകയാണെങ്കിൽ അത്തരം വ്യക്തിക്ക് –അത് മാസ്റ്റർ സാഹിബാകട്ടെ അല്ലെങ്കിൽ മുൻശീ ഇന്ദ്രമൻ സാഹിബ് മുറാദാബിദിയാകട്ടെ അല്ലെങ്കിൽ ലാഹോർ ആര്യസമാജ സെക്രട്ടറി മുൻശീ ജീവൻദാസ് സാഹിബ് ആകട്ടെ അല്ലെങ്കിൽ മറ്റേതെങ്കിലും സാഹിബാകട്ടെ–അവർ ഈ സംഘത്തിൽ അംഗീകരിക്കപ്പെട്ട പണ്ഡിതനായിരിക്കണമെന്നുമാത്രം–100 രൂപ രൊക്കം സമ്മാനം നല്കുന്നതായിരിക്കുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. പക്ഷേ, ഈ ലേഖനം വായിച്ചതിനുശേഷം മാസ്റ്റർ സാഹിബോ അദ്ദേഹത്തിൽപ്പെട്ട മറ്റേതെങ്കിലും അറിവുള്ളയാളോ മൗനംപാലിക്കുകയും എന്നോടു മത്സരവാഗ്ദാനത്തിന്റെ അടിസ്ഥാനങ്ങൾ അത്തരം ലഘുലേഖ എഴുതാൻ പറയാതിരിക്കുകയും ചെയ്താൽ അവരുടെ എല്ലാ ശബ്ദങ്ങളും വിടുവായത്തമാണെന്നും സത്യസന്ധമായ മാർഗത്തിൽ അവർ നടക്കാനാഗ്രഹിക്കുന്നില്ലെന്നും വായനക്കാർ മനസ്സിലാക്കേണ്ടതാണ്. ഇനി എപ്പോഴാണ് ലാല മുരളീധർ സാഹിബ് അല്ലെങ്കിൽ തന്റെ ജനതയിലുള്ള അദ്ദേഹത്തിന്റെ മറ്റേതെങ്കിലും പണ്ഡിതസഹോദരൻ അത്തരം അഭ്യർത്ഥന നടത്തുന്നതെന്ന് നാം കാത്തിരിക്കുന്നതായിരിക്കും! സയഃ റൂയെ ശവദ് ഹർ കെ ദർവഗശ് ബാശിദ് (Ibid 177–183)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും എഴുതുന്നു: 'ഞാൻ സത്യം ചെയ്ത് പറയുകയാണ്, മാസ്റ്റർ സാഹിബിന്റെ ആഹ്വാനമനുസരിച്ച് 'രിസാലത്തുർറൂഹ്'എഴുതാൻ തയ്യാറാണ്, സന്നദ്ധനാണ്. ഈ ലഘുലേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള നിബന്ധനകളനുസരിച്ച് മാസ്റ്റർ സാഹിബ് മോശമായി കരുതരുത്. ഞാൻ സത്യമായും പറയുന്നു, തികച്ചും സത്യമായി പറയുന്നു, ഇതിൽ അതിശയോക്തി തരിമ്പും ഇല്ല. വിശുദ്ധഖുർആൻ എത്രത്തോളം ഗുണവിശേഷത്തോടും വൈശിഷ്ട്യത്തോടും നിർമലതയോടും സത്യസന്ധതയോടുംകൂടി ആത്മാക്കളുടെ പ്രത്യേകതകളും അവയുടെ ശക്തികളും അവയുടെ കഴിവുകളും നൈപുണ്യങ്ങളും അവയുടെ മറ്റു അത്ഭുതകരമായ അവസ്ഥകളും വിവരിക്കുകയും പിന്നീട് ആ വിവരങ്ങൾക്കെല്ലാം തെളിവുകൾ നല്കുകയും ചെയ്തിട്ടുണ്ടോ, അവ എത്രമാത്രം ഉന്നതവും സൂക്ഷ്മവും യുക്തിനിർഭരവുമായ വിവരണമാണ്. അത് എങ്ങനെയുള്ള തികവുറ്റ സത്യസാക്ഷ്യങ്ങളാണെന്നാൽ, വേദങ്ങളുടെ നാല് ഋഷിമാരും വീണ്ടും ജന്മമെടുത്ത് ലോകത്ത് വരികയും ഗഹനമായ ചിന്തയിലും ആലോചനയിലും ശക്തി ചെലുത്തിയാലും ഈ വൈജ്ഞാനിക വിപുലതയുടെ ഈ സ്ഥാനവും ഉദാത്തമായ ഈ ഈശ്വരീയജ്ഞാനവും അവർക്ക് ലഭ്യമാകുകയില്ല; ചിന്തിച്ച് ചിന്തിച്ച് മരിച്ചാൽപോലും! ദ്വേഷപ്പെടാനെന്തിരിക്കുന്നു. വെറുപ്പ് പ്രകടിപ്പിക്കാനുള്ള ഏതു സ്ഥലമാണിത്. കൈ കങ്കണത്തെ കല്ലു പതിച്ച ആഭരണമാക്കിയിരിക്കും. വരിക, വിശുദ്ധഖുർആനോട് ഏറ്റുമുട്ടിനോക്കുക. ഈ രണ്ട് ഗ്രന്ഥങ്ങളുടേയും വൈജ്ഞാനികശക്തി പരീക്ഷിച്ചറിയുക. നോക്കൂ, സത്യസന്ധതയുടെ വഴിയിൽനിന്ന് സത്യത്തിന്റെ വഴി മറച്ചുവെച്ച് ഈ സംവാദത്തിൽനിന്ന് ഓടാൻ ശ്രമിക്കുന്നവരുടേയും അവിടത്തേയും ഇവിടത്തേയും ഒഴികഴിവുകൾ പറഞ്ഞ് അല്ലെങ്കിൽ അനുചിതമായ ഒഴിവ് കഴിവുകൾ പറഞ്ഞ് കാര്യത്തിൽനിന്ന് പിന്മാറുന്നവരുടേയുംമേൽ ശാപം ചൊല്ലുന്നു. (Ibid പേജ് 233)

## അല്ലാഹുവിന്റെ വചനം

**"അദ്ദേഹം(നൂഹ്) പറഞ്ഞു:"എന്റെ ജനമേ! ഞാൻ നിങ്ങൾക്ക് സ്പഷ്ടമായ മുന്നറിയിപ്പ് നല്കുന്നവനാകുന്നു; നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, അവനെ സൂക്ഷിക്കുക, എന്നെ അനുസരിക്കുക."(71:3–4)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family,**
**Ahmadiyya Jama-ath Kakkanad, Kerala**

## അല്ലാഹുവിന്റെ വചനം

**"അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. നിങ്ങൾ സ്ഥിരചിത്തരാകുകയും ചെയ്യുക. അല്ലാഹു സ്ഥൈര്യം അവലംബിക്കുന്നവരോടൊപ്പമാണ്."(8:47)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

*(2015-ലെ യൂറോപ്പ് പര്യടന റിപ്പോർട്ടിന്റെ തുർച്ചയ്ക്കായി 2018 സെപ്റ്റംബർ 27-ലെ ബദ്ർ ഉർദു പതിപ്പ് നോക്കുക. ഹുദൂറിന്റെ പുതിയ റിപ്പോർട്ട് ലഭ്യമായാൽ കഴിഞ്ഞ റിപ്പോർട്ട് മാറ്റിവച്ച് പുതിയ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതായിരിക്കും-പത്രാധിപർ)*

## 2015 ഒക്ടോബർ 11 ഞായറാഴ്ച

ഹുദൂർ അൻവർ: നിങ്ങൾ യു.കെ ജൽസയിൽ ഉണ്ടായിരുന്നുവോ? അവിടെ ഞാൻ വനിതകളെ സംബോധന ചെയ്തിരുന്നു. ഇതു സംബന്ധമായി അവിടെ ഒരു ഹദീഥും വിവരിച്ചിരുന്നു. അത് കേട്ടിരുന്നുവോ?

നവ അഹ്മദി വനിത പറഞ്ഞു: 'അവിടെ ഞാൻ കേട്ടിരുന്നു. എന്നാൽ, ഹുദൂറിൽ നിന്ന് നേരിട്ട് കേൾക്കാൻ ആഗ്രഹിച്ചു.

ഹുദൂർ അൻവർ: ' അവിടെ പറഞ്ഞ കാര്യം തന്നെയാണ് ഇവിടേയും പറയാനുള്ളത്.'

ഒരു നവ അഹ്മദി സ്ത്രീ ചോദിച്ചപ്പോൾ ഹുദൂർ പറഞ്ഞു: സ്ത്രീകളുടെ കാൽക്കീഴിലാണ് സ്വർഗമുള്ളത്. സ്ത്രീകൾ കുട്ടികളെ പരിപാലിച്ചു വളർത്തുന്നു. അവർക്ക് നല്ല ശിക്ഷണം നല്കുന്നു. തന്നേയും തന്റെ കുട്ടികളേയും സ്വർഗത്തിൽകൊണ്ടുപോകുന്നതിനുള്ള ലൈസൻസ് സ്ത്രീകൾക്ക് കൊടുത്തിരിക്കുകയാണ്.

ഒരു നവഅഹ്മദി സ്ത്രീ ചോദിച്ചു: ഞാൻ അഹ്മദിയാണ്. പക്ഷേ, എന്റെ ഭർത്താവ് അഹ്മദിയല്ല. എനിക്കു മൂന്നു കുട്ടികളുണ്ട്. മൂന്നുമാസം മുമ്പേ എന്റെ ഭർത്താവ് എനിക്കു ത്വലാഖ് നല്കി; ഞാൻ അഹ്മദിയായതുകൊണ്ട്. ഞാൻ സ്ത്രീയാണ് എനിക്ക് ഒരുപാട് വിഷമങ്ങളുണ്ട്. അല്ലാഹു എന്നെ ഉറപ്പിച്ചു നിറുത്തുന്നതിന് എനിക്കുവേണ്ടി ദുആ ചെയ്താലും.

ഹുദൂർ പറഞ്ഞു: അല്ലാഹു ഫള്ൽ ചൊരിയുമാറാകട്ടെ. അല്ലാഹു അവന്റെ കൃപകൊണ്ട് നിങ്ങളേയും നിങ്ങളുടെ മക്കളേയും അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. നിങ്ങൾക്ക് എളുപ്പം ഉണ്ടാക്കുമാറാകട്ടെ.

തനിക്ക് ബന്ധുക്കളിൽനിന്ന് എതിർപ്പുണ്ടാകുന്നുവെന്ന് പറഞ്ഞ ആ പുരുഷനായ നവഅഹ്മദിയോടു ഹുദൂർ പറഞ്ഞു: നോക്കൂ! സ്ത്രീയായിക്കൊണ്ട് എങ്ങനെയാണ് അവർ തന്റെ ഈമാൻ സംരക്ഷിക്കുന്നത്!

ഒരു നവഅഹ്മദി സ്ത്രീ ചോദിച്ചു: ഞാൻ മുമ്പേ ഹുദൂർ അൻവറിനെ കണ്ടിട്ടുണ്ട്. എന്റെ കുട്ടികൾ ഹുദൂർ അൻവറിനെ അടുത്തുനിന്ന് കാണാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് ഞാൻ വന്നത്. ഹുദൂർ അൻവറിനെ മുമ്പേ കണ്ടിട്ടുണ്ട്. പക്ഷേ, ഇത്ര മാത്രം അടുത്തു കണ്ടിരുന്നില്ല. അടുത്തുനിന്ന് ഹുദൂറിനെ കാണാനാണ് ഞങ്ങൾ വന്നത്.

ഒരു നവഅഹ്മദി സ്ത്രീ ചോദിച്ചു: ഹുദൂർ ഖുത്ബയുടെ അവസാനം ജനാസ ഗാഇബ് വിളംബരം ചെയ്യുമ്പോൾ പരേതാത്മാക്കളെ അനുസ്മരിക്കാറുണ്ട്. അവർക്ക് ഖിലാഫത്തുമായി ദൃഢബന്ധമുണ്ടായിരുന്നുവെന്ന് പറയാറുണ്ട്. ഹുദൂർ ഞങ്ങൾക്ക് പറഞ്ഞുതരിക, ഞങ്ങളെങ്ങനെയാണ് ഖിലാഫത്തുമായി ദൃഢമായ ബന്ധമുണ്ടാക്കേണ്ടത്?

ഹൂദൂർ പറഞ്ഞു: നിങ്ങളെല്ലാവരും ഖിലാഫത്തിനോടു അടുത്തുതന്നെയാണുള്ളത്. എന്നാൽ, യഥാർഥമായ നിലയിൽ ഖിഫാത്തുമായി ബന്ധപ്പെട്ടിരിക്കുന്നവർ ഖലീഫയെ പരിപൂർണമായും അനുസരിക്കുന്നവരാണ്. അദ്ദേഹത്തിന്റെ കല്പനകളനുസരിച്ച് തികവാർന്ന നിലയിൽ പ്രവൃത്തിക്കുന്നവരാണ്. പറയുന്നത് കേൾക്കുന്നവരാണ്. തികഞ്ഞ കൂറോടെ പെരുമാറുന്നവരാണ്. അതുകൊണ്ട് നല്ല അഹ്മദിയാകുക.

നവഅഹ്മദി പറഞ്ഞു: കൈയിൽ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു. അപ്പോൾ ഹുദൂർ പറഞ്ഞു: നമസ്കാരങ്ങൾക്കുശേഷം നേരിട്ട് ബയ്അത്ത് നടക്കുന്നതായിരിക്കും.

ഫ്രാൻസിൽനിന്നു വന്ന നവഅഹ്മദികളോടൊത്തുള്ള ഈ പരിപാടി 2.5 ന് സമാപിച്ചു. അതിനുശേഷം ഹുദൂർ ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ചു. നവഅഹ്മദികൾ ഹുദൂറിന്റെ കൈയിൽ ബയ്അത്തു ചെയ്തു.

നമസ്കാരത്തിനുശേഷം ബയ്അത്ത് പരിപാടി നടന്നു. ആ എല്ലാ നവഅഹ്മദികളും ഹുദൂറിന്റെ അനുഗൃഹീത കൈയിൽ ബയ്അത്തു ചെയ്യാനുള്ള ഭാഗ്യം കരസ്ഥമാക്കി. ആ നവഅഹ്മദികൾക്കു പുറമെ ഹോളണ്ടിൽ താമസിക്കുന്ന SEBAHATTIN DILBER സാഹിബിനും ഇന്ന് ബയ്അത്ത് ചെയ്യാൻ ഭാഗ്യ ലഭിച്ചു. ഇദ്ദേഹം തുർക്കി വംശജനാണ്. ആംസ്റ്റർഡമിലാണ് താമസിക്കുന്നത്. ഹുദൂറിനോടു ദുആയ്ക്കുവേണ്ടി എഴുതിക്കൊണ്ടിരുന്നു. ഇന്നത്തെ ആദ്യത്തെ കൂടിക്കാഴ്ചയിൽ ബയ്അത്തു ചെയ്യാൻ തീരുമാനിച്ചു. ഹുദൂറിന്റെ കൈയിൽ ബയ്അത്തു ചെയ്യാൻ ഭാഗ്യം ലഭിച്ചു.

ഹുദൂർ ബയ്അത്തിന്റെ വാക്കുകൾ ഇംഗ്ലീഷിൽ ചൊല്ലിക്കൊടുത്തു. ഫ്രാൻസിലെ അമീർ സാഹിബ് തൽസമയം അതിന്റെ ഫ്രഞ്ചു പരിഭാഷ കേൾപ്പിച്ചുകൊണ്ടിരുന്നു.

ബയ്അത്തിന്റെ അവസാനം ഹുദൂർ അയ്യദഹുല്ലാഹ് ദുആ ചെയ്യിച്ചു. നവഅഹ്മദികൾക്ക് കൈകൊടുത്തു. അതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി.

### കുടുംബപരമായ കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് 4.30 ന് ഹുദൂർ തന്റെ ഓഫീസിലെത്തി. കുടുംബപരമായ കൂടിക്കാഴ്ചകൾ തുടങ്ങി. ഇന്ന് വൈകുന്നേരത്തെ ഈ സെഷനിൽ 30 കുടുംബത്തിലെ 126 പേർ ഹുദൂറുമായി കൂടിക്കാഴ്ച നടത്താനും തങ്ങളുടെ പ്രിയങ്കരനായ ഇമാമുമൊത്ത് ഫോട്ടോ എടുക്കാനുമുള്ള സൗഭാഗ്യവും കരസ്ഥമാക്കി.

ഹുദൂർ അൻവർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും സ്നേഹപൂർവം നല്കി.

കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ, DAN HAG, SCHIEDAM, LYLSTAD, ZOETERMEER, NUNSPEET എന്നിവിടങ്ങളിൽനിന്നെത്തിയവരായിരുന്നു. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.20വരെ തുടർന്നു. അതിനുശേഷം ഹുദൂർ ബയ്ത്തുന്നൂറിലെത്തി മഗ്രിബ്-ഇശാ ജംആക്കി നമസ്കരിപ്പിച്ചു.

### കൂടിക്കാഴ്ചയക്കുശേഷം ഫ്രാൻസിലെ നവഅഹ്മദികളുടെ പ്രതികരണം

ഇന്ന് ഫ്രാൻസിൽനിന്നുവന്ന നവഅഹ്മദികളുടെ സംഘം തങ്ങളുടെ പ്രിയങ്കരനായ ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയശേഷം അവർക്കുണ്ടായ വികാരങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. അവരുടെ വികാരങ്ങൾ പ്രകടിപ്പിക്കുമ്പോൾ ഓരോരുത്തരുടേയും കണ്ണുകളിൽ കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു.

❋ ഹോസിൻ അസീസി(Hocine Azizi) സാഹിബ് പറഞ്ഞു: *വല്ലാഹു ഇന്നീ ഉഹിബ്ബുക്ക ഫില്ലാഹി യാ ഹുളൂർ !* പ്യാരേ ആഖാ! അല്ലാഹവാണ! എനിക്കു അല്ലാഹുവിനുവേണ്ടി അങ്ങയോടു സ്നേഹമാണ്. എത്രമാത്രം എന്റെ വികാരങ്ങൾ ശക്തമാണോ അത്രമാത്രം ഈ വാക്കുകൾ ശക്തമല്ല. ഞങ്ങൾ ഈ കൂടിക്കാഴ്ചയിൽ അങ്ങേയറ്റം സന്തോഷിക്കുന്നവരും നന്ദിയുള്ളവരുമാണ്. സമാധാനത്തിന്റേയും സംരക്ഷണത്തിന്റേയും ബോധമുണ്ട്. ഇതിനു ഞങ്ങൾക്ക് ഒരുപാട് ആവശ്യമുണ്ട്. ലോകത്തിന് ഒരു ആത്മീയനേതാവിന്റെ ആവശ്യമുണ്ട്. ഈ നിഅ്മത്തു കൈവശുള്ള ഞങ്ങൾ വളരെ സൗഭാഗ്യരാണ്. ഞങ്ങൾ അല്ലാഹുവിനോടു ദുആ ചെയ്യുന്നു: അല്ലാഹുവേ! ഞങ്ങളുടെ ഖലീഫയേയും ജമാഅത്തിനേയും കാത്തു സൂക്ഷിച്ചാലും. ഞങ്ങൾ സത്യസന്ധനും സമാധാനം പകരുന്നതുമായ ഒരു വ്യക്തിയുമായി കൂടിക്കാഴ്ച നടത്തിയിരിക്കുന്നു.

DRAMA ICHA സാഹിബ പറയുന്നു: ഈ കൂടിക്കാഴ്ച എന്നെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതായിരുന്നു. കാരണം ഞാൻ എന്റെ സഹോദരി DIENEBA യും കൊണ്ടാണ് പോയത്. ആദ്യം പോകുന്നവരിൽ എന്റെ പേരുണ്ടായിരുന്നില്ല. എന്നാൽ, അവസാനനേരത്ത് അല്ലാഹു എനിക്ക് സംഘത്തിൽ പങ്കെടുക്കാൻ സൗകര്യമൊരുക്കിത്തന്നു.

അഞ്ചുവർഷം മുമ്പേ ഒരു സംഘം ചേർന്നുള്ള കൂടിക്കാഴ്ചയ്ക്കിടയിൽ ഹുദൂറിനോടു എന്റെ രണ്ടു സഹോദരിമാർക്കുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിച്ചിരുന്നു. കാരണം അവരുടെ ഭർത്താക്കന്മാർ അവരെ ജമാഅത്തുമായി ബന്ധം വെക്കുന്നതിൽനി ന്ന് തടഞ്ഞിരുന്നു. DIENEBA അവരിൽ ഒരുവളായിരുന്നു. ഹുദൂർ പറഞ്ഞു: അല്ലാഹു എല്ലാം ശരിയാക്കുന്നതായിരിക്കും. ഇപ്പോൾ എന്റെ DIENEBAയെ കൂടിക്കാഴ്യ്ക്കുവേണ്ടി ഹുദൂറിന്റെ മുമ്പിൽ കൊണ്ടുപോകുക എന്നത് ഹുദൂറിന്റെ ദുആ സ്വീകാര്യതയുടെ അടയാളമാണ്. എനിക്ക് ഒരു ചോദ്യം ചോദിക്കാൻ തൗഫീഖു കിട്ടി. കൂടിക്കാഴ്ചയുടെ സമയം കഴിഞ്ഞിട്ടും ഹുദൂർ വളരെ വാത്സല്യത്തോടുകൂടി എന്റെ ചോദ്യം കേൾക്കുകയും അതിനു മറുപടി നല്കുകയും ചെയ്തു.

❋ KAMIL SHAIK JOOMUN സാഹിബ് പറഞ്ഞു: ഞങ്ങൾ ദുആ ചെയ്യുന്നു, അല്ലാഹു ഹുദൂർ അൻവറിന് ആയുരാരോഗ്യപരമായ ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ. ഹുദൂർ അൻവറുമായി കൂടിക്കാഴ്ച നടത്താൻ സാധിച്ചതിൽ ഞങ്ങൾ സന്തുഷ്ടരാണ്. അൽഹംദുലില്ലാഹ്

ഹുദൂറിന്റെ കൈയിൽ ഇത്ര അടുത്തിരുന്ന ബയ്അത്തുചെയ്ത അനുഭവം അസാധാരണമായിരുന്നു. ഞങ്ങൾക്ക് ഇതിനുമുമ്പേ ഒരിക്കലും ഹുദൂറുമായി ഇങ്ങനെ കൂടിക്കാഴ്ച നടത്താനോ ബയ്അത്ത് ചെയ്യാനോ അവസരം കിട്ടിയിട്ടില്ല. ഞങ്ങൾ ഹുദൂറിനോടു നന്ദിയുള്ളവരാണ്. ഹുദൂർ ഞങ്ങൾക്ക് കൂടിക്കാഴ്ചയ്ക്കുള്ള അനുവാദം നല്കി.

❋ KAQSHIF SHAIK JOOMAN സാഹിബ്:

അൽഹംദുലില്ലാഹ്, ഞാൻ വളരെ സന്തോഷവാനാണ്. എനിക്കെന്നും ഹുദൂറിനെ കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നു. ഇത്രയടുത്ത് ഹുദൂറിന് സമീപം ഇരിക്കാൻ കഴിയുമെന്ന് ഞാനൊരിക്കലും കരുതിയിരുന്നില്ല. ഹുദൂറിനെ കാണാനും കൈയിൽ ബയ്അത്തു ചെയ്യാനും സാധിച്ചത് എനിക്ക് ലഭിച്ച വലിയ ബഹുമതിയാണ്. ഇത് എന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിനമായിരുന്നു.

❋തൻസിം ശെയ്ഖ് ജൂമുൻ(TANZIM SHAIK JOOMUN) സാഹിബ: ഈ അനുഗൃഹീത യാത്രയിൽ പങ്കു ചേരാൻ സാധിച്ചതിൽ ഞാൻ വളരെ സന്തോഷവതിയാണ്. അൽഹംദുലില്ലാഹ്. ഞങ്ങൾക്ക് സമയം നല്കിയതിൽ ഹുദൂറിനോട് നന്ദിയുണ്ട്. മുലാഖാത്തിന്റെ ഓർമകൾ എന്നും ഞങ്ങളുടെ ഹൃദയത്തിൽ നിലനില്ക്കും.

ഫരീദ്സൊർകാനി(FARIDZORKANI) സാഹിബ് പറഞ്ഞു: കൂടിക്കാഴ്ചയുടെ ദിനം അസാധാരണമായിരുന്നു. അതിന് സമയം അനുവദിച്ചു തന്ന ഹുദൂറിനോട് നന്ദി പറയുന്നു. അങ്ങയിൽ നിന്ന് ഞാൻ വളരെ കാര്യങ്ങൾ പഠിച്ചു. ഒരു മഹനീയ വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. ഈ അഭിമുഖം എനിക്ക് വളരെ സമാധാനം നല്കി. എന്നിൽ, അസാധാരണമായ മാറ്റം ഞാൻ മനസ്സിലാക്കുന്നു. മരിക്കുന്നതുവരെ എന്റെ ഖലീഫയുടേയും ജമാഅത്തിന്റേയും സേവനത്തിനു ഞാൻ തയ്യാറാണ്.

❋ഘിസ്‌ലയ്ൻ (GHISLAIN) സാഹിബും അദ്ദേഹത്തിന്റെ ഭാര്യ ഫരീദ(FARIDA) സാഹിബയും അവരുടെ അനുഭവങ്ങൾ വിവരിക്കുന്നു: ഞാനും എന്റെ ഭാര്യയും ഏതാനും വാക്കുകളിൽ ഞങ്ങളുടെ വികാ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 03 September 2020 Issue-36

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

രങ്ങൾ പ്രകടിപ്പിക്കുന്നതാണ്. വെള്ളിയാഴ്ച പ്രോഗ്രാം മാറ്റിവെക്കാൻ സാധ്യതയുണ്ട് എന്ന വാർത്ത ലഭിച്ചിട്ടും ഞങ്ങൾ ഹോളണ്ടിൽ വരാൻ തീരുമാനിച്ചിരുന്നു. ഒരുപക്ഷേ, നമുക്ക് ഖലീഫയെ ഒരു നോക്ക് കാണാനുള്ള അവസരമെങ്കിലും കിട്ടുമെന്ന് ഞങ്ങൾ കരുതിയിരുന്നു. കൂടിക്കാഴ്ചയുടെ അനുവാദം ലഭിച്ചു എന്ന വിവരം പിന്നീട് ഞങ്ങൾക്ക് ലഭിച്ചപ്പോൾ ഞങ്ങൾ ഹോളണ്ടിലേക്ക് പുറപ്പെട്ട് കഴിഞ്ഞിരുന്നു.

ക്ഷീണിച്ചാലും ബുദ്ധിമുട്ടിയാലും ഏതു സാഹചര്യത്തിലും ജൽസസാലാന യൂ.കെയിൽ ലഭിച്ച അവസരത്തിനു ഹുദൂറിന് നന്ദി പറയണമെന്ന് ഞങ്ങൾ തീരുമാനിച്ചിരുന്നു. യൂ.കെ ജൽസ സാലാനയുടെ അടുത്ത ദിവസം ഞങ്ങൾ ബയ്ത്തുൽ ഫുത്തൂഹിൽ നടന്ന ഒരു വിവാഹ പരിപാടിയിൽ പങ്കെടുത്തിരുന്നു. ഹുദൂറിന്റെ പിന്നിൽനിന്ന് നമസ്കരിക്കാനും അവസരം ലഭിച്ചിരുന്നു. ഈ എല്ലാ നിമിഷങ്ങളിലും അനുഗ്രഹങ്ങൾ ഇറങ്ങുന്നതായും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. മനഃസമാധാനം ലഭിച്ചു.

ഇവർ യൂ.കെ ജൽസാ അവസരത്തിലാണ് ബയ്അത്ത് ചെയ്തത്. അന്ന് നടന്ന 31 പേരുടെ ബയ്അത്തിൽപ്പെട്ടവരായിരുന്നു ഇവർ.

ഫ്രാൻസ് അമീർ സാഹിബിന്റെ ഭാഗത്തു നിന്ന് ഹുദൂറിന്റെ കൂടിക്കാഴ്ചയെ സംബന്ധിച്ചുള്ള ക്ഷണം ലഭിച്ചപ്പോൾ ഞങ്ങൾ വളരെ ആകാംക്ഷാഭരിതരും അക്ഷമരുമായി. ഞങ്ങളുടെ വികാരം പ്രകടിപ്പിക്കാൻ ഞങ്ങൾ അശക്തരാണ്. മടങ്ങുമ്പോൾ ക്ഷീണം അശേഷം ഞങ്ങളെ ബാധിച്ചിരുന്നില്ല. ഞങ്ങൾക്ക് മനഃസമാധാനം പ്രാപ്തമായിരുന്നു. ഭാവിയിൽ വിശ്വാസത്തിൽ പുരോഗതി ലഭിക്കുമെന്ന ധൈര്യവും ലഭിച്ചു. ഈ കൂടിക്കാഴ്ചയുടെ സംഭവം എന്നത്തേക്കുമായി ഞങ്ങളുടെ മനസ്സുകളിൽ സുരക്ഷിതമായിരിക്കും. സ്വന്തം ജമാഅത്തീ സഹോദരങ്ങൾക്ക് ഈ അനുഗ്രഹങ്ങൾ വിതരണം ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിത്യേനയുള്ള വിഷയങ്ങളെ കുറിച്ച് ചോദിക്കുക എന്നത് ഞങ്ങൾക്ക് വളരെ വിഷമകരമായിരുന്നു. ഞങ്ങൾ സ്വന്തം ജീവിതത്തിലേക്ക് മടങ്ങുന്നതിനനുസരിച്ച് ഹുദൂർ അൻവറിന്റെ ഉപദേശങ്ങൾ ഞങ്ങൾക്ക് വ്യക്തമായി വരുന്നു.

❁ഫത്ഹി ഖാദിരി(FATHI KADARI) സാഹിബ്: ഹുദൂറുമൊത്തുള്ള എന്റെ ആദ്യ കൂടിക്കാഴ്ചയാണിത്. ഇതിനു മുമ്പേ കേവലം ഹുദൂറിനെ കാണാൻ മാത്രമേ സാധിച്ചിരുന്നുള്ളു. ഈ നിമിഷങ്ങൾ ഇന്ദ്രജാലം പോലെയായിരുന്നു. ആത്മീയവും വൈകാരികവുമായ നിമിഷങ്ങൾ. ഈ കൂടിക്കാഴ്ചാവേളയിൽ സ്വന്തം സൗഭാഗ്യത്തെ കുറിച്ചുള്ള വിചാരമുണ്ടായി. എനിക്ക് ഹുദൂറിനോട് കൂടുതൽ ചോദിക്കാൻ കഴിഞ്ഞില്ലല്ലോ എന്നതിൽ വ്യസനമുണ്ട്. മനുഷ്യൻ നന്ദിയില്ലാത്തവനാണ്. ഹുദൂറിന്റെ കൈയിൽ ബയ്അത്ത് ചെയ്യലാകട്ടെ, വിവരണാതീതമാണ്. യൂ.കെ ജൽസ സാലാനക്ക് ശേഷം എന്റെ ജീവിത്തിലെ ഏറ്റവും വലിയ നിമിഷങ്ങളായി ഇത് നിലനില്ക്കും.

ഡ്രെയിം ഡിനേബ(DRAME DIENEBA) സാഹിബ പറയുന്നു: അങ്ങേയറ്റം അനുഗൃഹീതവും ആത്മീയപൂരിതവുമായിരുന്നു ഈ യാത്ര. ഏറ്റവും നല്ല രീതിയിൽ ഞങ്ങൾക്ക് സ്വീകരണം ലഭിച്ചു. ഈ അവസരത്തിൽ പങ്കെടുക്കാൻ സാധിച്ചതിൽ മനഃസമാധാനം ലഭിച്ചു. വളരെ ഹൃദ്യമായി ഞങ്ങൾക്ക് ആതിഥ്യവും നല്കപ്പെട്ടു.

ഹുദൂറുമായുള്ള കൂടുക്കാഴ്ചാ പ്രോഗ്രാം കേട്ടതു മുതൽ കുറച്ച് ദിവസങ്ങളായി ഞാൻ വലിയ വൈകാരികതയിലായിരുന്നു. ഹുദൂർ ഹാളിനുള്ളിൽ പ്രവേശിച്ചതും എന്റെ ഹൃദയമിടിപ്പ് ശക്തിപ്പെടാൻ തുടങ്ങി. ഹുദൂർ ഹാളിൽ പ്രവേശിച്ചപ്പോൾ ആദരവോടെ ഞാൻ എഴുന്നേറ്റതും എന്റെ കാലിന്നടിയിൽ നിന്നു ഭൂമി നീങ്ങിപ്പോയതുപോലെതോന്നി. അല്ലാഹുവിന്റെ സ്നേഹിതൻ നമ്മുടെ മുമ്പിൽ നില്ക്കുന്നു. ഹുദൂർ ആപാദചൂടം പ്രകാശമയമായിരുന്നു. മമ്പേയൊരിക്കലും ഇത്തരത്തിലുള്ള ഒരു പ്രിയപ്പെട്ട വ്യക്തിയെ ഞാൻ കണ്ടിട്ടില്ല. കൂടിക്കാഴ്ചാവേളയിൽ ആദരയുക്തമായ ഒരു ഭയം എന്നെ ചൂഴ്ന്നു. ഈ അനുഭവം ജീവിതത്തെ മാറ്റിമറിക്കുന്നതായിരുന്നു. മൂന്നുവർഷം മുമ്പേ ഞാൻ ബയ്അത്ത് ഫാറം പൂരിപ്പിച്ചെങ്കിലും വ്യവസ്ഥാപിതമായി ബയ്അത്ത് ചെയ്യാനുള്ള അവസരം ആദ്യമായാണ് ലഭിച്ചത്. ഈ നിമിഷങ്ങൾ സുവർണ്ണമായി എന്നും എന്റെ ഹൃദയത്തിൽ ഉണ്ടാകും. അല്ലാഹു ഈ മൂല്യവത്തായ നിമിഷങ്ങൾ പ്രദാനം ചെയ്തതിൽ ഞാൻ വളരെയധികം അല്ലാഹുവിനോട് കൃതാർഥനാണ്.എന്റെ ജമാഅത്തിന്റെ സത്യതയിൽ എനിക്ക് പൂർണ ഉറപ്പുണ്ട്. ഞാനെന്റെ നിസ്സാരമായ പ്രയത്നത്തിലൂടെ ഹൃദയാത്മനാ ഇതിന്റെ പുരോഗതിക്കുവേണ്ടി ശ്രമിക്കുന്നതായിരിക്കും. അല്ലാഹു നമുക്ക് ലോകത്തെ ജയിച്ചടക്കാനും തന്റേടത്തോടെ സന്ദേശമെത്തിക്കുന്ന പ്രവൃത്തി നിർവഹിക്കാനും അവസരം നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ആമീൻ.

## ഒക്ടോബർ 12, 2015 തിങ്കളാഴ്ച

ഹുദൂർ അൻവർ രാവിലെ 6.45-ന് മസ്ജിദ് ബയ്ത്തുന്നൂറിൽ സുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങി. രാവിലെ 7.45-ന് നൺസ്പീറ്റിലെ ഗ്രാമീണ വനത്തിൽ നടക്കാൻ പോയി. 25നും 30നും ഇടയിൽ ഖുദ്ദാമും ഹുദൂറിനെ അനുഗമിച്ചു. വനത്തിനു നടുവിലുള്ള തടാകത്തിൽ എത്തി. അവിടേയും കുറച്ചുസമയം ചെലവഴിക്കുകയും അവിടെ ഉലാത്തുകയും ചെയ്തു.

അബ്ദുല്ലാഹ് സുപ്റാ സാഹിബിനോട് ഹുദൂർ പറഞ്ഞു: നിങ്ങൾ ഓടുക.

ഇതേപോലെ മർക്കസീ എം.ടി.എ ടീമിലുള്ള മിർസാ തൗഖീർ അഹ്മദ് സാഹിബ്, മുസമ്മിൽ ഡോഗർ സാഹിബ്, സുൽത്വാൻ അബ്ബാസി സാഹിബ് എന്നിവരും ഹുദൂറിന്റെ നിർദേശാനുസരണം ഓടി. ഇവരെല്ലാവരും തടാകതീരത്തൂടെ നീണ്ട ദൂരം ഓടി. 8.55-ന് ഹുദൂറും സംഘവും തിരിച്ചെത്തി.

12.00 മണിക്ക് ഹുദൂർ ഓഫീസിലെത്തി ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും ഇതര കത്തുകളും പരിശോധിച്ചു വേണ്ട നിർദേശങ്ങൾ നല്കി. 12.45-ന് നൺസ്പീറ്റിന് സമീപത്തുള്ള പട്ടണമായ സ്വോള്(zwolle) സന്ദർശിക്കാൻ പോയി.

മുമ്പേ ഇവിടെ ചില അഹ്മദികൾ താമസിച്ചിരുന്നു. അതുകൊണ്ട് ഇതും നൺസ്പീറ്റ് ജമാഅത്തിന്റെ ഭാഗമായിരുന്നു. കഴിഞ്ഞ വർഷം മുതൽ സ്വോളിൽ ജമാഅത്ത് അംഗങ്ങളുടെ എണ്ണം വർധിക്കാൻ തുടങ്ങി. ഇവിടെ ധാരാളം അഹ്മദി കുടുംബങ്ങൾ താമസമാകാൻ തുടങ്ങി. അതിനാൽ ഇവിടെ പുതിയ ജമാഅത്തും സ്ഥാപിതമായി. 3.45-ന് സ്വോളിൽ നിന്ന് മടങ്ങിയെത്തുകയും 4.10-ന് ബയ്ത്തുന്നൂർ മർക്കസിലെ വിവിധ കെട്ടിടങ്ങൾ ഹുദൂർ നോക്കിക്കാണുകയും ചെയ്തു. ളുഹ്ർ-അസ്ർ നമസ്കാരം ജംഅ് ജമാഅത്തായി നമസകരിപ്പിച്ചു.

ബ്ലോക്ക് സീ- യിൽ മിഹ്റാബോടുകൂടിയ മസ്ജിദും പണികഴിപ്പിച്ചിരിക്കുന്നു. ഇതേ ബ്ലോക്കിൽ മസ്ജിദിനോട് ചേർന്ന് ഒരു മുറിയും പണിതിട്ടുണ്ട്. ഇവിടെയാണ് സെക്യൂരിറ്റി സ്റ്റാഫ് തങ്ങിയിരുന്നത്. ഹുദൂർ ആ സ്ഥലവും കണ്ടു. ഇവിടെ ബാത്ത്റൂം സംവിധാനം ഒരുക്കാൻ ഹുസൂർ നിർദ്ദേശിച്ചു. തുടർന്ന് ബോളാക്ക് ബീ-യും സന്ദർശിച്ചു. ഇവിടെ ആദ്യത്തെ രണ്ടു നിലകളിൽ ലജ്നകളുടെ പരിപാടികൾക്കായി ഒരു വലിയ ഹാളും ചെറിയ ഹാളുകളും തയ്യാറാക്കിയിട്ടുണ്ട്. ഒരു അടുക്കളയുടെ സംവിധാനവും ഒരുക്കിയിരിക്കുന്നു. ഈ ഹാളുകളുടെ പുനരുദ്ധാരണ പ്രവൃത്തികളെ കുറിച്ചും ഹുദൂർ ചോദിച്ചറിഞ്ഞു. ഇതു രണ്ടിനും മുകളിൽ താമസിക്കുന്നതിനുള്ള ഫ്ളാറ്റുകളും നിർമിച്ചിരിക്കുന്നു. ഇവിടെയാണ് ഹുദൂറിനോടൊപ്പമുള്ള യാത്രാ സംഘങ്ങളും മറ്റ് അതിഥികളും താമസിച്ചത്. ഈ അപ്പാർട്ടുമെന്റുകളും ഹുദൂർ നോക്കിക്കണ്ടു. അതിന്റെ വൃത്തിയും പുനരുദ്ധാരണ പ്രവർത്തനങ്ങളും ഹുദൂർ വിലയിരുത്തുകയും ഉത്തരവാദപ്പെട്ടവരോട് കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു. ഇതു നോക്കി നടത്തുന്നത് പ്രാദേശിക ലജ്നാ ഇമായില്ലായാണ്. ശേഷം ഓഫീസിലേക്ക് മടങ്ങിയ ഹുദൂർ അയ്യദഹുല്ലാഹ് കത്തുകളും മറ്റും പരിശോധിച്ച് ആവശ്യമായ നിർദേശങ്ങൾ നല്കി. 8.30-ന് ബയ്ത്തുന്നൂറിൽ മഗ്രിബ്-ഇശാഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

അഹ്മദിയ്യാ ജമാഅത്ത് ഹോളണ്ടിന്റെ നാഷണൽ സെന്ററാണ് നൺസ്പീറ്റ് മിഷൻ ഹൗസ്. ഹോളണ്ട് ജമാഅത്തിന്റെ കേന്ദ്രീകൃത പരിപാടികൾ, ജൽസ സാലാന, ശാഖാ സംഘടനകളുടെ ഇജ്തിമാകൾ, തർബിയ്യത്തീ ഇജ്തിമാകൾ തുടങ്ങിയവയെല്ലാം ഈ സെന്ററിലാണ് നടക്കുന്നത്. ഈ കോംപ്ലക്സിൽ 3 വളരെ വിശാലമായ കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. താമസത്തിനുള്ള ഒരു ഭാഗം വേറെയുമുണ്ട്. ഒന്നേകാൽ ഏക്കർ സ്ഥലത്താണ് ഈ സെന്റർ ഉള്ളത്.

1985-ൽ ഈ സ്ഥലം വാങ്ങി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമനാണ് ഇങ്ങനെയൊരു വലിയ കേന്ദ്രം വാങ്ങുന്നതിന് കമ്മിറ്റി രൂപീകരിച്ചത്. അതിലൊരംഗം മിസിസ് ബഹ്രി ഹമീദ സാഹിബയായിരുന്നു. ഇത് വാങ്ങുന്നതിന് ആവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ച് കമ്മിറ്റി അംഗങ്ങൾക്ക് എത്തിച്ചു കൊടുക്കേണ്ട ഉത്തരവാദിത്വം അവർക്കായിരുന്നു. കൂടാതെ വാങ്ങുന്ന സമയത്ത് എല്ലാ കാര്യങ്ങളും പൂർത്തിയാക്കുന്നതിൽ അവർക്ക് വളരെ വലിയ പങ്കുണ്ടായിരുന്നു.

(തുടരും)




(പേജ് 1ൽനിന്ന്)

വ്യത്യാസം അവശേഷിക്കുന്നില്ല. ഏതെങ്കിലും മുസ്ലിമിന് ഖബ്റിന്മേൽ സുജൂദ് ചെയ്യാൻ കഴിയുമോ? എന്ന കാര്യത്തിൽ എപ്പോഴും എനിക്ക് അത്ഭുതം തോന്നാറുണ്ട്, കാണാതെ ഞാനിത് വിശ്വസിച്ചിരുന്നില്ല. പക്ഷേ, ഒരിക്കൽ ഞങ്ങൾ കുറേയാളുകൾ ഇന്ത്യയിലെ ഇസ്ലാമിക മദ്രസകൾ കാണാൻ പോയി. ലഖ്നൗവിൽ ഫർഹജി മഹല്ലിലെ മദ്രസ കണ്ട് എന്റെ മനസ്സ് വളരെ സന്തോഷിച്ചു. നല്ല യോഗ്യതയും ജ്ഞാനവമുള്ളതുമായ ഉസ്താദായിരുന്നു. സമർഥരും ബുദ്ധിമതികളുമായ ശിഷ്യന്മാരായി തോന്നിയിരുന്നു. പക്ഷേ, ആ മദ്രസയും മറ്റു മദ്രസയും കണ്ട് ഞങ്ങൾ വൈകുന്നേരം ഞങ്ങളുടെ വീട്ടിലേക്ക് വരികയായിരുന്നു. അപ്പോൾ ഒരു ഖബ്റിന്റെ മുമ്പിൽ ഒരാൾ പൂർണമായും സുജൂദ് ചെയ്യുകയായിരുന്നു. അയാൾ ഫർഹജി മഹല്ലിലെ മദ്രസയിലെ ഒരു ഉസ്താദായിരുന്നു. അതുകണ്ട് എനിക്ക് അത്ഭുതം തോന്നി. അയാൾ മതപാഠങ്ങൾ പഠിച്ചിട്ടും അതിനെ ഒട്ടും വിലമതിച്ചില്ല; ഖബറിന്മേൽ സുജൂദ് ചെയ്യുന്നു. മുസ്ലിമീങ്ങളെ അല്ലാഹു ഈ ആയത്തുകളിൽ ഇതുകൊണ്ടാണ് യഹൂദികളുടെ കാര്യം കേൾപ്പിച്ചത്; ഒരു ദിവസം നിങ്ങളും ഇങ്ങനെ ചെയ്യാൻ തുടങ്ങുമെന്ന്. (തഫ്സീറെ കബീർ, വാള്യം 2, പേജ് 4, 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin